2015 ഡിസംബർ 25
വാല്യം 08
ലക്കം 24
ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL
RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription ₹150/- Pages:12

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഇലക്ഷൻ 2016 'ഔദ്യോഗിക പാനൽ' വിവാദം കൊഴുക്കുന്നു

**മുളക്കുഴ:** ജനുവരി 5ന് നടക്കുന്ന ചർച്ച് ഓഫ് കേരളാ സ്റ്റേറ്റ് ഇലക്ഷനിൽ വിവാദം കൊഴുക്കുന്നു. ചർച്ച് ഓഫ് ഗോഡിലെ വിശ്വാസികളുടെ സമിതിയായ ബിലീവേഴ്സ് ബോർഡിന്റെ സെക്രട്ടറി വിതരണം ചെയ്ത പാനലാണ് പുതിയ വിവാദത്തിനാധാരം. ചർച്ച് ഓഫ് ഗോഡിനെ രക്ഷിക്കുവാനാണ് താനിത് ചെയ്യുന്നത് എന്ന അവകാശവാദവുമായി പ്രചരിപ്പിക്കുന്ന പാനലിന് പിന്നിൽ വൻ സാമ്പത്തിക ഇടപാടുണ്ട് എന്ന ആരോപണം ശക്തമായിരിക്കുന്നു. ശുശ്രൂഷകർക്ക് പണം നൽകി ഒരു കൂട്ടരെ തോൽപ്പിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമാണിത് എന്ന സംശയം ബലപ്പെട്ടിരിക്കുന്നു.

സ്ഥാനാർത്ഥികൾ ആകുന്നതിൽ നിന്ന് ചിലരെ ഒഴിവാക്കുവാനുള്ള ശ്രമങ്ങൾ നേതൃത്വത്തിൽ നിന്ന് ഉണ്ടായിരുന്നു. നേതൃത്വത്തിനെതിരെ നിലപാട് സ്വീകരിച്ചവരെ തോല്പിക്കുക എന്ന ഉദ്ദേശത്തോടൊപ്പം പുതുമുഖങ്ങൾ കൗൺസിലിൽ എത്താതിരിക്കുവാനും അങ്ങനെ അഴിമതിയും സ്വജനപക്ഷവാദവും നടത്തുവാൻ അവസരം ഉണ്ടാക്കുവാനുമുള്ള ശ്രമമാണ് ഇതിനുപിന്നിൽ. കളങ്കിതരെയും ആരോപണവിധേയരെയും ജയിപ്പിച്ചെടുക്കുക എന്ന ഉദ്ദേശ്യവും ഈ പാനൽ വിതരണത്തിനു പിന്നിലുണ്ട്.

കൗൺസിൽ സ്ഥാനം സ്വന്ത വളർച്ചയ്ക്കുമാത്രം ഉപയോഗിക്കുകയും സഭാവളർച്ചയ്ക്കോ ശുശ്രൂഷകന്മാരുടെ വളർച്ചയ്ക്കോ വേണ്ടി ഉപയോഗിക്കാതെ വർഷങ്ങളായി കൗൺസിലിൽ ഇരിക്കുന്ന സ്ഥിരംകുറ്റികളാണ് പരാജയഭീതി പൂണ്ട് നേതൃത്വം പിന്തുണയ്ക്കുന്ന പാനൽ എന്ന പേരിൽ ഈ തന്ത്രം മെനയുന്നത്.

ചർച്ച് ഓഫ് ഗോഡിന്റെ ഔദ്യോഗിക ചുമതല വഹിക്കുന്നയാളും തെരഞ്ഞെടുപ്പ് സൂക്ഷ്മപരിശോധനാസമിതിയിലെ അംഗവുമായ ബിലീവേഴ്സ് ബോർഡ് സെക്രട്ടറി ഈ പ്രവർത്തിയിലൂടെ തന്റെ സ്ഥാനത്തിന്റെ വില നഷ്ടപ്പെടുത്തി എന്ന് പരക്കെ അഭിപ്രായം ഉയർന്നുകഴിഞ്ഞു. അതുകൊണ്ടുതന്നെ ഈ രണ്ടുസ്ഥാനങ്ങളിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും പാനലിൽ ഉൾപ്പെടുത്തുവാൻ പണം നൽകിയ സ്ഥാനാർത്ഥികൾക്കെതിരെ നടപടിയുണ്ടാകണമെന്ന വികാരം പൊതുവെ ഉയർന്നിരിക്കുകയാണ്.

പാസ്റ്റർ പി. എ. വി. സാം ഓവർസിയർ ആയിരുന്ന കാലത്ത് നടന്ന കൗൺസിൽ ഇലക്ഷനിൽ തന്റെ ഒപ്പോടുകൂടി പ്രചരിപ്പിക്കപ്പെട്ട പാനലിൽ ഉൾപ്പെട്ടവരെ ജനറൽ ബോഡി മത്സരത്തിൽ നിന്ന് പുറത്താക്കിയിരുന്നു. ഇപ്പോഴത്തെ കൗൺസിൽ അംഗമായ പാസ്റ്റർ ബാബു ചെറിയാന്റെയും സ്ഥാനാർത്ഥിയായ പാസ്റ്റർ ജേക്കബ് തോമസിന്റെയും പേര് ആ പാനലിൽ ഉണ്ടായിരുന്നു (ഈ പാനൽ മനപൂർവ്വമായി എതിരാളികൾ തയ്യാറാക്കി ഇറക്കിയതായിരുന്നു). കഴിഞ്ഞ കൗൺസിൽ ഇലക്ഷനിൽ ഓവർസിയറുടെ ഒപ്പോടുകൂടിയ ഒരു പാനലും പ്രചരിക്കപ്പെട്ടു. എന്നാൽ എല്ലാവരെയും തോല്പിച്ചുകൊണ്ട് ശുശ്രൂഷകർ പ്രതികരിച്ചു. ഇത്തരം പ്രചരണങ്ങൾക്ക്




പിന്നിൽ പ്രവർത്തിച്ചത് ആരാണെന്ന് തിരിച്ചറിയുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഇത്തവണ സഭയുടെ ഔദ്യോഗിക നേതൃത്വത്തിന്റെ ഭാഗമായവർ തന്നെ ഒരു പക്ഷത്തിനുവേണ്ടി ഇറങ്ങിതിരിച്ചിരിക്കുന്നു. അതുകൊണ്ടു തന്നെ തെരഞ്ഞെടുപ്പിൽ അട്ടിമറികൾ സംഭവിക്കും എന്ന ആശങ്ക പരക്കെ ഉയർന്നിട്ടുണ്ട്.

## ബ്രദർ രാജൻ ആര്യപ്പള്ളിൽ ഐ. പി. സി. ജനറൽ ട്രഷറർ സ്ഥാനത്തേക്ക്



**അറ്റ്ലാന്റാ:** ഐ. പി. സി. ജനറൽ കൗൺസിൽ അംഗവും ബിലീവേഴ്സ് ജേണൽ ചെയർമാനുമായ ബ്രദർ രാജൻ ആര്യപ്പള്ളിൽ ഐ. പി. സി. ജനറൽ ട്രഷറർ സ്ഥാനത്തേക്ക് മത്സരിക്കുന്നു. മികച്ച സംഘാടനകനായ ഇദ്ദേഹം കുമ്പനാട് ആര്യപ്പള്ളിൽ കുടുംബാംഗവും എലീം സഭയുടെ മെമ്പറുമാണ്. ഐ. പി. സി. സൗത്ത് ഈസ്റ്റ് റീജിയൻ ജോയിന്റ് സെക്രട്ടറിയായ ഇദ്ദേഹം പി. സി. എൻ. എ. കെ., ഐ. പി. സി. ഫാമിലി കോൺഫറൻസ് തുടങ്ങി വിവിധ സമ്മേളനങ്ങളുടെ നേതൃത്വനിരയിൽ പ്രവർത്തിച്ചു കഴിവ് തെളിയിച്ചിട്ടുണ്ട്. സഭയിൽ നടക്കുന്ന പാനൽ രാഷ്ട്രീയത്തിനെതിരെയും ഗ്രൂപ്പുകൾക്കെതിരെയുമാണ് തന്റെ സ്ഥാനാർത്ഥിത്വമെന്ന് രാജൻ ആര്യപ്പള്ളിൽ വ്യക്തമാക്കി. 26 വർഷമായി ഐ. ബി. എമ്മിൽ ഉദ്യോഗസ്ഥനായ ഇദ്ദേഹം അറ്റ്ലാന്റാ ഐ. പി. സിയിൽ കുടുംബമായി ആരാധിക്കുന്നു.

## യേശുക്രിസ്തു മനുഷ്യനെ രൂപാന്തരപ്പെടുത്തുന്ന അജയ്യ ശക്തി: ശ്രീ പെരുമ്പടവം ശ്രീധരൻ





**കുമ്പനാട്:** തന്റെ അടുക്കൽ ആവശ്യങ്ങളുമായി വരുന്ന വ്യക്തികളെ രൂപാന്തരപ്പെടുത്തുന്ന അജയ്യ ശക്തിയാണ് യേശുക്രിസ്തുവെന്ന് കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് ശ്രീ പെരുമ്പടവം ശ്രീധരൻ പറഞ്ഞു. ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ നടത്തിയ സ്കൂൾ ഓഫ് ജേണലിസം കോഴ്സിന്റെ ഗ്രാഡുവേഷൻ സർവ്വീസിൽ കുമ്പനാട് ചർച്ച് ഓഫ് ഗോഡ് ബഥേൽ ഹാളിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. യേശുക്രിസ്തുവിനെ മാറ്റി നിർത്തി ഒരു ജീവിതത്തെക്കുറിച്ച് എനിക്ക് ചി

05




റാന്നി ഐ. പി. സി. സെന്റർ ജനറൽ ബോഡിയിൽ കയ്യാങ്കളി. പാസ്റ്ററുടെ മൂക്ക് തകർന്നു

*ഐ. എസ്. ഭീകരന്മാർ നുഴഞ്ഞുകയറിയോ എന്നൊരു സംശയം ബലപ്പെട്ടിരിക്കുന്നു.*

## അഡ്വ. ഷാം കുരുവിള ഡി.സി.സി. ജനറൽ സെക്രട്ടറി



ഐ.പി.സി ജനറൽ കൗൺസിൽ അംഗവും എലീം സഭാ മെമ്പറുമായ അഡ്വ.ഷാം കുരുവിള പത്തനംതിട്ട ഡിസിസി ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു.

കുമ്പനാട് നെല്ലിമല ചെള്ളേത്ത് ജോയി വില്ലയിൽ പരേതരായ വി.റ്റി. കുരുവിളയുടെയും ജോയിമ്മ കുരുവിള ആര്യപ്പള്ളിയുടെയും മകനാണ് അഡ്വ. ഷാം കുരുവിള. തിരുവല്ല മർത്തോമ്മ കോളേജ് കെ.എസ്.യു യൂണിറ്റ് പ്രസിഡന്റ്, യൂണിയൻ ജനറൽ സെക്രട്ടറി, കെ.എസ്.യു. യൂത്ത് കോൺഗ്രസ് ജില്ലാ കമ്മിറ്റി അംഗം, 14 വർഷം കോയിപ്രം ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചതു കൂടാതെ 2002-2007 വരെ പത്തനംതിട്ട അഡീഷണൽ ജില്ലാ കോടതിയിൽ ഗവൺമെന്റ് പ്ലീഡർ & പബ്ലിക്ക് പ്രോസിക്യൂട്ടർ ആയിരുന്നു. ഡോൺ കുരുവിള (ചിക്കാഗോ) നൂൺ കുരുവിള (അബുദാബി) എന്നിവർ സഹോദരങ്ങളാണ്.

## 67-ാമത് കരിയംപ്ലാവ് കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു



റവ. ഒ. എം. രാജുക്കുട്ടി

**കരിയംപ്ലാവ്:** WME ദൈവസഭകളുടെ 67-ാമത് ദേശീയ ജനറൽ കൺവൻഷന്റെ ഒരുക്കങ്ങൾ ആരംഭിച്ചു. 2016 ജനുവരി 11 മുതൽ 17 വരെ കരിയംപ്ലാവ് ഹെബ്രോൻ സ്റ്റേഡിയത്തിൽ നടക്കും. പാസ്റ്റർ കെ. എം. പൗലോസ് ജനറൽ കൺവീനറായി 101 പേരടങ്ങുന്ന കമ്മറ്റി പ്രവർത്തനമാരംഭിച്ചു. വിവിധ സബ് കമ്മറ്റി കൺവീനർമാരായി പാസ്റ്റർമാരായ ജി. ഗബ്രിയേൽ തിരുവനന്തപുരം, സി. ജെ. മത്തായി, സി. എം. സാബു (പ്രെയർ), സി. പി. ഐസക് (ഹോസ്റ്റ്), ജെയിംസ് വി. ഫിലിപ്പ് (പ്രോഗ്രാം), വി. ജെ. സാംകുട്ടി (റിസപ്ഷൻ), കെ. എം. പൗലോസ് (ഫിനാൻസ്), എൻ. ജെ. ജോസഫ് (ട്രാ

04

2016
എല്ലാ മാന്യവായനക്കാർക്കും നന്മയുടെയും സമാധാനത്തിന്റെയും പുതുവത്സരാശംസകൾ

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

അറിയിപ്പ്
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ

എഡിറ്റോറിയൽ



# ഈ സുവിശേഷത്തിന് എന്ത് പ്രസക്തി



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

കഴിഞ്ഞ ദിവസം റാന്നി ഐ. പി. സി. സെന്റർ ജനറൽ ബോഡിയിൽ നടന്ന കയ്യേറ്റത്തിൽ ശുശ്രൂഷകർക്കും വിശ്വാസികൾക്കും പരിക്കേറ്റ സംഭവം അങ്ങേയറ്റം ലജ്ജാകരമാണ്. മറ്റ് ക്രൈസ്തവ സമൂഹത്തിന്റെ മുമ്പിൽ മാത്രമല്ല, വിവിധ ജാതിമതസ്ഥരുടെ ഇടയിലും അവഹേളിക്കപ്പെടുവാൻ മാത്രമേ ഈ സംഭവം ഉപകരിച്ചുള്ളൂ. അധികാരത്തിനുവേണ്ടി ഉള്ള വടംവലിയാണ് ഇന്ന് പെന്തെക്കോസ്തിന്റെ ശാപം. കസേരയ്ക്കുവേണ്ടി നടത്തുന്ന അണിയറനീക്കങ്ങളാണ് എവിടെയും നടക്കുന്നത്. ആശയ സംഘട്ടനം ഉണ്ടാകാം. അത് ജനാധിപത്യത്തിന്റെ ഭാഗമാണ്. നമ്മുടെ എതിർപ്പുകൾ പ്രകടിപ്പിക്കേണ്ടവിധം ഇതാണോ? ഒരേ പാത്രത്തിൽ നിന്ന് കർത്താവിന്റെ മേശ അനുഭവിക്കുന്നവർക്ക് പരസ്പരം ശാരീര പോരാട്ടം നടത്തുവാൻ എങ്ങനെ കഴിയും. റാന്നിയിൽ നടന്നത് തികച്ചും അപലപനീയമാണ്. രണ്ടുവിഭാഗവും പറയുന്ന ന്യായ അന്യായങ്ങൾ ദൈവസന്നിധിയിൽ വിലപോകുന്നതല്ല. പാകിസ്ഥാനിലും മറ്റും ഗോത്രവിഭാഗങ്ങൾ തമ്മിലുള്ള പരസ്പര യുദ്ധത്തെക്കുറിച്ച് കേട്ടിട്ടുണ്ട്. ബദ്ധവൈരികളായ അവർ പരസ്പരം കൊന്നൊടുക്കത്തക്കനിലയിൽ പക വെച്ചുപുലർത്തുന്നവരാണ്. റാന്നിയിൽ ഐ. പി. സി. ഈസ്റ്റ് വെസ്റ്റ് സെന്ററുകൾ ഒരുമിച്ച് നടത്തിവന്നിരുന്ന കൺവൻഷൻ എത്രയോ മാതൃകയും അനുഗ്രഹവുമായിരുന്നു. എന്നാൽ അധികാരത്തിനുവേണ്ടിയുള്ള തമ്മിൽതല്ലും കുതികാൽവെട്ടുമെല്ലാം കൂടിച്ചേർന്നപ്പോൾ നാട്ടുകാരുടെ മുമ്പിൽ അപഹാസ്യരാകത്തക്കനിലയിൽ ഇന്ന് മത്സരിച്ചാണ് സെന്റർ കൺവൻഷനുകൾ ഒരു ഗ്രൗണ്ടിൽ തന്നെ രണ്ടായി നടത്തുന്നത്. ഇന്ത്യയും പാകിസ്ഥാനും പോലെ പരസ്പരം പോരടിക്കുന്നവരുടെ കലഹം ഇപ്പോൾ കയ്യേറ്റത്തിലെത്തിയിരിക്കുന്നു. ഇതിനു പിന്നിൽ പ്രവർത്തിച്ചവരും ഇതിലുൾപ്പെട്ടവരും ന്യായമായി ശിക്ഷിക്കപ്പെടണം. സഭാചട്ടമനുസരിച്ച് മുഖം നോക്കാതെ മറ്റുള്ളവരുടെ ഭയത്തിനായി ഇവരെ ശാസിക്കുവാനും നടപടിയെടുക്കുവാനും നേതൃത്വത്തിനു കഴിയണം. എന്നാൽ ഇലക്ഷനിൽ കസേര ഉറപ്പിക്കുവാൻ ശ്രമിക്കുന്ന നേതൃത്വത്തിന് അതിനുള്ള ആർജ്ജവം ഉണ്ടാകുമോ എന്ന് കണ്ടറിയണം.

ഒരിക്കലും പെന്തെക്കോസ്തിനുള്ളിൽ കേട്ടുകേൾവിയില്ലാതിരുന്ന കാര്യങ്ങളാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. എല്ലാവരാലും വെറുക്കപ്പെട്ടിരുന്നവരും പരിഹസിക്കപ്പെട്ടിരുന്നവരുമായ ഈ സമൂഹത്തിന്റെ സ്ഥിതി മാറിയിരിക്കുന്നു. പണവും പ്രതാപവും വർദ്ധിച്ചു. രാഷ്ട്രീയ സാമുദായിക ബന്ധങ്ങൾ ആവോളം ഉണ്ടായിരിക്കുന്നു. വിളിച്ചാൽ വിളിപ്പുറത്ത് എത്തുന്ന രാഷ്ട്രീയ ബന്ധം ഇന്ന് അലങ്കാരം പോലെ കൊണ്ടുനടക്കുന്നു. പ്രാർത്ഥിച്ചും ഉപദേശിച്ചും പൂർവ്വികന്മാർ പ്രശ്നങ്ങൾ പരിഹരിച്ചിരുന്ന സ്ഥാനത്ത് ഗുണ്ടകൾ പ്രശ്നപരിഹാരത്തിന് ഉപയോഗിക്കപ്പെടുന്നു. പുറമെ നിന്നുള്ളവർ മാത്രമല്ല ഇന്ന് പല ശുശ്രൂഷകരും വിശ്വാസികളും ഗുണ്ടകളെക്കാൾ ഭീകരന്മാരായി മാറിയിരിക്കുന്നു. ഭീഷണിപ്പെടുത്തുവാനും ഉപദ്രവിക്കാനുമൊന്നും മടിയില്ലാത്തവരായി നമ്മിൽ ചിലരെങ്കിലും മാറിയിട്ടുണ്ട്. ഈ വലിയ സമൂഹത്തിന്റെ പുഴുകുത്തുകളായി മാറിയിരിക്കുന്നത് ചെറിയൊരു ഗണം മാത്രമാണ്. എന്നാൽ ചത്ത ഈച്ച തൈലക്കാരന്റെ തൈലം നാറുമാറാക്കുന്നു എന്നപോലെ ഇക്കൂട്ടരുടെ പ്രവർത്തി ഈ സമൂഹത്തെ മുഴുവനും പരിഹാസപാത്രമാക്കുന്നു. ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെ തലതൊട്ടപ്പന്മാരായി വിരാജിക്കുന്നത് നമ്മുടെ നേതാക്കന്മാർ തന്നെയാണ്. തെറ്റ് ചെയ്തവനെ സംരക്ഷിക്കുവാനുള്ള വ്യഗ്രതയാണ് നേതൃത്വം പലപ്പോഴും കാട്ടുന്നത്. ആർക്കും എന്തുമാകാം ആരും ചോദിക്കുകയില്ല എന്ന ധാർഷ്ട്യം ഇത്തരക്കാർക്ക് വളമായി മാറുന്നു.

ഇത് ഒരു പ്രസ്ഥാനത്തിന്റെ മാത്രം അവസ്ഥയല്ല. ഈ സമൂഹത്തിന്റെ മുഴുവനും അപചയമാണ് കാട്ടുന്നത്. എതിർക്കുന്നവരെ ഗുണ്ടകളെ ഉപയോഗിച്ച് ഭീഷണിപ്പെടുത്തുക, ഉപദ്രവിക്കുക ഇതെല്ലാം സർവ്വസാധാരണമായി മാറിയിരിക്കുന്നു.

ഇവർ പറയുന്ന സുവിശേഷത്തിന് എന്തു പ്രസക്തിയാണ് ഉണ്ടാകുന്നത്. ശത്രുവിനെ സ്നേഹിക്കുവാൻ പഠിപ്പിച്ച ക്രിസ്തുവിനെ പ്രസംഗിക്കുന്ന ഇവർ, സ്വർഗ്ഗീയ മഹിമകളെ വെടിഞ്ഞ് വഴിയരികിൽ എവിടെയോ ജനിച്ച് വീണ് ക്രിസ്തുവിനെ പ്രസംഗിക്കുന്ന ഇവർ പരസ്പരം പോരടിച്ചും കസേരയ്ക്കായി മല്ലയുദ്ധം നടത്തിയും എന്തുനേട്ടമാണ് ഉണ്ടാക്കുന്നത്. ഒരു ന്യായവിധിയെക്കുറിച്ച് വല്ലപ്പോഴുമെങ്കിലും ചിന്തിക്കുന്നത് നന്ന്. ഇവിടെ ലഭിക്കുന്ന കസേരയല്ല പ്രധാനം, ക്രിസ്തു നൽകുന്ന പ്രതിഫലമാണ് പ്രധാനം. ക്രിസ്തു നിമിത്തം പൗലോസ് എല്ലാം നഷ്ടപ്പെടുത്തിയപ്പോൾ ആധുനിക പൗലോസുമാർ ക്രിസ്തു നിമിത്തം എല്ലാം നേടിയെടുക്കുകയാണ്. അവൻ വരുന്നുണ്ട് ന്യായം വിധിക്കുവാൻ. അത് മറക്കരുത്.

യുവജന പംക്തി

# പ്രണയകുരുക്കിൽ ജീവിതം ഹോമിക്കപ്പെടുന്നവർ



ബിനു ജോസഫ്
വടശ്ശേരിക്കര

പഠനക്കാലം 'പ്രണയക്കാല' മാക്കി മാറ്റുന്നവരാണ് ഇന്നത്തെ യുവതീ-യുവാക്കളിൽ അധികവും. പഠനത്തിനുള്ള പ്രാധാന്യത്തെക്കാൾ പ്രേമം, വിവാഹം തുടങ്ങിയവയുടെ അതിപ്രസരം പലരുടെയും ഭാവി തകർത്തു. ഒന്നിലധികം പ്രണയബന്ധങ്ങളും പല കമ്പനികളുടെ സിം കാർഡുകളും മൊബൈൽ ഫോണുകളും ഇന്നത്തെ യുവലോകത്തിന്റെ പ്രത്യേകതകളാണ്. രാവിലെ സ്കൂൾ/കോളജുകളിൽ പോയി മടങ്ങി വന്നു റൂമിലോ, ഒഴിഞ്ഞ മൂലയിലോ മാത്രം ഇരിക്കുന്നവർ പലരും പഠനത്തെക്കാൾ ഉപരി മൊബൈൽ- ഇന്റർനെറ്റ് തുടങ്ങിയവ ഉപയോഗിക്കുന്നവരാണ്. പരിണിതഫലമോ 'പഠനം വഴിയിലാകും, വിവാഹം തകൃതിയായി നടക്കും, ഒപ്പം ജീവിതവും പെരുവഴിയിൽ.

**വില്ലനാകുന്ന മൊബൈൽ**

ചിലദിവസങ്ങൾക്ക് മുമ്പ് എഞ്ചിനിയറിംഗ് പഠിക്കുന്ന മകളെയും കൂട്ടി നാട്ടിലെത്തിയ മാതാവിന്റെ ഉള്ളിൽ നെരിപ്പോടെരിയുകയായിരുന്നു. "എന്റെ മകൾക്ക് എന്താ സാറെ പറ്റിയേ, മിടുക്കിയായി പഠിക്കുന്ന, എപ്പോഴും സന്തുഷ്ടയായിരുന്നവൾ, എന്നോടു മാത്രം കൂടുതൽ സംസാരിക്കുന്ന ഇവൾ ഇപ്പോൾ ഒന്നും സംസാരിക്കാറില്ല, പഠനത്തിൽ വേണ്ട താല്പര്യം കാണിക്കുന്നില്ല. ഒരു പ്രസന്നതയും ഇല്ലാത്ത ഇവളെ കാണുമ്പോൾ എനിക്ക് വലിയ വിഷമമാണ്".

മാതാവിനോടും മകളോടും അല്പനേരം സംസാരിച്ച ശേഷം മകൾക്കായി ഒരു അഞ്ചുമിനിറ്റ് മാറ്റി വെച്ചു; 'അപ്പോഴാണ് അവൾ പറഞ്ഞത്, മമ്മിക്കറിയില്ലേ എന്റെ പക്കൽ ഒരു മൊബൈൽ ഉണ്ടെന്ന്' വാങ്ങി നൽകിയതോ, തന്റെ സ്വന്തം കാമുകൻ. രാത്രിയിലും മറ്റ് സമയങ്ങളിലും ഫോണിലും വാട്ട്സ് ആപ്പിലുമായി സ്വന്തം കാമുകനോടൊത്താണ് ഇവളുടെ ജീവിതം. വൈകുന്നേരം എട്ടുമണിക്ക് മുറി അടച്ചാൽ തുറക്കുന്നത് രാവിലെ ഏഴിന്, വീണ്ടും കോളജിലേക്ക് വൈകിട്ട് ആറിനു വീട്ടിലെത്തും വീണ്ടും ഏകാന്തതയുടെ സ്വന്തം മുറിയിലേക്ക്.

**കുടുംബജീവിതം സോഷ്യൽ മീഡിയായിൽ**

വീഡിയോ കോളുകളും, വാട്ട്സ് ആപ്പ് ചാറ്റുകളും ഇന്നു പലരെയും ഒരു ഓൺലൈൻ കുടുംബജീവിതത്തിലെത്തിച്ചിരിക്കുന്നു. ഏറ്റവും ഞെട്ടിക്കുന്ന വാർത്ത: ഇന്നത്തെ പല യുവതീ-യുവാക്കളും സോഷ്യൽ മീഡിയകൾ വീഡിയോകൾ മുഖേനെ കുടുംബജീവിതം നയിക്കുന്നവരാണ് എന്നതു തന്നെ.

മുതിർന്നവർക്കോ അല്പം വിദ്യാഭ്യാസം കുറഞ്ഞവർക്കോ മനസിലാകാത്ത പലതും ഇന്നത്തെ മാദ്ധ്യമങ്ങളിൽ കൂടി സുസാദ്ധ്യമാണ്. വിവാഹങ്ങൾ പോലും 'ഓൺലൈൻ' ആകുന്ന ഒരു കാലം. ഒരിക്കലും നേരിൽ കാണാതെ സോഷ്യൽ മീഡിയകളിൽ കൂടി കണ്ട് പരിചയപ്പെട്ട് വിവാഹ ജീവിതത്തിലേക്ക് നയിക്കപ്പെടുന്നവരും കൂടുതലാണ്. ഇത്തരക്കാർക്ക് വിവാഹശേഷം ഉണ്ടാകുന്ന പ്രശ്നങ്ങൾ വളരെയാണ്. നേരിൽ പോലും കാണാതെ ചാറ്റുകളിൽ കൂടിയോ വീഡിയോ കോളിൽ കൂടെയോ വിവാഹത്തിനു വാക്കു നൽകുന്ന യുവതീ-യുവാക്കൾ എടുത്തുചാടുന്നത് വിവാഹമോചനത്തിന്റെ വാതിലാണ്.



**കണ്ടു.. .ഇഷ്ടപ്പെട്ടു... കെട്ടിയേക്കാം**

ഫെയ്സ്ബുക്കിൽ പരിചയപ്പെട്ടതാണ് ഫോട്ടോ കണ്ടിട്ട് സുന്ദരി.... വീഡിയോ ചാറ്റിൽ കണ്ടിട്ടു തരക്കേടില്ല... എങ്കിൽ പിന്നെ കെട്ടിയേക്കാം... വിവാഹത്തിനു തീയതി നിശ്ചയിച്ചു. വിദേശ രാജ്യത്ത് നിന്ന് പയ്യനും മറ്റൊരു രാജ്യത്തു നിന്ന് പെണ്ണും എത്തി. ഇനിയും ചടങ്ങിന് ഒരു കൂടികാഴ്ച മാത്രം... പിന്നെ വിവാഹം.... പക്ഷെ വീട്ടുകാരും ഒത്തുള്ള കൂടീകാഴ്ചയിൽ പെണ്ണും ചെറുക്കനും ഞെട്ടിപ്പോയി, ഫോട്ടോയിൽ കണ്ടതുപോലെ അല്ല, നേരിൽ കണ്ടപ്പോൾ സുന്ദരിക്ക് അല്പം വണ്ണം കൂടുതൽ, സുന്ദരനും നീളം പ്രതീക്ഷിച്ചതിലും കുറവ്. നിറവും പോരാ! എന്തായാലും എല്ലാം ബുക്ക് ചെയ്തില്ലേ ഇനി നടത്താതെ എന്തു ചെയ്യാനാ.....! അങ്ങനെ മനസിന് സമ്മതം ഇല്ലാതെ തന്നെ മനസമ്മതം നൽകി.

ഇതുപോലെയുള്ള തുടക്കങ്ങൾ പ്രശ്നങ്ങളിലേക്കാണ് എത്തിക്കുന്നത്.

നേരിൽ കാണാതെ വിവാഹത്തിന് ഒരുങ്ങുമ്പോൾ ശ്രദ്ധിക്കുക. "ഫോട്ടോയിലോ.... വീഡിയോയിലോ കാണുന്നതല്ല യഥാർത്ഥ മുഖവും രൂപവും".... വാഹനങ്ങളിലെ റിയർവ്യൂ കണ്ണാടിയിലൂടെ എഴുത്തു മരക്കരുത്" സോഷ്യൽ മീഡിയകളും ഇന്റർനെറ്റും നൽകുന്നതല്ല ഒരാളുടെ യഥാർത്ഥ രൂപം, അതിനാൽ കൂടുതൽ ശ്രദ്ധിക്കുക

(തുടരും)

**ഒന്നിലേറെ പ്രണയനികൾ - കാമുകർ**

## എനിക്കും പറയാനുണ്ട്...

# കൗൺസിലിൽ വേണ്ടത് ശബ്ദം ഇല്ലാത്തവരെയോ?



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

ജനുവരി 5-ാ തീയതി ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഇലക്ഷൻ നടക്കുകയാണല്ലോ. ഞാനുംകൂടി ഉൾപ്പെടുന്ന സമൂഹത്തിലെ തെരഞ്ഞെടുപ്പ് ആകയാൽ ഇപ്പോൾ നടക്കുന്ന പല തെറ്റായ പ്രവണതകളിലും വിവാദങ്ങളിലും അല്പം ആശങ്കയുണ്ട്. ചിലരെ മത്സരിപ്പിക്കാതിരിക്കുവാൻ ആരംഭത്തിങ്കൽ തന്നെ ചില കേന്ദ്രങ്ങൾ നടത്തിയ ശ്രമങ്ങൾ വരുവാൻ പോകുന്ന ഇലക്ഷൻ നടത്തിപ്പിനെ കുറിച്ച് സംശയം ഉളവാക്കിയിരുന്നു. നേതൃത്വത്തിന്റെ പിൻതുണയോടു കൂടി എന്ന പേരിൽ പാഴ്സനേജ് തോറും പ്രചരിക്കപ്പെടുന്ന ഒരു പാനൽ ദൈവസഭയുടെ ചരിത്രത്തിലെ ഒരു കറുത്ത ഏടായിമാറും എന്നതിന് സംശയം ഇല്ല. കടുത്ത വിഭാഗീയതയും ശത്രുതയും വളർത്തുവാനും പരസ്പര വിശ്വാസവും ഇല്ലാതാക്കുവാൻ മാത്രമേ ഈ പാനൽ വിതരണം കൊണ്ട് പ്രയോജനമുള്ളു. ബിലീവേഴ്സ് ബോർഡിന്റെ സെക്രട്ടറി നടത്തിയ ഈ നീക്കം കടുത്ത ആശങ്ക ഉളവാക്കുന്നതാണ്. ശുശ്രൂഷകരുടെ ഇടയിൽ നിന്നും ശുശ്രൂഷകരുടെ സമിതിയെ തെരഞ്ഞെടുക്കുന്നതിൽ വിശ്വാസികൾ ഇടപ്പെടുന്ന പതിവ് ചർച്ച് ഓഫ് ഗോഡിൽ ഇതുവരെ കണ്ടിട്ടില്ല. എന്നാൽ പതിവിനു വിപരീതമായി നടത്തപ്പെടുന്ന ഇത്തരം നീക്കങ്ങൾ ദൈവസഭയുടെ അന്തസിനു യോജിച്ചതല്ല എന്നാണ് എന്റെ നിരീക്ഷണം. ഇതിന്റെ പിന്നിൽ നടത്തപ്പെട്ടു എന്നു പറയുന്ന എല്ലാ ഇടപാടുകളും അപലപനീയമാണ്. ദൈവസഭയുടെ കൗൺസിലിൽ ആരാണ് അംഗങ്ങളാകേണ്ടത്? സീസറിന്റെ ഭാര്യ സംശയത്തിനധീതയായിരിക്കണം എന്ന ചൊല്ലുപോലെ നല്ല സാക്ഷ്യമുള്ളവരും വിശ്വസ്തരും ദ്രവ്യാഗ്രഹം ഇല്ലാത്തവരും ദൈവസഭയുടെ ഉന്നമനത്തിനായി ദർശനം ഉള്ളവരും ഒക്കെയാണ് ജയിക്കേണ്ടത്. ചിലർ ഈ സ്ഥാനം ജന്മാവകാശം പോലെ കൊണ്ടുനടക്കുകയാണ്. കൗൺസിലിൽ ഇവർ എന്തിനാണ് വരുന്നത് എന്ന് തോന്നിപ്പോകാറുണ്ട്. വായില്ലാക്കുന്നിലപ്പനെ പോലെ മൗനം ഭജിച്ചിരിക്കുന്ന ഇവർ കൗൺസിലിൽ ആകെ വായ് തുറക്കുന്നത് ചായ കുടിക്കാനും പഫ്സ് തിന്നുവാനും മാത്രമാണ്. പിന്നെ ഇവർ വായ തുറക്കുന്നത് ഇവർക്ക് നല്ല സഭ മേടിക്കാനും ഏതെങ്കിലും സ്ഥാനമാനങ്ങൾ നേടുവാനും ഒക്കെമാത്രമാണ്. ഇത് എന്റെ നിരീക്ഷണം മാത്രമല്ല, ചർച്ച് ഓഫ് ഗോഡിലെ ശുശ്രൂഷകരുടെ പരക്കെയുള്ള അഭിപ്രായം കൂടിയാണ്. നല്ലവരായ കൗൺസിൽ അംഗങ്ങൾ ഈ അഭിപ്രായം കേട്ട് ക്ഷോഭിക്കരുത് എന്ന് അപേക്ഷിക്കുന്നു.

പുതുമുഖങ്ങൾ കൗൺസിൽ അംഗങ്ങളാകുന്നതിന് എതിർക്കുകയാണ് ചില പഴയമുഖങ്ങൾ. അതിനു അവർ പറയുന്ന ന്യായം കേട്ടാൽ ഏത് ശിലാഹൃദയനും ചിരിച്ചുപോകും. ചെറുപ്പക്കാർ ജയിച്ചാൽ കൗൺസിൽ വെറും കുട്ടിക്കളിയാകും എന്ന ആശങ്കയാണത്രെ ഇവർക്ക്. ഇവർ പറയുന്ന കുട്ടികളുടെ പ്രായം 35-ഉം 45ഉം ഒക്കെയാണ് എന്നത് രസകരം. ഇന്ന് പുതുമുഖങ്ങളെ എതിർക്കുന്നവർ ആദ്യമായി കൗൺസിലിൽ വന്നത് ഇതിലും എത്രയോ കുറഞ്ഞ പ്രായത്തിലാണെന്നത് ഇവർ ബോധപൂർവ്വം വിസ്മരിക്കുകയാണ്.

ബിലീവേഴ്സ് ബോർഡ് സെക്രട്ടറിയുടെ നീക്കം ബിലീവേഴ്സ് ബോർഡിന്റെ അറിവോടെയല്ല എന്നു വ്യക്തമാക്കപ്പെട്ടു കഴിഞ്ഞു. വിശ്വാസികളെയും ശുശ്രൂഷകരെയും ഒരേ ചരടിൽ കോർത്തിണക്കി കൊണ്ടു പോകേണ്ടതിനുപകരം വിഭാഗീയത സൃഷ്ടിക്കുന്ന ഇത്തരം പ്രവണത വെച്ചു പുലർത്താൻ പാടില്ല. പ്രഗത്ഭരായ അൽമായ നേതാക്കന്മാർ ഇരുന്ന കസേരയുടെ മഹത്വം നഷ്ടപ്പെടുത്തിയ ഇദ്ദേഹം ആ സ്ഥാനം രാജിവെച്ച് പുറത്തു പോകുന്നതാണ് നല്ലത് എന്നൊരഭിപ്രായം എനിക്കുണ്ട്. അദ്ദേഹം എന്റെ സ്നേഹിതനാണ്. എന്നാൽ ആശയപരമായ എതിർപ്പ് പ്രകടിപ്പിക്കാതിരിക്കുവാൻ ആകില്ല. കൗൺസിൽ ഇലക്ഷനിൽ അർഹതയുള്ളവർ ജയിക്കട്ടെ. എന്നാൽ ഒരുവന്റെ ജയത്തെ തടയുവാൻ പുറത്തിറക്കുന്ന കുടിലതന്ത്രങ്ങളും സാമ്പത്തിക ഇടപാടുകളും അംഗികരിക്കുവാൻ ആകില്ല. കാരണം ഇത് സെക്യുലർ രാഷ്ട്രീയം അല്ല.

ആശയ വൈരുദ്ധ്യം ഉണ്ടാകാം. ഏറാൻമൂളികളെ ആണ് നേതൃത്വത്തിനു ആവശ്യമെങ്കിൽ അത്തരക്കാരെ നോമിനേറ്റ് ചെയ്താൽ മാത്രം മതി. വെറുതെ ഒരു ഇലക്ഷന്റെ ആവശ്യം ഒഴിവാക്കാമല്ലോ. എന്നാൽ ജനാധിപത്യ വ്യവസ്ഥപ്രകാരം നടത്തുന്ന ഇലക്ഷനിൽ അതിന്റെ മാന്യത സൂക്ഷിക്കുവാൻ ഭരണ കർത്താക്കൾക്ക് കഴിയണം. ഇലക്ഷൻ നടത്തുന്നവർ ഒരു വിഭാഗത്തിന്റെ വക്താക്കൾ ആകുമ്പോൾ തെരഞ്ഞെടുപ്പിന് എന്ത് പ്രസക്തി. അഴിമതിയും ദുരുപദേശവും സ്വജന പക്ഷവാദവുമൊക്കെ അരങ്ങ് തകർക്കുമ്പോൾ അതിനെതിരെ വിരൽ ചൂണ്ടുവാനും ദൈവസഭയുടെ പുരോഗതിയും ശുശ്രൂഷകരുടെയും വിശ്വാസികളുടെയും ക്ഷേമം ലാക്കാക്കി പ്രവർത്തിക്കുന്നവരും തെരഞ്ഞെടുക്കപ്പെടട്ടെ. സഭ കൗൺസിൽ എന്നത് വായില്ലാത്തവരുടെ സമിതിയാണോ? ഇന്ന് സമ്മതിദായകർ ഉറക്കെ ചിന്തിക്കുന്ന കാലമാണ്. നിങ്ങൾ ആരുടെയും അടിമകളല്ല. വ്യാജവാഗ്ദാനങ്ങളും അവകാശവാദങ്ങളുമായി കൈയിൽ ഒളിപ്പിച്ചു വെച്ച ചില്ലറകളും കൊണ്ട് നിങ്ങളുടെ വ്യക്തിത്വത്തിനു വിലയിടുന്നവരോട് ഇല്ലായെന്ന് ധൈര്യമായി പറയുവാൻ കഴിയണം. നമുക്ക് വേണ്ടത് സ്വാർത്ഥരായ നേതാക്കന്മാരെയല്ല, ദൈവസഭയുടെ വളർച്ചയ്ക്കായി യത്നിക്കുന്ന നിസ്വാർത്ഥരായ നേതാക്കന്മാരെയാണ്.

ചർച്ച് ഓഫ് ഗോഡിന്റെ ഉപദേശക സമിതിയാണല്ലോ സ്റ്റേറ്റ് കൗൺസിൽ. അതിന്റെ മാന്യത നഷ്ടപ്പെടുത്തുവാൻ പാടില്ല.

## വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

**കടപ്പാട്:** റവ.തോമസ് ഫിലിപ്പ് ന്യൂ ഇൻഡ്യാ ചർച്ച് ഓഫ് ഗോഡ്, ചങ്ങനാശ്ശേരി.

സഭാ അദ്ധ്യക്ഷന്മാർ അറിഞ്ഞിരിക്കേണ്ട ചില സംഗതികൾ

1. സഭാ അദ്ധ്യക്ഷൻ ശരിയായ ഉപദേശം പഠിപ്പിക്കണം, ഉപദേശം ദൈവ വചനാധിഷ്ഠിതമായിരിക്കണം
2. പ്രസംഗം എപ്പോഴും പ്രായോഗികമായിരിക്കണം സ്വന്തജീവിതവുമായി ബന്ധമുള്ളതായിരിക്കണം
3. ലക്ഷ്യം എല്ലായ്പ്പോഴും ദൈവനാമമഹത്വമായിരിക്കണം
4. ജീവിതത്തിൽ രഹസ്യസ്വഭാവം ഉണ്ടായിരിക്കരുത്
5. കഷ്ടത വഹിപ്പാൻ മനസ്സുള്ളവരായിരിക്കുക
6. ശുശ്രൂഷകന്റെ പ്രവർത്തി വീഴ്ച കൂടാതെ ചെയ്യണം
7. കൃപാവം ജ്വലിപ്പിക്കണം

സഭാ അദ്ധ്യക്ഷന്മാരുടെ ചുമതല

1. സഭയുടെ ആത്മിക ഉന്നമനത്തിനായി പ്രവർത്തിക്കുക
2. രോഗികളെ സന്ദർശിക്കുക, അവർക്കുവേണ്ടി പ്രാർത്ഥിക്കുക
3. സഭയുടെ സകല കാര്യങ്ങളിലും ശ്രദ്ധിക്കുക
4. വചനശുശ്രൂഷ നടത്തുക
5. സുവിശേഷഘോഷണം ചെയ്യുക
6. പൊതുവായ പ്രാർത്ഥനകളെ നയിക്കുക
7. സഭാ സംബന്ധമായ അച്ചടക്കനടപടിയുടെ കൈക്കൊള്ളുക

സഭാ അദ്ധ്യക്ഷന്മാരും വിശ്വാസികളും

സഭാ അദ്ധ്യക്ഷന്മാർക്കു തങ്ങളുടെ ശുശ്രൂഷകൾ അനുഗ്രഹകരമായി നിറവേറ്റണമെങ്കിൽ വിശ്വാസികളുടെ നിസ്വാർത്ഥമായ സഹകരണം ആവശ്യമാണ്. വിശ്വാസികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്.

1. അറിയുക, 1 തെസ്സ.5:12
2. സ്നേഹബഹുമാനങ്ങൾ നൽകുക, 1 തെസ്സ.5:13
3. ഇരട്ടിമാനം നൽകുക, 1 തിമൊ, 5:17-18
4. വിശ്വസിക്കുക, 1തിമൊ.5:19
5. അനുസരിക്കുക, എബ്രാ. 13:17, 1 പത്രോ. 5:5
6. നിങ്ങളെ നടത്തുന്നവർക്കു വന്ദനം ചെയ്യുവീൻ എബ്രാ. 13:24.
7. അവരെ ഓർക്കുകയും അനുകരിക്കുകയും വേണം എബ്രാ. 13:7

1 തിമൊഥെയൊസ് മൂന്നാം അദ്ധ്യായം പതിനഞ്ചാം വാക്യം ഈ പുസ്തകത്തിന്റെ താക്കോൽ വാക്യമായിട്ടാണ് വേദപഠിതാക്കൾ കാണുന്നത്. പ്രസ്തുത വാക്യത്തിൽ സഭയെക്കുറിച്ചും സഭയുടെ പ്രത്യേകതയെക്കുറിച്ചും പ്രസ്താവിച്ചിട്ടുണ്ട്. സഭ എന്ന മർമ്മം ദൈവത്തിന്റെ തിരുഹൃദയത്തിൽ അനാദികാലം മുതൽ മറഞ്ഞുകിടന്ന ഒരു കാര്യമാണ്. പുതിയ നിയമ കാലഘട്ടത്തിൽ അപ്പോസ്തലന്മാർക്കു വെളിപ്പെടുകയും പെന്തെക്കോസ്തുനാളിൽ രൂപികരിക്കപ്പെടുകയും ചെയ്തു. സഭ എന്ന മർമ്മത്തെക്കുറിച്ച് പഴയനിയമപ്രവാചകന്മാർക്കോ പുരോഹിതന്മാർക്കോ ദൈവം വെളിപ്പെടൂത്തിക്കൊടുത്തിട്ടില്ലായിരുന്നു. എന്നാൽ പെന്തെക്കോസ്തു ദിനത്തിൽ പരിശുദ്ധാത്മാവ് മർക്കൊസിന്റെ മാളികമുറിയിൽ ഒരുമിച്ചു കൂടിയിരുന്ന 120 പേരുടെ മേൽ വ്യാപിക്കുകയും അന്യഭാഷകളിൽ സംസാരിക്കുകയും അവിടെയുള്ളവർ ആശ്ചര്യപ്പെടുകയും ചെയ്തു. സഭയുടെ തുടക്കം അവിടെയാണ് തുടർന്നു യഹൂദനും ജാതിയനും സകലമാനവജാതിയ്ക്കുമായിട്ടുള്ളത് എന്നു തെളിയിക്കപ്പെട്ടു.



അപ്പോസ്തല പ്രവർത്തിയുടെ പുസ്തകത്തിൽ കാണുന്നത് രക്ഷിക്കപ്പെട്ടവരെ ദിനം പ്രതി സഭയോടു ചേർത്തു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സഭയെ വിവിധ പേരുകളിലാണ് അറിയപ്പെടുന്നത്. ദൈവ സഭ, ക്രിസ്തു സഭ, വിശുദ്ധന്മാരുടെ സഭ എന്നിങ്ങനെയുമാണ്, എന്നാൽ മറ്റൊരു പ്രധാന പ്രയോഗം ദൈവാലയം എന്നുമാണ്. വിശുദ്ധ ബൈബിളിൽ ദൈവാലയം എന്നുമാണ്. വിശുദ്ധ ബൈബിളിൽ ദൈവാലയം എന്ന വാക്ക് അനേക പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് 1തിമൊ:3:15 - 16, ദൈവാലയം എന്നു പറയുമ്പോൾ പ്രധാനമായും ഓർമ്മയിൽ വരുന്നത് യെരുശലേമിലുള്ള ദൈവാലയമാണ്, ദേവാലയം എന്ന വാക്ക് വേർപ്പെട്ട വിശ്വാസികൾ ഉപയോഗിക്കാറില്ല, ഉപയോഗിച്ചാൽ അത് തെറ്റാണ് എന്നുള്ളതാണ് ഈ ലേഖകന്റെ അഭിപ്രായം ദൈവാലയം എന്ന പേരാണ് ഉപയോഗിക്കേണ്ടത്.

വിശുദ്ധ ബൈബിളിൽ മൂന്നു ദൈവാലങ്ങളെ കുറിച്ചു പരാമർശിച്ചിട്ടുണ്ട്. ശലോമോന്റെ ദൈവാലയം, ഹെരോദാവിന്റെ ദൈവാലയം, സെരുബ്ബാബേലിന്റെ ദൈവാലയം എന്നിവയാണ് അവ, കൂടാതെ മറ്റു ചില ദൈവാലയങ്ങളെ കുറിച്ചും പ്രസ്താവിച്ചിട്ടുണ്ട്.

1. ശലോമോന്റെ ദൈവാലയം - യെരുശലേമിന്റെ കിഴക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന മോറിയ മലയിൽ അബ്രഹാം തന്റെ മകനായ യിസഹാക്കിനെ യാഗം കഴിക്കുവാൻ കൊണ്ടുപോയ ആ സ്ഥലത്ത് ശലോമോന്റെ പിതാവ് ദാവീദിനു ലഭിച്ചതായ ദൈവീക കല്പനയുടെ വെളിച്ചത്തിൽ ആണ്. ആ മലയിൽ ദൈവാലയം ശലോമോൻ പണിതത്. 11ദിന:3:1 3, 1ദിന: 17:1, ദൈവാലയത്തിനു ആവശ്യമായ അസംസ്കൃത സാധനങ്ങൾ ദാവീദ് ശേഖരിച്ചു, 1ദിന:22:14, പക്ഷേ അത് പണിയുവാനും സ്ഥാനം, ഘടന, ഉപകരണങ്ങൾ ഇവയൊക്കെ പൂർത്തിയാക്കുവാനും ശേഖരിക്കുവാനും ദൈവം കണ്ടത് ദാവീദിന്റെ മകനായ ശലോമോനെയാണ്. 1ദിന:21:22. വേദപണ്ഡിതന്മാർ പറയുന്നത് ബി.സി. 1005-ലോ, 1004-ലോ ദൈവാലയത്തിന്റെ പണി പൂർത്തിക്കരിക്കുകയും ദൈവസന്നിധിയിൽ പുരോഹിതന്മാരുടെയും ലേവ്യരുടെയും സാന്നിധ്യത്തിൽ സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ നിർമ്മാണത്തിനു ആറോ ഏഴോ വർഷം വേണ്ടിവന്നു. സമാഗമന കൂടാരവും ദൈവാലയത്തിലെ ഉപകരണങ്ങൾക്ക് വളരെ സാമ്യമുണ്ടായിരുന്നു. പിൽക്കാലത്ത് യെഹിസ്ക്കിയാവും 2ദിന:29:3-9 അറ്റകുറ്റപണികൾ ചെയ്തു തീർത്തു. എന്നാൽ യിരെമ്യാവ് ഈ ദൈവാലയത്തിന്റെ നാശത്തെക്കുറിച്ച് പ്രവചിച്ചിരുന്നു. യിരെ:7:2-14. വർഷങ്ങൾക്കു ശേഷം ബാബിലോണിലെ പ്രസിദ്ധനായ നെബുക്കനേസർ ഈ ആലയത്തിലെ ഉപകരണങ്ങൾ ബി.സി 606-ലും, പിന്നീട് 597 ബി.സിയിലും ബി.സി 586ലും വരുകയും പൂർണ്ണമായി നശിപ്പിക്കുകയും ചെയ്തു. നെബുക്കനേസ്സർ ഓരോ പ്രാവശ്യവും വന്നപ്പോഴും അതിൽ ഉണ്ടായിരുന്ന വിലയേറിയ പാത്രങ്ങളും വിലകൂടിയ സാധനങ്ങൾ ഒടുത്തുകൊണ്ടുപോയി തന്റെ ദേവന്റെ ക്ഷേത്രത്തിൽ കൊണ്ടുവച്ചു, ഒടുവിൽ താൻ ആ ദൈവാലയം പൂർണ്ണമായി നശിപ്പിക്കുകയും തീവെ

- തുടർച്ച - 04

ചോദ്യോത്തര വേദി

# യേശുവിനെ ക്രൂശിച്ചത് വെള്ളിയാഴ്ചയോ?



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

***ചോദ്യം:*** "...യോനാ, മൂന്നു രാവും മൂന്നു പകലും തിമിംഗലത്തിന്റെ ഉദരത്തിൽ ആയിരുന്നു. അതുപോലെ മനുഷ്യപുത്രനും മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ആയിരിക്കും" (മത്തായി 12:39,40).

സുവിശേഷങ്ങൾ പ്രകാരം, വെള്ളിയാഴ്ചയോടെയാണ് യേശു ക്രൂശിക്കപ്പെട്ടത്. ഞായറാഴ്ച അതിരാവിലെ **ഇരുട്ടായിരിക്കെത്തന്നെ** മഗ്ദലനമറിയവും മറ്റും കല്ലറയ്ക്കടുത്തു ചെന്നപ്പോൾ അവിടെ മൃതശരീരം കണ്ടില്ലെന്നും യേശു പുനരുത്ഥാനം ചെയ്തിരുന്നുവെന്നുമാണ് സുവിശേഷകർത്താക്കൾ പറയുന്നത്. അങ്ങനെയാണെങ്കിൽ യേശു തന്റെ മരണ പുനരുത്ഥാനം പ്രവചിച്ച രീതിയിൽ സംഭവിച്ചില്ലല്ലോ. മൂന്നു രാവും മൂന്നു പകലും വെള്ളിയാഴ്ച രാത്രി മുതൽ ഞായറാഴ്ച **വെളുക്കുന്നതിന് മുൻപ്** വരെ ആകുന്നില്ലല്ലോ? വിശദീകരിക്കുക

**- ജിജി, കാനം**

***ഉത്തരം:*** കർത്താവിനെ ക്രൂശിച്ചത് വെള്ളിയാഴ്ചയാണെന്ന് സുവിശേഷത്തിലെങ്ങും രേഖപ്പെടുത്തിയിട്ടില്ല. ക്രൂശീകരണം നടന്നതിന്റെ പിറ്റെ ദിവസം ശബ്ബത്താണെന്ന് എഴുതിയിരിക്കുന്നതു കണ്ടതിനാൽ, സാധാരണ ശബ്ബത്ത് ശനിയാഴ്ചയായതിനാൽ ക്രൂശീകരണം നടന്നത് വെള്ളിയാഴ്ചയാണെന്ന് എല്ലാവരും ധരിച്ചിരിക്കുന്നു. വെള്ളിയാഴ്ച സൂര്യനസ്തമിക്കുന്നതിനോടുകൂടി തുടങ്ങി ശനിയാഴ്ച സൂര്യനസ്തമിക്കുന്നതോടുകൂടി സാധാരണ ശബ്ബത്ത് അവസാനിക്കുന്നു.

ശനിയാഴ്ചകളിലെ ശബ്ബത്തിനെ കൂടാതെ, വേറെ പല ശബ്ബത്തുകൾകൂടി യെഹൂദന്മാർക്ക് ആചരിക്കേണ്ടിയിരുന്നു എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. സാധാരണ ശനിയാഴ്ച ശബ്ബത്തു കൂടാതെ ചില മാസങ്ങളിൽ 7-ാം നാൾ, 10-ാം നാൾ, 15-ാം നാൾ, 22-ാം നാൾ എന്നിങ്ങനെ ശബ്ബത്തുകൾ പലതുണ്ടായിരുന്നു (ലേവ്യ.23).

യേശുവിനെ ക്രൂശിച്ച ആഴ്ചയിൽ രണ്ടു ശബ്ബത്തുകൾ ഉണ്ടായിരുന്നതായി വചനത്തിൽ നിന്നു മനസ്സിലാക്കാനാവും. "**അതു ശബ്ബത്തിനുള്ള ഒരുക്കത്തിന്റെ ദിവസമായിരുന്നു. ഈ ശബ്ബത്ത് ഒരു വലിയ ദിവസമായിരുന്നു.** ശബ്ബത്തുദിവസം ശവശരീരങ്ങൾ കുരിശിൽ കിടക്കാതിരിക്കാൻ വേണ്ടി അവരുടെ കാലുകൾ തകർക്കാനും അവരെ നീക്കം ചെയ്യാനും യെഹൂദർ പീലാത്തോസിനോട് ആവശ്യപ്പെട്ടു" (യോഹ. 19:31).

ക്രൂശീകരണത്തിന് പിറ്റെ ദിവസം വരുന്ന ശബ്ബത്ത് **ഒരു സുപ്രധാന ശബ്ബത്തിനായിരുന്നുവെന്ന്** യോഹന്നാൻ പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക.

ലേവ്യപുസ്തകം വായിക്കുമ്പോൾ പെസഹയുടെ പിറ്റെനാളായ പുളിപ്പില്ലാത്ത അപ്പത്തിന്റെ ദിവസം ശബ്ബത്തായി ആചരിക്കണമെന്ന് പറഞ്ഞിരിക്കുന്നതായി കാണാം. "നിശ്ചിതകാലത്ത് നിങ്ങൾ പ്രഖ്യാപിക്കേണ്ട കർത്താവിന്റെ തിരുനാളുകൾ, വിശുദ്ധ സമ്മേളനങ്ങൾ ഇവയാണ്. ഒന്നാം മാസം പതിനാലാം ദിവസം വൈകുന്നേരം കർത്താവിന്റെ പെസഹയാണ്. ആ മാസം പതിനഞ്ചാം ദിവസം കർത്താവിനുള്ള പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ. ഏഴു ദിവസം നിങ്ങൾ പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കണം. ഒന്നാം ദിവസം നിങ്ങൾക്കു വിശുദ്ധ സമ്മേളനത്തിനുള്ളതായിരിക്കണം. അന്നു നിങ്ങൾ കഠിനാദ്ധ്വാനം ചെയ്യരുത്" (ലേവ്യ. 23:4-7).

ഇവിടെ ഏഴു ദിവസം പുളിപ്പില്ലാത്ത അപ്പം തിന്നണമെന്നും ഒന്നാം ദിവസം നിങ്ങൾക്കു വിശുദ്ധ സമ്മേളനം ഉണ്ടാകണം എന്നു പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. ഇതിൽ പുളിപ്പില്ലാത്ത അപ്പം തിന്നേണ്ടതായ ദിവസങ്ങളുടെ ആദ്യദിനമായ 15-ാം ദിവസമാണ് ഒന്നാം ദിവസമെന്നും അന്നു സഭായോഗം കൂടണമെന്നും അന്നു ശബ്ബത്തിന്റെ ദിവസത്തിലെ പോലെ കഠിനാദ്ധ്വാനം ചെയ്യരുത് എന്നും പറയുന്നു. ഇത് ശബ്ബത്തിന്റെ നിബന്ധനയാണെന്ന് ലേവ്യർ 23:2,3 വാക്യങ്ങൾ വ്യക്തമാക്കുന്നു.

ഇനിയും ക്രൂശീകരണം നടന്ന ആഴ്ചയിലെ സംഭവങ്ങളെ ഒന്നു പരിശോധിക്കാം, ഒന്നാം മാസം 14-ാം ദിവസമാണ് പെസഹ. ഒന്നു ഒരുക്കനാളാണെന്നു മേൽ പ്രസ്താവിച്ച വാക്യത്തിൽ നിന്നും വ്യക്തമാകുന്നുവല്ലോ. കാരണം, ഏതു ശബ്ബത്തിന്റെയും തലേദിവസം ഒരുക്കനാളാണ്. 15-ാം ദിവസം പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ **അഥവാ വലിയ ശബ്ബത്ത്.** അതിന്റെ പിറ്റെനാൾ വീണ്ടും ഒരുക്കനാളാണ്. കാരണം, അതിന്റെ പിറ്റെദിവസം **സാധാരണ ശബ്ബത്തായ ശനിയാഴ്ചത്തെ ശബ്ബത്താണ്.** അതുകഴിഞ്ഞ് ആഴ്ചവട്ടത്തിന്റെ ഒന്നാം നാളായ ഞായറാഴ്ച.

ഒന്നുകൂടി വിശദമാക്കിയാൽ - യേശുവിനെ ക്രൂശീകരിച്ച ആഴ്ചയിലെ ചൊവ്വാഴ്ച വൈകിട്ടായിരുന്നു യേശു ശിഷ്യന്മാരുമായി ചേർന്നു പെസഹാ ആചരിച്ചത്. അതായത് ഒന്നാം മാസം പതിനാലാം തീയതി. ഒരു ദിവസം വൈകുന്നേരം മുതൽ പിറ്റെ ദിവസം വൈകുന്നേരം വരെയുള്ള സമയമാണ് യഹൂദന്മാരുടെ ഒരു ദിവസം കണക്കാക്കിയിരുന്നത് (ലേവ്യർ 23:32). ചൊവ്വാഴ്ച വൈകിട്ടു പെസഹാ ആചരിച്ച യേശുവിനെ അന്നു പിടികൂടുകയും ചൊവ്വാഴ്ച രാത്രിയിലും ബുധനാഴ്ച വെളുപ്പിനുമായി വിസ്തരിക്കുകയും പിന്നെ ക്രൂശിക്കയും ചെയ്തു. ബുധനാഴ്ച വൈകുന്നേരം മുതൽ വ്യാഴാഴ്ച വൈകുന്നേരം വരെയാണ് 15-ാം തീയതിയിലെ പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ **അഥവാ വലിയ ശബ്ബത്ത്.** ആയതിനാൽ പീലാത്തോസിനോട് അനുമതി വാങ്ങി ബുധനാഴ്ച വൈകുന്നേരത്തിനുള്ളിൽ യേശുവിന്റെ ശരീരം അടക്കം ചെയ്തു. 15-ാം തീയതി വലിയ ശബ്ബത്തായതിനാൽ പെസഹാ നാളായ 14-ാം തീയതി ഒരുക്കുനാൾ കൂടിയായിരുന്നു. വ്യാഴാഴ്ച വൈകുന്നേരം മുതൽ വെള്ളിയാഴ്ച വൈകുന്നേരം വരെയുള്ള 16-ാം തീയതിയും വീണ്ടും ഒരുക്ക നാളായിരുന്നു. കാരണം പിറ്റേന്നു സാധാരണ ശബ്ബത്ത്. അതായത് എല്ലാം വെള്ളിയാഴ്ചയും വൈകുന്നേരം മുതൽ ശനിയാഴ്ച വൈകുന്നേരം വരെ സാധാരണ ശബ്ബത്താചരണം നിർബ്ബന്ധമായി കല്പിക്കപ്പെട്ടിരുന്നതാണ് (പുറപ്പാട് 20:8-11).

സംഭവങ്ങളെ ഒന്നുകൂടി ക്രമീകരിച്ചാൽ-ബുധനാഴ്ച പെസഹാ നാളിൽ അഥവാ ഒരുക്കനാളിൽ ക്രൂശീകരണം, വ്യാഴാഴ്ച ശബ്ബത്ത്. വെള്ളിയാഴ്ച വീണ്ടും ഒരുക്കനാൾ, ശനിയാഴ്ച വീണ്ടും ശബ്ബത്ത്. പിറ്റെന്നു ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അഥവാ ഞായറാഴ്ച. ബുധനാഴ്ചയായിരുന്നു യേശുവിന്റെ ശവസംസ്കാരം. ഞായറാഴ്ച സൂര്യനുദിക്കുന്നതിന് മുമ്പ് ഉയിർത്തെഴുന്നേറ്റ ശരീരത്തോടുകൂടിയാണ് യേശുവിനെ കാണുന്നത്. ഇതിൽ നിന്നും മൂന്നു രാവും മൂന്നു പകലും യേശുവിന്റെ ശരീരം കല്ലറയിൽ ഉണ്ടായിരുന്നുവെന്നു വ്യക്തമാകുന്നു. യേശുവിന്റെ ശരീരം ഈ ദിവസത്തിനുള്ളിൽ കല്ലറയിൽ ഉണ്ടായിരുന്നുവെങ്കിലും, ആത്മാവ് ബുധനാഴ്ച വൈകുന്നേരം തന്നെ തന്നിൽ വിശ്വാസമർപ്പിച്ച ഒരു കള്ളന്റെ ആത്മാവിനെ പറുദീസയിലിരുത്തുകയും, തിരികെ വന്ന് ഭൂമിയുടെ അധോഭാഗത്തു തടവിലിട്ടിരിക്കുന്ന ആത്മാക്കളോടു പ്രസംഗിക്കുകയും ചെയ്തു. തടവിലുള്ള ആത്മാക്കളാകട്ടെ നോഹയുടെ കാലത്തു പെട്ടകം പണിതപ്പോൾ ദീർഘക്ഷമയോടെ കാത്തിരുന്ന ദൈവത്തെ അനുസരിക്കാത്തവരായിരുന്നു (പത്രോസ് 3:18-20).

കർത്താവിന്റെ ശുശ്രൂഷകാലത്തു പ്രവചിച്ചതൊന്നും തെറ്റിയില്ല. "....യോനാ, മൂന്നു രാവും മൂന്നു പകലും തിമിംഗലത്തിന്റെ ഉദരത്തിൽ ആയിരുന്നു. അതുപോലെ മനുഷ്യപുത്രനും മൂന്നു രാവും മൂന്നു പകലും **ഭൂമിയുടെ ഉള്ളിൽ ആയിരിക്കും** (മത്തായി 12:39,40).

ഈ വിഷയത്തിൽ ആദിമ വിശ്വാസികൾക്കോ അവിശ്വാസികളായിരുന്ന യഹൂദന്മാർക്കോ സംശയങ്ങളൊന്നുമുണ്ടായിരുന്നില്ലെന്ന് താഴെക്കുറിക്കുന്ന വചനത്തിൽ നന്ന് വ്യക്തമാകുന്നുണ്ട്. "ഞങ്ങളോ അവൻ യിസ്രായേലിനെ വീണ്ടെടുക്കുവാനുള്ളവനെന്ന് ആശിച്ചിരുന്നു; അതുമല്ല, **ഈ സംഭവിച്ചിട്ട് ഇന്ന് മൂന്നു ദിവസമാകുന്നു" (ലൂക്കോസ് 24:21).**

## 03 വേദപഠനം.....

യ്ക്കുകയും ചെയ്തു.2 രാജാ:25:8-19.

2. സെരുബ്ബാബേലിന്റെ ദൈവാലയം- ബാബിലോണിൽ അടിമകളായിരുന്ന യെഹൂദന്മാർ അവരുടെ വലിയ ആഗ്രഹവും പ്രാർത്ഥനയുമായിരുന്നു ദൈവാലയം വീണ്ടും പണിയുക എന്നുള്ളത്, അങ്ങനെ ബാബിലോണിന്റെ കാലശേഷം പേർഷ്യൻ ഭരണകൂടം അധികാരത്തിൽ വന്നപ്പോൾ അന്നത്തെ രാജാവും ജനിക്കപ്പെടുത്തതിനുമുമ്പ് പേര് പറഞ്ഞിട്ടുള്ള കോരെശ് എന്ന പാർസി രാജാവ് ബി.സി.536-ൽ യെഹൂദന്മാർക്കു അവരുടെ സ്വന്തദേശത്തിലേക്കു മടങ്ങിപ്പോകുവാൻ അധികാരവും അവകാശവും നൽകി, അപ്പോൾ ദൈവാലയത്തിന്റെ പണി തുടങ്ങുന്നതിനുള്ള അനുമതിയും അങ്ങനെ സെരുബ്ബാബേലിന്റെ നേതൃത്വത്തിൽ പണി ആരംഭിച്ചു, എബ്രാ:1:1-3, 3:8. ദേശാധിപതിയായ സെരുബ്ബാബേലും മഹാപുരോഹിതനായ യോശുവായും പണിയുടെ മേൽനോട്ടം വഹിച്ചു പക്ഷെ ശത്രക്കളുടെ എതിർപ്പുകൾ കൊണ്ട് പണി നിർത്തിവെച്ചു. എന്നാൽ ബി.സി-516-ൽ ഇതിന്റെ പണി പൂർത്തിയാക്കുകയും യാഗപീഠം യാഗത്തിനായി സമർപ്പിക്കുകയും ചെയ്തു. ശലോമോന്റെ ദൈവാലയവുമായ ഇതിനെ താരതമ്യം ചെയ്യുമ്പോൾ ശലോമോന്റെ ആലയം വളരെ മനോഹരമായിരുന്നു, എന്നാൽ സെരുബ്ബാബേൽ പണിത ദൈവാലയത്തിൽ ശലോമോന്റെ ദൈവാലയത്തിൽ ഉണ്ടായിരുന്നതായ മനോഹരമായ കൊത്തു പണികളോ പല ഉപകരണങ്ങളോ ഉണ്ടായിരുന്നില്ല, അതുകൊണ്ട് പുരോഹിതന്മാരിലും ലേവ്യരിലും പിതൃഭവനതലവന്മാരിലും മുമ്പിലത്തെ ആലയം കണ്ടിട്ടുള്ള വയോധികന്മാരായ അനേകർ ഈ ആലയത്തിന്റെ അടിസ്ഥാനം ഇട്ടു കണ്ടപ്പോൾ ഉറക്കെ കരഞ്ഞുപോയി, മറ്റു പലരും സന്തോഷത്തോടെ ഉച്ചത്തിൽ ആർത്തു. എബ്രാ:3:12 - 13. **(തുടരും...)**

## 12 അന്ത്യകാലത്ത് ലോക.....

കിയിട്ടുണ്ട്. എന്നാൽ അന്ത്യകാലത്ത് ലോകത്തിന് എന്ത് സംഭവിക്കും എന്ന് വ്യക്തമായി സൂചന തരുന്നത് വിശുദ്ധ വേദപുസ്തകമാണ്. അന്ത്യകാല സംഭവങ്ങളെ രണ്ടായിട്ടാണ് തരം തിരിക്കുന്നത് പൊതുവായതെന്നും വ്യക്തിപരമായതെന്നും. പൊതുവായത് ഈ ലോകത്തിന് സംഭവിക്കുന്ന വ്യതിയാനങ്ങളാണ്. വ്യക്തിപരമായത് സഭയോട് ബന്ധപ്പെട്ട് നിലകൊള്ളുന്നുതും. **(തുടരും...)**

## 11 കണ്ടതും കേട്ടതും.....

കഴിക്കുക?" ക്ലിന്റ് വേറൊരു റ്റീച്ചറുടെ പേരു പറഞ്ഞു. ഉടനെ സിസ്റ്റർ ചോദിച്ചു: "അതെന്താ എന്നെ കല്യാണം കഴിക്കാത്തത്?" ക്ലിന്റിന്റെ മറുപടി: "സിസ്റ്ററെ ഒരു പെണ്ണായി ഞാനിതുവരെ കണ്ടിട്ടില്ല!"

ക്ലിന്റ് പറഞ്ഞ മറ്റു പല കാര്യങ്ങളുമുണ്ട്. സ്ഥലപരിമിതികൊണ്ട് അവയൊന്നും എഴുതുന്നില്ല. ക്ലിന്റിന്റെ ചരിത്രപ്രദർശനം കണ്ട ഞാൻ, ക്ലിന്റിന്റെ മാതാപിതാക്കളോടു സംസാരിച്ചു. ജീവിച്ചിരുന്നെങ്കിൽ, ലോകപ്രസിദ്ധനായ ഒരു ചരിത്രകാരനും തത്വചിന്തകനുമായി ക്ലിന്റ് മാറിയേനെ.

ഉത്തർപ്രദേശുകാരിയായ ശകുന്തളാദേവി ഒരു അദ്ഭുതമല്ലേ? രണ്ടു പന്ത്രണ്ടക്കസംഖ്യകൾ തമ്മിൽ ഗുണിച്ച്, കംപ്യൂട്ടറിനെക്കാൾ വേഗത്തിൽ ഉത്തരം കണ്ടെത്തിയ 'ഹ്യൂമൻ കംപ്യൂട്ടർ'. വർഗ്ഗവും വർഗ്ഗമൂലവുമെല്ലാം നൊടിയിടയിൽ ശകുന്തളാദേവി പറഞ്ഞുതരും.

ലോകത്തിലെ ഏറ്റവും വലിയ നിഘണ്ടുവായ 'ഓക്സ്ഫഡ് ഇംഗ്ലിഷ് ഡിക്ഷ്ണറി' മിക്കവാറും എഴുതിത്തീർത്തത് ഒരൊറ്റയാളാണ് - ജെയിംസ് അഗസ്റ്റസ് ഹെന്റി മുറേ. മൂന്നാമത്തെ വയസ്സിലോ മറ്റോ അദ്ദേഹത്തിന്റെ വിനോദം ചൈനീസ് ബൈബിൾ തപ്പിത്തടഞ്ഞു വായിക്കുന്നതായിരുന്നുപോലും! അദ്ഭുതങ്ങൾ അവസാനിക്കുന്നില്ല. നമ്മുടെ പിള്ളാര് ഇതുപോലെ വല്ലതുമാണോ, തത്തമ്മേ, പൂച്ച പൂച്ചയല്ലാതെ? അദ്ഭുതവാനരന്മാരെ, അല്ല അദ്ഭുതബാലന്മാരെ അവതരിപ്പിക്കുന്നതു നമുക്കങ്ങ് അവസാനിപ്പിക്കാം എന്താ? കാരണം, ഇങ്ങനെയുള്ള അദ്ഭുതങ്ങൾ കർത്താവിനാവശ്യമില്ലാത്തതുകൊണ്ടുതന്നെ.

നീക്കിബാക്കി: കുറച്ചുനാളുകൾക്കു മുമ്പ്, പുത്തൻകുരിശിലുള്ള ഒരു വീട്ടിലിരുന്ന് 'വിശ്വാസസംരക്ഷകൻ' എന്ന (യാക്കോബായക്കാരുടെ) പത്രം വായിച്ചു. അതിലൊരു ലേഖനത്തിൽ പെന്തെക്കോസ്തുകാരെ "വിവരം കെട്ട പെന്തെക്കോസ്തുകാർ" എന്നു വിശേഷിപ്പിച്ചിരുന്നു. മേല്പറഞ്ഞ തരത്തിലുള്ള. നടപടികൾ കാണുമ്പോൾ, ആ വിശേഷണം അർത്ഥവത്തായതല്ലേയെന്നു തോന്നിപ്പോവുകയാണ്.

## 01 67-ാമത് കരിയംപ്ലാവ് .....

ൻസ്പോർട്ട്, ലൈറ്റ് & സൗണ്ട്), സി. പി. ഐസക് (പബ്ലിസിറ്റി), പി. എം. ഡേവീഡ്, എ. റ്റി. ജോൺ (വാട്ടർ & ഇലക്ട്രിസിറ്റി), എ. എം. സണ്ണി, കെ. ജെ. ജോസഫ്, (സാനിട്ടേഷൻ), എം. സി. വർഗീസ് (പന്തൽ), എം. എം. മത്തായി, കുഞ്ഞുമോൾ തോമസ് (വോളന്റിയേഴ്സ്), സൂസൻ രാജുക്കുട്ടി (ഫുഡ് & അക്കോമഡേഷൻ), എം. കെ. സുരേഷ്, രാജു മാത്യു (സണ്ടേസ്ക്കൂൾ & യുവജന വിഭാഗം) എന്നിവരെ തിരഞ്ഞെടുത്തു.

പൊതുയോഗങ്ങൾ, പവ്വർ കോൺഫറൻസുകൾ, ബൈബിൾ സ്റ്റഡി, പ്രതിനിധി സമ്മേളനം, സഹോദരീ സമ്മേളനം, സണ്ടേസ്കൂൾ-യുവജന സമ്മേളനങ്ങൾ, മിഷനറി സമ്മേളനം, പെന്തെക്കോസ്ത് ഐക്യസമ്മേളനം, സ്നാന ശുശ്രൂഷ, സംയുക്ത ആരാധന, കർത്തൃമേശ എന്നിവ ഉണ്ടായിരിക്കും. വിവിധ ദിവസങ്ങളിൽ W.M.E. സ്റ്റേറ്റ്-റീജിയൻ ഡയറക്ടറന്മാരായ പാസ്റ്റേഴ്സ് ഡി. സി. എച്ച്. ബർദൻ (ഒറിസ്സ), റവ. ജോഷ്വാ (ആന്ധ്ര പ്രദേശ്), ജി. ഗബ്രിയേൽ (തിരുവനന്തപുരം), എൻ. ജെ. ജോസഫ്, എം. എം. മത്തായി എന്നിവർ നേതൃത്വം നൽകും. എല്ലാ ദിവസവും രാവിലെ 5-ന് കാത്തിരുപ്പു പ്രാർത്ഥന, 8-ന് ബൈബിൾ സ്റ്റഡി, പകൽ 10-നും 2-നും വൈകിട്ട് 6-നും പൊതുയോഗങ്ങൾ, വെള്ളിയാഴ്ച 10-ന് പ്രതിനിധി സമ്മേളനം, 2 -ന് സഹോദരീ സമ്മേളനം, ശനി രാവിലെ 8-ന് സ്നാന ശുശ്രൂഷ, 10-ന് സണ്ടേസ്ക്കൂൾ-യുവജന സമ്മേളനം, 2-ന് മിഷ്യനറി സമ്മേളനം എന്നിവകൾ നടക്കും. ഞായറാഴ്ച രാവിലെ 9-നു കർത്തൃമേശയും സംയുക്ത ആരാധനയും നടക്കും.

## കൺവൻഷൻ

**പുനലൂർ:** ആവണീശ്വരം ചർച്ച് ഓഫ് ഗോഡ് ഒരുക്കുന്ന കൺവൻഷൻ ഡിസംബർ 22,23,24 തീയതികളിൽ ചർച്ച് ഹാളിൽവെച്ച് നടക്കും. ഡിസ്ട്രിക്ട് പാസ്റ്റർ എം.ഇ. ബേബി. ഉദ്ഘാടനം നിർവ്വഹിക്കും. പാസ്റ്റർമാരായ ജെയ്സ് പാണ്ടനാട്, ബിജു ഡൊമനിക് എന്നിവർ പ്രസംഗിക്കും. റാഫാ വോയ്സ് ഇളമ്പൽ ഗാനശുശ്രൂഷ നിർവ്വഹിക്കും. പാസ്റ്റർ റെജി ജോൺ നേതൃത്വം നൽകും.

ലേഖനം

# ഇരുട്ടും വെളിച്ചവും



പാസ്റ്റർ ജോൺസൺ
കണ്ണൂർ

ഇരുട്ട് ഭീതിപ്പെടുത്തുന്നതും വെളിച്ചവും സന്തോഷിക്കുന്നതുമാണ് രണ്ടിനും ഇവിടെ വക്താക്കൾ ഉണ്ട്. രണ്ട് ഗ്രൂപ്പും തമ്മിൽ എക്കാലത്തും പോരാട്ടമാണ്... വെളിച്ചവും ഉണ്ടാകട്ടെ എന്ന് ദൈവം കല്പിച്ചു(ഉല്:1:3-4) എന്തുകൊണ്ട് ഇരുട്ട് ഉണ്ടാകട്ടെ എന്ന് കല്പിച്ചില്ല. യോഹന്നാൻ അതിന് മറുപടി പറയുന്നു. "ദൈവം വെളിച്ചം ആകുന്നു; അവനിൽ ഇരുട്ട് ഒട്ടും ഇല്ല(1യോഹ:1:5) ഇരുളിനെ ഇല്ലാതാക്കില്ല കാരണം ഇരുട്ട് ഉണ്ടങ്കിലേ വെളിച്ചത്തിന്റെ മഹത്വം കൂടുതൽ അറിയുവാൻ കഴിയൂ. യെശ:45:7 "ഞാൻ പ്രകാശത്തെ സൃഷ്ടിക്കുന്ന അന്ധകാരത്തെയും സൃഷ്ടിക്കുന്നു" മേല്പറഞ്ഞ വാക്യത്തിൽ നിന്നും ദൈവം അന്ധകാരത്തെ സൃഷ്ടിക്കുന്നു എന്നു തോന്നാം. എന്നാൽ ദൈവത്തിന്റെ പരമാധികാരത്തെ കാണിക്കുവാനുള്ള പരാമർശം എന്നേയുള്ളു. ദൈവം തന്റെ വെളിച്ചത്തെ പിൻവലിച്ചാൽ തനിയെ ഇരുട്ട് ആയിക്കഴിഞ്ഞു. നമ്മളാരും മുറിയിൽ കയറി സ്വിച്ച് ഇടുകയില്ല്, എന്നാൽ പ്രകാശം തന്നുകൊണ്ടിരിക്കുന്ന ബൾബിനെ കെടുത്തിയാൽ അന്ധകാരം പെട്ടന്ന് വന്നുകഴിയും. ഒരു വ്യക്തിയിലോ, കുടുംബത്തിലോ, സഭയിലോ വെളിച്ചം ഇല്ലാതായാൽ തനിയെ ഇരുട്ട് സൃഷ്ടിക്കപ്പെടും. ഈ അർത്ഥത്തിലാണ് യഹോവയായ ഞാൻ അന്ധകാരത്തെ സൃഷ്ടിക്കുന്നു എന്നു പറയുന്നത്. ദൈവീക ചൈതന്യമായ നന്മ ഇല്ലാതായാൽ തനിയെ തിന്മ നൃത്തതാണ്ഡവമാടും.

**മിസ്രയിമിലെ കൂരിരുട്ട്**

പുറ:10:21-22 തമ്മിൽ തമ്മിൽ കാണാൻ കഴിയാത്ത ഇരുണ്ടായി. കാഴ്ചപ്പാട് കെടുത്തി കളയുകയും ഹൃദയങ്ങളെ തമ്മിൽ ഭിന്നിപ്പിക്കുകയും ചെയ്യുന്ന ഒരുതരം ഇരുട്ടിന്റെ ആത്മാവ് ഈ കാലഘട്ടത്തിലും വ്യാപരിക്കുന്നുണ്ട്. മിസ്രമിയിലെ ഇരുട്ട് ദൈവം അയച്ച ബാധയാണ്. ദൈവം സൃഷ്ടിച്ച വെളിച്ചത്തെ അവിടെ നിന്നും പൂർണ്ണമായി പിൻബലിച്ചപ്പോൾ അതിഭീകരമായ ഇരുട്ടായി. സ്പർശിക്കത്തക്ക ഇരുട്ട് എന്ന പ്രയോഗം ഇരുട്ടിന്റെ ഭീകരതയെ ഒന്നുകൂടി ഇരുട്ട് വ്യക്തമാക്കുന്നതാണ്. അക്ഷരാർത്ഥത്തിൽ ആർക്കും ഇരുട്ടിനെ സ്പർശിക്കാൻ കഴിയില്ല.

ഇനിയും അതിന്റെ ആത്മീയ അർത്ഥം എടുക്കാം. വെളിച്ചത്തെ സ്പർശിക്കാമോ? ദൈവവചനമാണ് യഥാർത്ഥ വെളിച്ചം. ആത്മാവിൽ അതിനെ സ്പർശിക്കാം. ഇതുപോലെ ഇരുട്ടിന്റെ ശക്തികളെ അവയെ സേവിക്കുന്നവർക്ക് ആത്മാവിൽ സ്പർശിക്കാം. ഒരു കൂട്ടർ ഇരുട്ടത്ത് തപ്പി നോക്കുമ്പോൾ ഗോശേൻ ദേശത്ത് വെളിച്ചം ഉണ്ടായിരുന്നു. ഇരുട്ടിനെയും വെളിച്ചത്തേയും വേർതിരിക്കുന്ന പ്രക്രിയ വീണ്ടു തുടരുന്നു. ഈ രണ്ട് ഗ്രൂപ്പിന്റെ പ്രതിനിധികൾ എല്ലാ രാജ്യങ്ങളിലും എല്ലാ കാലഘട്ടങ്ങളിലും ഉണ്ടായിരിക്കും.

വെളിച്ചത്തിൽ നടക്കുന്നവർ

വെളിച്ചത്തിന്റെ വെളിപ്പാട്- ഞാൻ ലോകത്തിന്റെ വെളിച്ചം

വെളിച്ചത്തിന്റെ പ്രതിഫലനം- നിങ്ങൾ ലോകത്തിന്റെ വെളിച്ചം

വെളിച്ചത്തിന്റെ സുവ്യക്തത - ജീവൻ മനുഷ്യരുടെ വെളിച്ചം

വെളിച്ചത്തിന്റെ ബന്ധം - വെളിച്ചങ്ങളുടെ പിതാവാണ് നമ്മുടെ ദൈവം.

നൂറ്റാണ്ടുകൾക്ക് മുമ്പ് യെശയ്യാ പ്രവാചകൻ വെളിച്ചത്തെ കുറിച്ച് പ്രവചിച്ചു. "ഇരുട്ടിലിരിക്കുന്നോരു ജനം വലിയൊരു വെളിച്ചം കണ്ടു. പഴയനിയമ പ്രവാചകന്മാരുടെ കാലഘട്ടത്തിൽ തന്നെ ഒളിഞ്ഞും തെളിഞ്ഞും ഈ വെളിച്ചം കൊണ്ടായിരുന്നു". ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നുകൊണ്ടിരുന്നു. വെളിച്ചത്തിൽ നടക്കുന്നവർക്ക് ഒരുനായകൻ ഉണ്ട്. അവൻ സാക്ഷാൽ വെളിച്ചവുമാണ്. അവനിൽ വിശ്വസിക്കുകയും വസിക്കുകയും വേണം. ഈ വെളിച്ചമായ ക്രിസ്തുവിൽ വിശ്വസിക്കാത്തവർക്ക് ന്യായവിധി വന്നു കഴിഞ്ഞു. മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളതാകയാൽ ഇരുളിനെ സ്നേഹിക്കുന്നു (ലൂക്കോ:3:19). ന്യായവിധി കേവലം ഒരു തീർപ്പു കല്പിക്കുകയില്ല. ഒരു നിയമത്തെ പ്രാവർത്തികമാക്കുകയാണ്. പ്രകാശിക്കുകയാണ് വെളിച്ചത്തിന്റെ തെളിവ്. കാര്യങ്ങളെ തുറന്നു കാണിക്കുകയാണ് വെളിച്ചത്തിന്റെ ധർമ്മം. തിന്മയോടുള്ള മനുഷ്യന്റെ സ്നേഹം ദോഷപ്രവർത്തികൾ ചെയ്യുവാൻ അവനെ പ്രേരിപ്പിക്കുന്നതുകൊണ്ടാണ് വെളിച്ചത്തെ നിരാകരിക്കുന്നത്.

ഇരുട്ടിന്റെ മറവിൽ ആരും അറിയാതെ പലരും പലതും ചെയ്യുന്നു. സാമൂഹിക വിരുദ്ധർ അഴിഞ്ഞാടുന്ന പലയിടത്തും ഹൈമാക്സ് ലൈറ്റ് സ്ഥാപിച്ചപ്പോൾ അവർ സ്ഥലം മാറ്റിയിട്ടുണ്ട്. തെരുവുവിളക്കുകൾ അവർ എറിഞ്ഞു പൊട്ടിക്കും. ഈ കൂട്ടർ ഇരുട്ട് തേടിപോകുന്നു. പോലീസിനോ, കോടതിക്കോ, നിയമത്തിനോ, ജയിലിനോ, ഒരുവനിലെ ഇരുട്ട് ഇല്ലാതാക്കുവാൻ കഴിയില്ല. അവന്റെ ഹൃദയത്തിൽ ദൈവീക പ്രകാശം വരണം. സത്യവെളിച്ചമായ ക്രിസ്തു ഒരുവനിൽ വന്നു കഴിയുമ്പോൾ ഇരുട്ടിന്റെ ശക്തികൾ അവനെ കൊണ്ട് ചെയ്യിച്ചു കൊണ്ടിരുന്നത് നിർത്തലാക്കും. ഇരുട്ട് തനിയെ അവനിൽ നിന്ന് മാറിപ്പോകും. പകലിനു പന്ത്രണ്ടു മണി നേരം ഇല്ലയോ? പകൽ സമയത്ത് നടക്കുന്നവൻ ഈ ലോകത്തിന്റെ വെളിച്ചം കാണുന്നത് കൊണ്ട് ഇടറുന്നില്ല(യോഹ:11:9) ലോകത്തിന്റെ വെളിച്ചവുമായ ക്രിസ്തുവിൽ വസിക്കുകയും അവന്റെ പ്രകാശത്തിൽ കടക്കുകയും ചെയ്യുന്നവൻ ഇടറുന്നില്ല, എന്നാൽ "വക്രബുദ്ധികളുടെ ആലോചന മറിഞ്ഞു പോകുന്നു. പകൽ സമയത്ത് അവർക്ക് ഇരുൾ നേരിടുന്നു. ഉച്ചസമയത്ത് അവർ രാത്രിയിലെന്നപ്പോലെ തപ്പിനടക്കുന്നതും അകമേ ആന്തരിക വെളിച്ചം (ഇയ്യോബ് 5:14) ഇല്ലെങ്കിൽ തപ്പിത്തടയും. ജീവിതമേ തട്ടുകേടായിരിക്കും.

അവനിൽ നടക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതു പോലെ നടക്കേണ്ടതാകുന്നു (1 യോഹ:2:6) ക്രിസ്തു നടന്നതു പോലെയാകണമെങ്കിൽ അവനിൽ വാസ്തവമായി ദൈവസ്നേഹം നിറഞ്ഞിരിക്കണം. മാത്രമല്ല വെളിച്ചത്തിൽ ഇരിക്കുന്നു എന്നു പറയുകയും സഹോദരനെ പകെക്കയും ചെയ്യുന്നവൻ ഇരുട്ടിലാണ്. ഇവയൊക്കെ പ്രായോഗിക തലത്തിൽ കൊണ്ടു വരണമെങ്കിൽ വിലകൊടുക്കേണ്ടിവരും. വെളിച്ചത്തിന്റെ മക്കൾ, പകലിന്റെ മക്കൾ, അനുസരണത്തിന്റെ മക്കൾ, കർത്താവിന്റെ പ്രിയമക്കൾ (1തെസ്സ: 5:5, എഫേ:5:1) ഈ കൂട്ടർക്ക് മാത്രമേ വെളിച്ചമായാ കർത്താവ് നടന്നതുപോലെ നടക്കുവാൻ കഴിയു. ഇതുപോലെ ഇരുട്ടിനും മക്കൾ ഉണ്ട്. പാപത്തിന്റെ മക്കൾ, അനുസരണകേടിന്റെ മക്കൾ, പിശാചിന്റെ മക്കൾ (എഫേ:2:3, 1യോഹ:3:8) വെളിച്ചത്തിന് അധികാരം ഉണ്ട്.

കർത്താവ് പറയുന്നു, "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നല്കപ്പെട്ടിരിക്കുന്നു (മത്താ:28:18) ഇതുപോലെ ഇരുട്ടിനും അധികാരമുണ്ട്" ഇത് നിങ്ങളുടെ നാഴികയും ഇരുളിന്റെ അധികാരവും (ലൂക്കോ:22:53) നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്ന് വിടുവിച്ചു (കൊല:1:13) ഏത് അധികാരത്തിന് കീഴ്പ്പെട്ടു ജീവിക്കുന്നു എന്നതിനെ ആശ്രയിച്ച് ആകയാൽ വെളിച്ചത്തിൽ നടക്കാം വെളിച്ചം നടന്നതുപോലെ നടക്കാം

## കല്ലുകടി

## റാന്നിയിലെ കൈവെപ്പ്

റാന്നി ഐ. പി. സി. സെന്റർ ജനറൽ ബോഡിയിൽ കൈവെപ്പ് ശുശ്രൂഷ കെങ്കേമമായി നടന്നു. മൂക്കിന്റെ പാലം ഒടിഞ്ഞ് ഒരു പാസ്റ്റർ ആശുപത്രിയിൽ ആയി. കൂടെ അനുകൂലികളും എതിരാളികളും രണ്ട് ആശുപത്രിയിലായി അഡ്മിറ്റാക്കപ്പെട്ടു. അത്ര ശക്തമേറിയ കൈവെപ്പ് ശുശ്രൂഷയായിരുന്നു നടന്നത്. പ്രഭാഷകനായ രാജു മേത്രയുടെ സഭയിൽ നടന്ന ജനറൽ ബോഡിയിലാണ് സംഭവം. സംഭവത്തിനുപിന്നിൽ രണ്ടുപക്ഷവും രണ്ടുകാരണങ്ങളാണ് പറയുന്നത്. ഈശോ പാസ്റ്ററെ വെട്ടിനിരത്തി രാജു മേത്ര സെന്റർ ചുമതലയെടുക്കുവാൻ നടത്തിയ ശ്രമങ്ങൾക്കെതിരെ ഉള്ള പ്രതികരണമാണെന്ന് ഒരു കൂട്ടർ പറയുന്നു. മറുപക്ഷം പറയുന്നത് സെന്ററിന്റെ കൺവൻഷൻ സ്ഥലത്ത് കെട്ടിടം പണിയുടെ ചുമതല നൽകുന്നതുമായി ബന്ധപ്പെട്ട് സെന്ററിന്റെ തീരുമാനത്തെ അട്ടിമറിക്കുവാൻ റെജി പുന്നൂസ് നടത്തിയ ശ്രമത്തിന്റെ ഭാഗമാണെന്നാണ്. സംഗതി ഏതായാലും ശരിക്കും ഏറ്റു. ഇടിച്ച ഉപദേശിയെ കുമ്പനാട്ട് സെക്യൂരിറ്റി ചുമതല ഏൽപ്പിക്കുന്നത് നന്നായിരിക്കും. ഒത്തിരി പ്രശ്നങ്ങൾ ഉള്ളതുകൊണ്ട് വരുന്നവരെയൊക്കെ കൈകാര്യം ചെയ്യാൻ ഇദ്ദേഹത്തിനു കഴിയും. അല്ലെങ്കിൽ വിവിധ കൺവൻഷനുകളിൽ കൊണ്ടുപോയി ഇദ്ദേഹം നടത്തിയ വീര്യപ്രവർത്തികളെക്കുറിച്ച് സാക്ഷ്യം പറയിക്കാം. സംഗതി എന്തായാലും നാട്ടിൽ നാറ്റക്കേസായി വിഷയം.

**അടിക്കുറിപ്പ്:** നാണമില്ലാത്തവന്റെ അസ്ഥാനത്ത് ആല് കിളിർത്താൽ അത് കാണുന്നവർക്ക് പുകിലാണെങ്കിലും അവൻ അതിന്റെ തണലിൽ ആശ്വാസം കൊള്ളും.

## 01 യേശുക്രിസ്തു മനുഷ്യനെ രൂപാന്ത.....

ന്തിക്കാനാവില്ല. പാപിനിയായ സ്ത്രീയെ ശിക്ഷവിധിക്കാതെ പറഞ്ഞുവിടുന്ന യേശു സമാനതകളില്ലാത്ത വ്യക്തിത്വമാണ്. ശത്രുക്കളെ സ്നേഹിക്കണമെന്ന് ഉത്ബോധിപ്പിച്ച ക്രിസ്തുവിന്റെ സന്ദേശം മറ്റാരും പറഞ്ഞിട്ടില്ല എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രസിഡന്റ് പാസ്റ്റർ പി.ജി. മാത്യൂസ് അദ്ധ്യക്ഷത വഹിച്ച സമ്മേളനം ഐ.പി.സി. സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് പി.തോമസ് ഉദ്ഘാടനം ചെയ്തു. സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ പി.ജെ.ജെയിംസ് ഗ്രാഡുവേഷൻ സന്ദേശം നൽകി, വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സുവി. കാനം അച്ചൻ അനുഗ്രഹ പ്രഭാഷണം നടത്തി. വൈസ് പ്രസിഡന്റ് പാസ്റ്റർ ജെ. ജോസഫ് സ്വാഗതവും ഗോസ്പൽ എക്കോസ് എഡിറ്റർ പാസ്റ്റർ ഷൈജു ഞാറയ്ക്കൽ സങ്കീർത്തന വായനയും നടത്തി. ജനറൽ സെക്രട്ടറി പാസ്റ്റർ സാംകുട്ടി മാത്യു പ്രവർത്തന റിപ്പോർട്ടും സെക്രട്ടറി ജെയ്സ് പാണ്ടനാട് അക്കാദമിക് റിപ്പോർട്ടും അവതരിപ്പിച്ചു. കോയിപ്രം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ മോൻസി കിഴക്കേടത്ത്, പാസ്റ്റർമാരായ അനിൽ കൊടിത്തോട്ടം, വി. പി. തോമസ്, വൈ. ജോസ്, ക്രിസ്റ്റഫർ രാജു, റെന്നി ഇടപ്പറമ്പിൽ, എ.റ്റി. ജോസഫ്, കെ.എ. ഉമ്മൻ, ബിജു ചാക്കോ, കെ.സി. സണ്ണിക്കുട്ടി, ജോർജ്ജ്കോശി മൈലപ്ര, സണ്ണി പി. ജോയി എന്നിവർ ആശംസകൾ അറിയിച്ചു.

ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് പ്രസിഡന്റ് പാസ്റ്റർ തോമസ് ഫിലിപ്പ് സമർപ്പണ പ്രാർത്ഥന നടത്തി. വിശിഷ്ട അതിഥികളായ ശ്രീ പെരുമ്പടവം ശ്രീധരന് പാസ്റ്റർ ഷിബു കെ. മാത്യുവും ശ്രീ മോൻസി കിഴക്കേടത്തിന് ജോസഫ് മറ്റത്തുകാലയും പുരസ്ക്കാരം നൽകി ആദരിച്ചു.

പഠനത്തിന് മികവ് തെളിയിച്ച വിദ്യാർത്ഥിക്ക് പാസ്റ്റർ പി.പി. കുര്യനും ഏറ്റവും കൂടുതൽ ഹാജർ നേടിയ വിദ്യാർത്ഥിക്ക് പാസ്റ്റർ സണ്ണി വർക്കിയും, ഏറ്റവും നല്ല പ്രബന്ധത്തിന് പ്രൊഫ. എം.കെ. ശാമുവേലും ക്യാഷ് അവാർഡ് നൽകി. ജയ്മോഹൻ അതിരുങ്കൽ നന്ദി പറഞ്ഞു. പാസ്റ്റർ ശിംശോൻ മാർട്ടിന്റെ നേതൃത്വത്തിൽ ഗിലെയാദ് ഗോസ്പൽ വോയ്സ് ഗാനങ്ങളാലപിച്ചു.

# പത്തനംതിട്ട ജില്ലയുടെ അഭിമാനമായി മാറിയ പ്രിസ്കില്ല

● പാസ്റ്റർ കെ.ഇ.മാത്യു

**കുമ്പനാട്:** ഈ മാസം നടന്ന സംസ്ഥാന സ്കൂൾ കായിക മേളയിൽ പത്തനംത്തിട്ടയുടെ അഭിമാനം കാത്ത കൊച്ചുകായിക താരത്തെ ജില്ലക്കാർ മറന്നു കാണില്ല. ഇരവിപേരൂർ നെല്ലിമലയിൽ താമസിക്കുന്ന ഡാനിയേൽ - ഗ്രേസി ദമ്പതികളുടെ ഇളയ മകളാണ് പ്രിസ്കില്ല ഡാനിയേൽ. ഇരവിപേരൂർ സെന്റ് ജോൺസ് ഹയർ സെക്കന്ററി സ്കൂളിലെ 8-ാം ക്ലാസ് വിദ്യാർത്ഥിനി ആണ്. നവംബർ അവസാനം പത്തനംതിട്ടയിൽ നടന്ന ജില്ലാ കായിക മൽസരത്തിൽ 200, 400, 600 മീറ്റർ ഓട്ടത്തിലും 4 X 100 മീറ്റർ റിലേയിലും സബ്ജൂനിയർ പെൺകുട്ടികളുടെ വിഭാഗത്തിൽ ഈ കൊച്ചു മിടുക്കി സ്വർണ്ണം നേടി ചാമ്പ്യനായി.

ഈ മാസം കോഴിക്കോട്ട് നടന്ന സംസ്ഥാന സ്കൂൾ കായിക മൽസരത്തിൽ 600 മീറ്ററിൽ വെങ്കലം നേടി ജില്ലയുടെ താരമായി. പ്രിസകില്ലയുടെ ചേച്ചി ഷേബ പലവട്ടം എം.ജി. സർവകലാശാല കായിക മേളയിൽ ചാമ്പ്യനായിരുന്നു. ജീവിത ഭാരത്തിന്റെ നടുവിലും മക്കളുടെ കായിക മികവിനെ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുവാൻ ഡാനിയേലും ഗ്രെയ്സിയും



ജീവിത പ്രാരാബ്ദത്തിന്റെ ട്രാക്കിലുടെ ബദ്ധപ്പെട്ട് ഓടുന്നു.

15 വർഷങ്ങൾക്കപ്പുറം തിരുവനന്തപുരത്തു നിന്നും ജോലി തേടിയാണ് ഇരവിപേരൂരിൽ ഈ കുടുംബം എത്തിയത്. വാടക വീട്ടിൽ കഴിയുന്ന ഇവർക്ക് സ്വന്തമായി ഭവനം ഇല്ല. റബ്ബറിന്റെ വിലയിടിവ് ടാപ്പിംഗ് തൊഴിലാളിയായ ഡാനിയേലിനെയും ബാധിച്ചു. ഡാനിയേലിന്റെ പിതാവ് നല്ല ഒരു സുവിശേഷകനായിരുന്നു. ആ പൈതൃകം ഈ കുടുംബം കാത്തു സൂക്ഷിക്കുന്നു. ദീർഘവർഷങ്ങൾ ഫിലദെൽഫ്യ സഭയുടെ അംഗങ്ങളായിരുന്നു ഇവർ. ഇപ്പോൾ 3 മാസമായി വാടകവീടിനടുത്തുള്ള നെല്ലിമല ഐ.പി.സിയിൽ ആരാധിക്കുന്നു. നല്ല സാക്ഷ്യമുള്ള ഈ കുടുംബം മക്കളെ അവരുടെ കഴിവിന് അനുസരിച്ച് മുമ്പോട്ടു നയിക്കാൻ പെടാപ്പാടു പെടുന്നു. വായനക്കാരായ പ്രിയപ്പെട്ടവരുടെ പിന്തുണയും പ്രോത്സാഹനവും ഉണ്ടായാൽ ഈ പെൺകുട്ടി കായികരംഗത്ത് ഉയരങ്ങൾ താണ്ടുമെന്നതിന് സംശയമില്ല. ദയവായി പ്രാർത്ഥിക്കുക സഹായിക്കുക.

ഫോൺ: 9497256418

ലേഖനം

# മലിനമാകുന്ന മാധ്യമരംഗം!



ടോംസ് ആന്റണി
Ph : 9447232512

*“എന്റെ കൺമുൻപിൽ നിന്ന് ഇന്നത്തെ വർത്തമാനപത്രമൊന്നു മാറ്റൂ. സത്യമെന്തെന്ന് ഞാൻ അറിയട്ടെ. ഈ ലോകത്തെ ഞാൻ കൺകുളിർക്കെ ഒന്ന് കാണട്ടെ.”*

പ്രൊഫ. എം. എൻ. വിജയന്റെ ഈ വാക്കുകൾ അക്ഷരാർത്ഥത്തിൽ ശരിയാണ് എന്ന് നമ്മുടെ മാധ്യമങ്ങൾ വിതക്കുന്ന മൂല്യച്യുതി കാണുമ്പോൾ തോന്നിപ്പോകുന്നു. പ്രിന്റ് മീഡിയയേക്കാൾ ഇന്ന് കൂടുതൽ മലീമസമായിക്കൊണ്ടിരിക്കുന്നത് ദൃശ്യമാധ്യമങ്ങളാണ്.

സെൻസേഷൻ ന്യൂസിനുവേണ്ടി മത്സരിക്കുകയാണ് മാധ്യമരംഗം. സെൻസേഷൻ ന്യൂസുകൾക്കുവേണ്ടി മത്സരിക്കുമ്പോൾ അവയുടെ നിജസ്ഥിതിയെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കിയിട്ടുവേണം എന്ന് മലയാളത്തിന്റെ മഹാനടൻ ശ്രീ. മമ്മൂട്ടി മാധ്യമങ്ങൾക്ക് താക്കീത് നൽകിയതും ഈയിടെയാണ്.

നമ്മുടെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി കേരളത്തിന്റെ ആവശ്യങ്ങൾ പ്രധാനമന്ത്രിയേയും മറ്റു മന്ത്രിമാരെയും ധരിപ്പിക്കുന്നതിനായി മൂന്നുദിവസം ഡൽഹിയിൽ തങ്ങി വിജയകരമായി തിരിച്ച് കേരളത്തിലെത്തിയപ്പോൾ നമ്മുടെ മാധ്യമഭീകരന്മാർക്ക് അറിയേണ്ടത് ഡൽഹിയാത്രയുടെ വിജയത്തെക്കുറിച്ചായിരുന്നില്ല. സോളാർ പ്രശ്നത്തെക്കുറിച്ച് മാത്രമായിരുന്നു. അസഹിഷ്ണുത വളരെകുറച്ചുമാത്രം പ്രകടിപ്പിക്കുന്ന നമ്മുടെ മുഖ്യമന്ത്രി ഇക്കാര്യത്തിൽ തന്റെ അസഹിഷ്ണത ഭംഗിയായി പ്രകടിപ്പിക്കുകയും ചെയ്തു.

കൊലക്കേസ് പ്രതിയായ ബിജു രാധാകൃഷ്ണന്റെ പുറകെ മാധ്യമങ്ങൾ സി.ഡി. കണ്ടെത്താൻ തുനിഞ്ഞിറങ്ങിയത് മാധ്യമരംഗത്തെ അപചയത്തിന് മറ്റൊരു തെളിവാണ്. സംശുദ്ധമായ പൊതുജീവിതത്തിന്റെ പിൻബലമുള്ള മുഖ്യമന്ത്രിക്കെതിരെ സ്ത്രീപീഡനം ബിജുരാധാകൃഷ്ണൻ ആരോപിച്ചപ്പോൾ എത്ര ലാഘവത്തോടെയാണ് മാധ്യമ നപുംസകങ്ങൾ അത് ആഘോഷിച്ചത്. ഒരു വ്യക്തിക്കെതിരെ ഒരു ലൈംഗീകാരോപണം കൊട്ടിഘോഷിക്കുമ്പോൾ അദ്ദേഹത്തിനും കുടുംബത്തിനും സുഹൃത്തുക്കൾക്കും ഉണ്ടാകുന്ന വേദനയും അഭിമാനക്ഷതവും മാധ്യമങ്ങൾക്ക് ഒരു വിഷയമാകുന്നേയില്ല. എല്ലാം ‘അറിയാനുള്ള അവകാശത്തിൽപെടുന്നു’ എന്നാണ് മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നത്. ഒരു വ്യക്തിയുടെ സ്വകാര്യതയിലേയ്ക്ക് കടന്നു ചെല്ലുന്നത് അറിയാനുള്ള അവകാശമല്ല, മറിച്ച് നെറികെട്ട സംസ്ക്കാരത്തിന്റെ ഭാഗമാണ്.

കേവലം ഒന്നോ രണ്ടോ പേർ എവിടെനിന്നോ ചുംബിക്കുന്നു എന്നറിഞ്ഞപ്പോൾ മാധ്യമപ്പട അവിടെ മണിക്കൂറുകൾക്ക് മുമ്പേ നിലയുറപ്പിച്ചു. ഒരു പക്ഷെ ശ്രദ്ധിക്കപ്പെടാതെപോകുമായിരുന്ന ‘ചുംബനസമരത്തെ’ മാധ്യമങ്ങളാണ് കേരളത്തിൽ ഇത്രയേറെ വാർത്താപ്രാധാന്യം നൽകിയത്. അതിലെ നായകന്മാർക്ക് നിത്യഹരിതതാരവേഷവും ചാർത്തി.

നിഷേധാത്മകമായ മാധ്യമപ്രവർത്തനമാണ് ഇന്ന് കേരളത്തിൽ നിലനിൽക്കുന്നത്. നൂറുപേർ ചെയ്യുന്ന നന്മകളേക്കാൾ ഒരാൾ ചെയ്യുന്ന തിന്മയ്ക്കാണ് വാർത്താ പ്രധാന്യം. മറ്റു രാജ്യങ്ങളിലും മറ്റു സംസ്ഥാനങ്ങളിലുമൊക്കെയുള്ള മാധ്യമപ്രവർത്തകർ തങ്ങളുടെ പ്രദേശത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും, പുരോഗതിക്കും വേണ്ടി ശക്തമായി നിലകൊള്ളുമ്പോൾ മലയാളി മാധ്യമപ്രവർത്തകർ എന്തേ ഇങ്ങനെ?

കേരളത്തിന്റെ മനഃസാക്ഷി ഹീനമായികരുതുന്ന സരിത എന്ന സ്ത്രീയെ എത്രയോ നാളുകളായി നമ്മുടെ മാധ്യമങ്ങൾ പിന്തുടരുന്നു. എവിടെപ്പോയാലും ചാനൽ ഭ്രാന്തന്മാരാണ് സരിതക്കൊപ്പം. സരിത ധരിക്കുന്ന വസ്ത്രത്തിന്റെ വർണ്ണന, അവരുടെ പ്രതികരണങ്ങൾ എന്നിവയെല്ലാം അതീവതാല്പര്യത്തോടെയാണ് നമ്മുടെ മാധ്യമങ്ങൾ കേരളജനതക്കുമുമ്പിൽ വിളമ്പുന്നത്.

സരിത എന്ന വ്യക്തിക്കുമാത്രമല്ല മിക്ക കുറ്റവാളികൾക്കും താരപരിവേഷം നൽകുന്നതിൽ മാധ്യമങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്. അതുകൊണ്ടാണ് കുട്ടികൾ പോലും സരിതയിൽ നിന്ന് ഓട്ടോഗ്രാഫ് വാങ്ങുന്നതിൽ മത്സരിക്കുന്നത്. സിനിമയിലെ നായികയാകാൻ കൂടി ഈ മാധ്യമകല്പിത താരത്തിന് അവസരമൊരുക്കി.

ഇന്ന് മാധ്യമരംഗം കേവലം വ്യവസായമായി അധഃപതിച്ചിരിക്കുന്നു. “നുണക്ക് നേരിന്റെ മേൽവിലാസം” നൽകുന്ന മാധ്യമസംസ്ക്കാരമാണ് ഇന്ന് നിലനിൽക്കുന്നത്. സാമൂഹിക പ്രതിബദ്ധത മാധ്യമരംഗത്തുനിന്ന് ഏറെക്കുറെ നഷ്ടപ്പെട്ടുപോയിരിക്കുന്നു. മാധ്യമരംഗത്തെ മൂല്യബോധം ഇന്ന് താരംതാഴ്ന്ന സ്ഥിതിയിലായിരിക്കുന്നു. നെറികെട്ട രീതിയിൽ ന്യൂസുകൾ വിളമ്പി മാധ്യമങ്ങൾ മത്സരിക്കുന്നു. മാധ്യമധർമ്മം എന്നത് മാധ്യമമുതലാളിയുടെ മാത്രം ധർമ്മമായി തരംതാണിരിക്കുന്നു. ഒരേയൊരു ലക്ഷ്യം... പണമുണ്ടാക്കുക, ലാഭം കൊയ്യുക.

**എന്താണ് പ്രശ്നം ?**

നവമാധ്യമരംഗത്തിന്റെ ആകർഷണവലയത്തിൽപ്പെട്ട് യോഗ്യതയില്ലാത്തവരും, പ്രതിബദ്ധതയില്ലാത്തവരും ഈ രംഗത്തേയ്ക്ക് കടന്നുവരുന്നു. മൂല്യബോധം തെല്ലും തീണ്ടാത്തവരുടെ കടന്നുകയറ്റം ഈ രംഗത്തെ ഏറെക്കുറെ മലീമസമാക്കിയിരിക്കുന്നു. പണമെന്നലക്ഷ്യം മാത്രമാണ് മാധ്യമരംഗത്തെ മുതലാളിക്കും, തൊഴിലാളിക്കും ഒരുപോലെ ഉള്ളത്. വ്യക്തമായ കാഴ്ചപ്പാടില്ലാത്തതിന്റെ പോരായ്മയും ഈ രംഗത്തെ കൂടുതൽ നിഷ്പ്രഭമാക്കുന്നു. മാധ്യമങ്ങളുടെ എണ്ണത്തിലുള്ള ആധിക്യം അനാവശ്യവും അനാരോഗ്യകരവുമായ മത്സരത്തിലേക്കുനയിക്കുന്നതുകാരണം സെൻസേഷൻ ന്യൂസിനുവേണ്ടിയും, കെട്ടുകഥകൾക്കുവേണ്ടിയും, വാർത്തകൾ സൃഷ്ടിക്കുന്നതിനു വേണ്ടിയും, മാധ്യമപ്രവർത്തകർ പരക്കംപായുന്നു. ജനത്തിന് നല്ലവാർത്തകൾക്കുപകരം കുറ്റകൃത്യങ്ങളും, എല്ലാത്തരം വാണിഭങ്ങളുമാണ് താല്പര്യമെന്നതും നമ്മെ ആശങ്കപ്പെടുത്തേണ്ടതുണ്ട്.




ഒളിക്യാമറയും ഇന്ന് മാധ്യമരംഗത്ത് കടന്നുവരുന്നു. സ്വകാര്യതയിലേക്കുള്ള അനാവശ്യമായ കടന്നുകയറ്റത്തിന്റെ പ്രതിരൂപമാണ് ഒളിക്യാമറ. മാധ്യമ പ്രവർത്തകർക്ക് റിപ്പോർട്ട് ചെയ്യാനുള്ള സ്വാതന്ത്ര്യം ഭരണഘടന അനുവദിക്കുന്നുണ്ട്. ആ സ്വാതന്ത്ര്യം, എന്തും ചെയ്യുവാനുള്ള ലൈസൻസല്ല എന്ന് ഓർക്കുന്നത് നന്ന്.

നാം എന്ത് വായിക്കണം, കേൾക്കണം, കാണണം, എങ്ങിനെ വിലയിരുത്തണം, എന്നെല്ലാം ഇന്ന് മാധ്യമങ്ങൾ നിശ്ചയിക്കുന്നു. ആടിനെ പട്ടിയാക്കാനും, പട്ടിയെ ആടാക്കാനും കഴിയുന്ന മാധ്യമ ഇന്ദ്രജാലം ഇന്ന് പലയിടങ്ങളിലും നിലനിൽക്കുന്നു.

ജനകീയ പ്രശ്നങ്ങൾ ഇന്ന് വാർത്തയാകുന്നില്ല. അഥവാ തിരസ്ക്കരിക്കപ്പെടുന്നു. അല്ലെങ്കിൽ വാർത്താ പ്രാധാന്യം ഇല്ലാതെ അവതരിപ്പിക്കപ്പെടുന്നു.

**വാർത്തകൾക്കും പണം?**

പെയ്ഡ് ജേർണലിസം (Paid Journalism) എന്ന ഒരു സംജ്ഞ തന്നെ ഇന്ന് പ്രയോഗിക്കേണ്ടിയിരിക്കുന്നു. വാർത്തകൾ സൃഷ്ടിക്കുന്നതിനും, വാർത്തകൾ മറച്ചുവയ്ക്കുന്നതിനും, അനുകൂലമായി വാർത്തകൾ അവതരിപ്പിക്കുന്നതിനും ചില ശക്തികൾക്കുവേണ്ടി വാർത്തകളെ വളച്ചൊടിക്കുന്നതിനും പണം ഒരു കാരണമായി ഭവിക്കുന്നുണ്ട്. പണത്തിനുമീതെ പരുന്തല്ല, മാധ്യമങ്ങളും പറക്കില്ല എന്ന സ്ഥിതിയായിരിക്കുന്നു.

തെരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥികളെ വിജയിപ്പിക്കാനും, തോൽപ്പിക്കാനും മാധ്യമവാർത്തകൾക്ക് കഴിഞ്ഞിട്ടുള്ളത് നാം എത്രയോകാലങ്ങളായി നിരീക്ഷിക്കുന്നവയാണ്. ഒരു സ്ഥാനാർത്ഥിയെ ശരിയായി അപ്രഗഥിക്കുന്നതിനുപകരം തങ്ങൾക്കിഷ്ടമുള്ള രീതിയിൽ പുകഴ്ത്തുകയോ, ഇകഴ്ത്തുകയോ ചെയ്തുകൊണ്ടുള്ള തെറ്റായ മാധ്യമധർമ്മമാണ് ഇന്ന് നിർവ്വഹിക്കപ്പെടുന്നത്.

മദ്യത്തിന്റെ പരസ്യം ഇന്ന് മാധ്യമങ്ങളിൽ നിരോധിച്ചിട്ടുണ്ടെങ്കിലും, സോഡായുടെ പരസ്യമെന്ന രീതിയിൽ പുതിയ തോൽക്കുടത്തിൽ മദ്യത്തിന്റെ പരസ്യം അവതരിപ്പിക്കപ്പെടുന്നു.

വണ്ടിയിടിച്ച് വഴിയിൽ കിടന്ന് പ്രാണവേദന അനുഭവിക്കുന്നവരുടെ ചിത്രങ്ങൾ വരെ നമ്മുടെ മാധ്യമങ്ങളിലും പത്രങ്ങളിലും വരുന്നു. വേദനയിൽ രസം കണ്ടെത്തുന്ന മനോരോഗത്തിന്റെ ഒരു രൂപഭേദമാണിത്. എത്രയോ വ്യക്തികളെ മരിക്കുന്നതിനുമുമ്പേ “കൊന്ന” ചരിത്രം മാധ്യമങ്ങൾക്കുണ്ട്. നിജസ്ഥിതി അറിയുന്നതിനുമുമ്പേ ആദ്യം വാർത്ത പ്രസിദ്ധീകരിച്ചതിന്റെ പിതൃത്വത്തിനുവേണ്ടിയുള്ള പാച്ചിലിനിടയിൽ ഇങ്ങനെ ജീവിച്ചിരിക്കെ “കൊല്ലപ്പെട്ട” വ്യക്തികളുടെയും അവരെ സ്നേഹിക്കുന്നവരുടെയും മനോവികാരം മാധ്യമങ്ങൾ എപ്പോഴെങ്കിലും ശ്രദ്ധിക്കാറുണ്ടോ ?

പെൺവാണിഭങ്ങൾ ഇന്ന് മാധ്യമങ്ങൾ ആഘോഷിക്കുകയാണ്. കഥകളും കഥകൾക്കിടയിലെ ട്വിസ്റ്റും ഒക്കെ സംഘടിപ്പിച്ച് മാധ്യമങ്ങൾ പെൺവാണിഭങ്ങളെ വീണുകിട്ടിയ “നിധി”യാക്കി മാറ്റുന്നു. അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കുന്ന മാധ്യമങ്ങളും നമുക്കുമുന്നിലുണ്ട്. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുക, അനാവശ്യമായ സെന്റിമെന്റ്സ് സൃഷ്ടിക്കുക തുടങ്ങിയവയെല്ലാം മാധ്യമങ്ങൾ സ്വായത്തമാക്കിവച്ചിരിക്കുന്ന കരവിരുതുകളാണ്.

നമ്മുടെ മാധ്യമങ്ങൾക്ക് രാത്രി 9.30 കഴിഞ്ഞാൽ കുറ്റകൃത്യങ്ങളുടെ പരമ്പരയാണ്. കുറ്റകൃത്യങ്ങളെ ആഘോഷമാക്കിമാറ്റുകയാണ് മാധ്യമങ്ങൾ. രാത്രിസമയം കുറ്റകൃത്യങ്ങൾക്കുവേണ്ടി മാറ്റിവയ്ക്കപ്പെടുമ്പോൾ കുറ്റവാസനയെ ലാഘവത്തോടെ കാണുന്ന മനോനിലയിലേയ്ക്കും പ്രേക്ഷകർ അധഃപതിക്കും എന്നതിൽ തർക്കമില്ല.

നമ്മുടെ രാജ്യത്തെ പ്രധാനമന്ത്രി, മറ്റുമന്ത്രിമാർ, സംസ്ഥാന മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർ, പ്രതിപക്ഷ നേതൃനിരയിലുള്ളവർ ഇവരെയൊക്കെ ചില സിനിമകളുടെ സംഭാഷണത്തിന്റെ പശ്ചാത്തലത്തിൽ അപകീർത്തിപ്പെടുത്തുകയും അവഹേളിക്കുകയും ചെയ്യുന്ന മ്ലേച്ഛമായ സംസ്ക്കാരവും മാധ്യമങ്ങൾ ഇന്ന് ആർജ്ജിച്ചെടുത്തിരിക്കുന്നു. ബഹുമാനിതരായ നമ്മുടെ നേതാക്കൾക്ക് അവർക്ക് അർഹിക്കുന്ന അംഗീകാരം നൽകി പ്രോത്സാഹിപ്പിക്കാനാണ് മാധ്യമങ്ങൾ ശ്രമിക്കേണ്ടത് അല്ലാതെ അപമാനിക്കാനല്ല.

മാധ്യമങ്ങളിലെ ചർച്ചാവേളയാണ് ഏറെ മ്ലേച്ഛം. കോടതിയിലെ ജഡ്ജിമാരെപ്പോലെയാണ് ചില മാധ്യമപ്രവർത്തകർ ചോദ്യങ്ങൾ ഉന്നയിക്കുന്നത്. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറയാനുള്ള ബാധ്യത ഈ പരിപാടിയിൽ ചർച്ചയിൽ പങ്കെടുക്കുന്നവർക്കുണ്ടെന്നും, എന്തുചോദ്യവും ചോദിക്കാനുള്ള അധികാരം തങ്ങൾക്കുണ്ടെന്ന ധാർഷ്ഠ്യവുമാണ് ഇക്കൂട്ടർക്ക്. യാതൊരു ബഹുമാനവുമില്ലാതെ അഹങ്കാരത്തിന്റെ ഭാഷയാണ് ബഹുഭൂരിപക്ഷം അവതാരകരുടെയും എന്നതും ഈ രംഗത്തെ അപചയത്തിന് കാരണമാണ്.

പലപ്പോഴും ആരോപണവിധേയരായവരെ പ്രതികളാക്കിയാണ് മാധ്യമങ്ങൾ ചിത്രീകരിക്കുന്നത്. അവർക്കെതിരെ മോശമായ കഥകൾ പ്രചരിപ്പിച്ച് തങ്ങളുടെ റേറ്റിംഗ് കൂട്ടുന്നു. പിന്നീട് അവർ നിരപരാധികൾ എന്നു തെളിഞ്ഞാൽ അത് വാർത്തയല്ലാതാകുന്നു. അങ്ങനെ മാധ്യമങ്ങളുടെ ഇരയായിത്തീർന്നവർ ജീവിതം തന്നെ അവസാനിപ്പിച്ച സംഭവങ്ങളും വിരളമല്ല.

**മാധ്യമപ്രവർത്തകർ ആരാകണം? എങ്ങനെയാകണം?**

അവർ ശബ്ദമില്ലാത്തവന്റെ ശബ്ദമാകണം. സമൂഹത്തിലെ ഏറ്റവും അധഃസ്ഥിതന്റെ നാവായി നിലകൊള്ളണം. ശരിയോട് ചേർന്നു നിൽക്കണം. നിജസ്ഥിതിയറിഞ്ഞുമാത്രം റിപ്പോർട്ട് ചെയ്യുന്ന സംസ്ക്കാരത്തിലേയ്ക്ക് വളരണം. മാധ്യമങ്ങളിലൂടെ മൂല്യങ്ങൾ പ്രസരിപ്പിക്കണം. അന്ധവിശ്വാസത്തിനെതിരെ പടവാളായി നിലകൊള്ളണം. ചെയ്യുന്ന നന്മകളെ നന്നായി പ്രോത്സാഹിപ്പിക്കണം. അഴിമതിക്കെതിരെ ഗർജ്ജിക്കുന്ന തൂലികയേന്തണം. സ്ത്രീ പീഡനങ്ങളെ ഗൗരവത്തോടും അത് അർഹിക്കുന്ന പരിഗണനയോടും കൂടി അവതരിപ്പിക്കണം. ശിശുക്കൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളും, പീഡനങ്ങളും ജാഗ്രതയോടെ കൈകാര്യം ചെയ്യണം. വൃദ്ധരെ അവഗണിക്കുന്ന സംസ്ക്കാരത്തിനെതിരെ തൂലിക ആയുധമാക്കണം. പരിസ്ഥിതിക്ക് വിഘാതമായി നിൽക്കുന്ന പ്രവണതകളെ എതിർക്കണം. ജനകീയ പ്രശ്നങ്ങൾ തികഞ്ഞ ഗൗരവത്തോടെ ഏറ്റെടുക്കണം. ഒരു നല്ല മാധ്യമപ്രവർത്തകനാകുന്നത് അഭിമാനമായി കാണണം. മൂല്യബോധത്തോടെ മാധ്യമരംഗത്ത് നിലയുറപ്പിക്കണം.

ഇന്ന് മാധ്യമരംഗത്ത് ഒട്ടേറെപ്പേർ നന്മയുടേയും, നീതിയുടേയും, സത്യത്തിന്റെയും ഭാഗത്ത് നിലയുറപ്പിച്ചിട്ടുണ്ട് എന്നതും ശ്ലാഘനീയമാണ്. ഒറ്റപ്പെട്ടു കിടക്കുന്ന ഈ വിഭാഗത്തിന് എല്ലാവിധ പിന്തുണയും നാം നൽകേണ്ടതുണ്ട്. നമ്മുടെ മാധ്യമരംഗം നമ്മുടെ സമൂഹത്തെ പരിപോഷിപ്പിക്കുന്നതാകട്ടെ. നന്മ നിലനിർത്തുന്നതാകട്ടെ.

# പാസ്റ്റർ കെ. സി. ജോൺ (ഫ്ളോറിഡാ) ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കുന്നു



**കുമ്പനാട്:** ഐ. പി. സി. നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ മുൻ പ്രസിഡന്റും ഐ. പി. സി. ജനറൽ കൗൺസിൽ അംഗവുമായ പാസ്റ്റർ കെ. സി. ജോൺ ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കുന്നു. കങ്ങഴ കാതേട്ട് കുടുംബാംഗമായ കെ. സി. ജോൺ കുമ്പനാട് ഹെബ്രോൻ ബൈബിൾ കോളേജ് പഠനാനന്തരം 1975–ൽ മദ്രാസ് പട്ടാഭിരാം സഭയിൽ ശുശ്രൂഷിച്ചു. പാസ്റ്റർ കെ. ഇ. ഏബ്രഹാം സാറിനോടൊപ്പം സഹായിയായി ദീർഘവർഷങ്ങൾ പ്രവർത്തിച്ച അദ്ദേഹം വിവിധ സഭകളുടെ പ്രശ്നപരിഹാരത്തിനായി പ്രവർത്തിച്ചിട്ടുണ്ട്. 1982 –ൽ ഐ. പി. സി. കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗമായിരുന്ന അദ്ദേഹം സഭാ പാസ്റ്ററായി 1983–ൽ അമേരിക്കയിലെത്തി. സൗത്ത് ഫ്ളോറിഡ സഭയുടെ സ്ഥാപക പാസ്റ്ററായ കെ. സി. ജോൺ പ്രസംഗകൻ, സംഘാടകൻ, ജീവകാരുണ്യപ്രവർത്തകൻ എന്നീ നിലകളിൽ അമേരിക്കൻ പെന്തെക്കോസ്തു മലയാളികളുടെയിടയിൽ സുപരിചിതനാണ്. കറതീർന്ന വ്യക്തിത്വത്തിനുടമയായ പാസ്റ്റർ കെ. സി. ജോൺ (ഫ്ളോറിഡ) നിലവിലെ പാനൽ രാഷ്ട്രീയത്തിനെതിരായി സ്വതന്ത്രനായി സഭാജനവിധി തേടുന്നു.

ഭാര്യ: സാറാമ്മ ജോൺ, മക്കൾ: ഗ്രെയ്സ്, ആനി, ലിസാ

# ഐ. പി. സി. ഹൂസ്റ്റൺ ഫെലോഷിപ്പ് വാർഷിക കൺവൻഷൻ

**ഹൂസ്റ്റൺ:** ഹൂസ്റ്റണിലും സമീപ പ്രദേശങ്ങളിലുമുള്ള ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ ഐക്യകൂട്ടായ്മയായ ഐ. പി. സി. ഹൂസ്റ്റൺ ഫെലോഷിപ്പിന്റെ വാർഷിക കൺവൻഷൻ ഡിസംബർ 19 ശനിയാഴ്ച വൈകിട്ട് 6.30 ആരംഭിച്ചു. 20–ാം തീയതി രാവിലെ 9 മണിക്കു സംയുക്ത ആരാധനയും തിരുവത്താഴ ശുശ്രൂഷയോടുകൂടി സമാപിച്ചു. വിവിധ സഭകളുടെ പാസ്റ്റർമാരും പ്രതിപുരുഷന്മാരും നേതൃത്വം നൽകി. പ്രധാന പ്രാസംഗികനായി പാസ്റ്റർ സ്റ്റീവ് ജോർജ്ജ്, ന്യൂഡൽഹി എത്തി.

യുവജനങ്ങൾക്കും കുട്ടികൾക്കും ഒരേ സമയം മീറ്റിംഗുകൾ നടന്നു. പാസ്റ്റർ ലിബിൻ ഏബ്രഹാം യുവജന മീറ്റിംഗുകളിൽ പ്രസംഗിച്ചു. ഡോ. കെ. സി. ചാക്കോ പ്രസിഡന്റ്, ബേബി കുര്യൻ സെക്രട്ടറി, ജോൺ മാത്യു ട്രഷറാർ, ജോയി തുമ്പമൺ പബ്ലിസിറ്റി, ഡോ. മനു ചാക്കോ യൂത്തു കോർഡിനേറ്റർ പാസ്റ്റർ റോയി മോൻ കോശി സോംഗ് കോർഡിനേറ്ററായും പ്രവർത്തിച്ചു.

# ഡോ. കോര സംസാരിക്കുന്നു



1. ഐ.പി.സി. സ്റ്റേറ്റ് കൺവൻഷൻ സമാപനദിവസം കേട്ട പ്രസ്താവന ''ആറുലക്ഷം രൂപയുണ്ടെങ്കിലെ എല്ലാം നന്നായി കലാശിക്കുകയുള്ളൂ ആറുലക്ഷം രൂപ ഇവിടെനിന്നുണ്ടാകണം" ഇതു കേട്ടുടനെ എന്റെ അടുത്തു ഇരുന്ന ഒരു വിശ്വാസി പറഞ്ഞതു നേതാക്കന്മാർ വിചാരിച്ചാൽ തീരുന്ന പ്രശ്നമല്ലെയുള്ളു കോരയുടെ അഭിപ്രായം എന്താണ്?

**– ജയൻ, തൃശൂർ**

*ഏൻ നിനച്ചാൽ പുലിയെ പിടിപ്പേൻ! പച്ചേ ഏൻ നിനയ്ക്കമാട്ടെ*

2. എനിക്ക് ചർച്ച് ഓഫ് ഗോഡ് ഇലക്ഷനിൽ മത്സരിക്കണമെന്ന് ആഗ്രഹം ഉണ്ട്. എന്നെ ജയിപ്പിക്കാം എന്നു പറഞ്ഞ സമീപിച്ച വ്യക്തി അദ്ദേഹം വിതരണം ചെയ്യുന്ന പാനലിൽ ഉൾപ്പെടുത്താൻ 25000 രൂപയാണ് ചോദിക്കുന്നത്. ഞാൻ എന്തു ചെയ്യണം കോരെ? **– മാമ്മൻ, തിരുവല്ല**

*പണം ഇല്ലാത്തവൻ പിണം എന്നാണല്ലോ. സഭയെ ഇപ്പോൾ നിയന്ത്രിക്കുന്നത് ഇത്തരം ദ്രവ്യദാസന്മാരാണല്ലോ.*

3. ഒരു ശവസംസ്കാര ശുശ്രൂഷയിൽ ഒരു പാസ്റ്റർ അനുശോചനം പറയുന്നത് കേട്ടു. അതിന്റെ അവസാനത്തിങ്കൽ അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന സഭയുടെ പ്രസിഡന്റ് തുടങ്ങി പലരുടെ പേരിലും അനുശോചനം അറിയിച്ചു. പ്രസിഡന്റിനോട് ചോദിച്ചപ്പോൾ ഈ മരിച്ച വ്യക്തിയെക്കുറിച്ച് അദ്ദേഹത്തിന് യാതൊരു അറിവുപോലും ഇല്ല. ഇത്തരം അനുശോചനക്കാരെക്കുറിച്ച് കോരയുടെ അഭിപ്രായം എന്താണ്? **– സുബിൻ കുമ്പനാട്**

*ഭൂമിയുടെ ഭാരം മുഴുവനും സ്വന്തം തോളിൽ വഹിക്കുന്നവരെപ്പോലെ നടക്കുന്ന ഇത്തരക്കാർ അർദ്ധരാത്രിക്ക് കുടപിടിക്കുന്ന പുത്തൻ പണക്കാരെപ്പോലെയാണ്.*

# പിസിനാക്ക് 2016 ആപ്സ് സ്മാർട്ട് ഫോണിലൂടെ ലഭ്യമാണ്

● ജോൺസ് പി. മാത്യൂസ്(പബ്ലിസിറ്റി കോർഡിനേറ്റർ)




2016 ജൂൺ 30 മുതൽ ജൂലൈ 3 വരെ ഡാളസിൽ നടക്കുന്ന നോർത്ത് അമേരിക്കൻ മലയാളി പെന്തെക്കോസ്ത് കോൺഫറൻസിന്റെ സമകാലിക വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ആൻഡ്രോയ്ഡ് ഐഫോണുകളിൽ ഉപയോഗിക്കാവുന്ന ആപ്ലിക്കേഷൻ സോഫ്ട്വെയർ രൂപീകൃതമായി. 'പിസിനാക്ക് 2016' എന്നാണ് ആപ്പ്സിന്റെ നാമകരണം ചെയ്തിരിക്കുന്നത്. പിസിനാക്കിന്റെ ചരിത്രത്തിൽ പ്രഥമ സംരംഭമാണിത്. കോൺഫറൻസിനെ സംബന്ധിച്ചുള്ള വാർത്തകളും അപ്ഡേറ്റുകളും ഈ ആപ്പ്സിൽ കൂടെ ലഭ്യമാണ്. കൂടാതെ രജിസ്ട്രേഷൻ ചെയ്യാനുള്ള സൗകര്യവും ലഭ്യമാണ്.

നവംബർ 8–ന് ന്യൂയോർക്കിൽ വെച്ച് പാസ്റ്റർ ജേക്കബ് ജോർജ്ജ് പിസിനാക്ക് 2016 ആപ്ലിക്കേഷന്റെ പ്രകാശന കർമ്മം നിർവ്വഹിച്ചു. ഡാളസിൽ ആഡിസൻ സിറ്റിയിലുള്ള ഇന്റർകോണ്ടിനെന്റൽ ഹോട്ടലിൽ വെച്ച് നടക്കുന്ന 34–മത് പിസിനാക്കിന് പാസ്റ്റർ ഷാജി കെ. ഡാനിയേൽ(കൺവീനർ), ബ്രദർ റ്റിജു തോമസ്(സെക്രട്ടറി), ബ്രദർ തോമസ് വർഗീസ്(ട്രഷറാർ), ബ്രദർ എബ്രഹാം മോനീസ് ജോർജ്ജ്(യുത്ത് കോർഡിനേറ്റർ) എന്നിവരാണ് നേതൃത്വം വഹിക്കുന്നത്.

ബിലീവേഴ്സ് ജേണൽ
വായിക്കൂ വരിക്കാരാകൂ...
ക്രൈസ്തവ ദ്വൈവാരിക
മാധ്യമ ലോകത്തെ വേറിട്ട ശബ്ദം...
മുഖപക്ഷമില്ലാത്ത നിലപാടുകൾ
യുവജന പംക്തി, അമേരിക്കൻ വിശേഷം, ജേണൽ ഫോക്കസ്, മാധ്യമ വിചാരം, വിധിയും വിചാരണയും, ചോദ്യോത്തരവേദി, കല്ലുകടി, ഡോ. കോര സംസാരിക്കുന്നു, വേദപഠനം തുടങ്ങി വ്യത്യസ്ത പംക്തികൾ

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ
ഐ. പി. സി. കുമ്പനാട് കൺവൻഷൻ സ്റ്റാൾ സന്ദർശിച്ച് വരിസംഖ്യ അടയ്ക്കുക
E-mail: beljourn@gmail.Com
Website: www.beljourn.com
BELIEVERS JOURNAL
KANDANKERIL BUILDING
KUMBANAD P.O.,
THIRUVALLA - 689 457
PHONE: 9447368795

# ഐ. പി. സി. മലബാർ കൺവൻഷൻ സമാപിച്ചു



**നിലമ്പൂർ:** ക്രൈസ്തവ പീഡനത്തിൽ തളരാതെയിരിക്കുവാൻ പ്രാർത്ഥനയിലും വചനത്തിലും സഭാജനങ്ങൾ ആശ്രയം വെക്കണമെന്ന് ഐ. പി. സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ പ്രസ്താവിച്ചു. നിലമ്പൂർ പാലുണ്ട ന്യൂഹോപ്പ് ബൈബിൾ കോളേജ് ഗ്രൗണ്ടിൽ നടന്ന ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭാ മലബാർ മേഖല കൺവൻഷനിലെ സംയുക്താരാധനയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. 2015 നവംബർ 25 ബുധൻ മുതൽ 29 ഞായർ വരെ നടന്ന കൺവൻഷൻ മേഖലാ രക്ഷാധികാരി പാസ്റ്റർ വി. ജെ. ജോർജ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ റവ. വത്സൻ ഏബ്രഹാം, സാം ജോർജ്, ഫിലിപ്പ് പി. തോമസ്, വിൽസൺ ജോസഫ്, പാസ്റ്റർ ജോയി ഏബ്രഹാം, പാസ്റ്റർ ബേബി വറുഗീസ്, ഫിന്നി തോമസ് എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ബാബു ജോസഫിന്റെ നേതൃത്വത്തിൽ ഗാനശുശ്രൂഷ നടന്നു. ബൈബിൾ സ്റ്റഡി, ശുശ്രൂഷകസമ്മേളനം, ഉപവാസപ്രാർത്ഥന, സോദരി സമ്മേളനം, യുവജന സമ്മേളനം എന്നിവർ ഉണ്ടായിരുന്നു. മലബാറിലെ സീനിയർ സെന്റർ പാസ്റ്റർമാരായ ബാബു ഏബ്രഹാം, സണ്ണി ജോർജ്, കെ. സി. ഉമ്മൻ, മാത്യു തോമസ്, കെ. ഐ. വറുഗീസ്, ജോയി ഗീവറുഗീസ്, സന്തോഷ് മാത്യു, എം. ജെ. ജോയി, എം. ജെ. മത്തായി എന്നിവർ വിവിധ സെക്ഷനുകളിൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ തോമസ് തോമസ്, സാംകുട്ടി ചാക്കോ നിലമ്പൂർ, ഫിജി ഫിലിപ്പ്, ജോർജ് എൻ. ഏബ്രഹാം എന്നിവർ പകൽ മീറ്റിംഗിൽ ക്ലാസ്സെടുത്തു.

## 10 ചോദ്യോത്തരവേദിക്ക് ഒരു വിയോ.....

സ്തവചരിത്രത്തിൽ കടന്നുപോയിട്ടുണ്ട്! അവരുടെ ശരീരത്തിനേറ്റ പീഡനം വച്ചുനോക്കുമ്പോൾ യേശുവിന്റെ ശരീരപീഢകൾ വ്യത്യസ്തമായിരുന്നത്, നമ്മെ ദൈവമക്കളാക്കുവാൻ വേണ്ടി യേശു തന്റെ ശരീരത്തിൽ ഏറ്റെടുത്ത ശിക്ഷ, ആദാമ്യസ്വഭാവത്തിന്മേലുള്ള ശിക്ഷയായതിനാൽ ആയിരുന്നു. എഫേസ്യ ലേഖനത്തിൽ ഈ യാഥാർത്ഥ്യം കുറേക്കൂടി വ്യക്തമാക്കിയിരിക്കുന്നു:...അവരുടെ ഇടയിൽ നാം എല്ലാവരും മുമ്പേ നമ്മുടെ ജഡമോഹങ്ങളിൽ നടന്നു, ജഡത്തിനും മനോവികാരങ്ങൾക്കും ഇഷ്ടമായതു ചെയ്തുകൊണ്ട് മറ്റുള്ളവരെപ്പോലെ പ്രകൃതിയിൽ കോപത്തിന്റെ മക്കൾ ആയിരുന്നു (എഫേസ്യർ 2:2). സാത്താന്റെ വഞ്ചനയാൽ ആദമിൽ പ്രവേശിച്ച ജഡികസ്വഭാവങ്ങൾ മനുഷ്യനെ ദൈവകോപത്തിന്റെ ഇരകളാക്കിയെങ്കിൽ അവയെ കുരിശിൽ തറച്ച്, സാത്താന്റെ തന്ത്രങ്ങളെ പരാജയപ്പെടുത്തിയാണ് നമ്മെ വീണ്ടും ദൈവമക്കളാക്കുവാൻ യേശു തന്റെ ദേഹിയിൽ (flesh) ശിക്ഷ ഏറ്റുവാങ്ങിയത്. ആദാമ്യ പിന്തുടർച്ചയായ എനിക്കുവേണ്ടി യേശു ഈ ശിക്ഷ ഏറ്റുവാങ്ങിയത് എന്നെപ്പോലുള്ള ഒരു ആദാമ്യ ശരീരത്തിൽ അല്ലായിരുന്നുവെങ്കിൽ, യേശുവിന്റെ മരണത്തിലൂടെ ആദാമ്യപിന്തുടർച്ചക്കാരനായ എന്റെ പാപമോചനം എങ്ങനെ സാധ്യമാകും? യേശുവിന്റെ മരണം ഒരു പാഴ്‌വേലയാകില്ലായിരുന്നോ? നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിക്കുവാൻ കഴിയാത്തവനല്ല, പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്. അതുകൊണ്ട് കരുണ ലഭിക്കുവാനും തക്കസമയത്തു സഹായത്തിനുള്ള കൃപ പ്രാപിക്കുവാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തു ചെല്ലുക (ഹെബ്രായർ 4:15,16). ഈ വാക്യത്തിന്റെ മലയാളം പരിഭാഷ, ഇംഗ്ലീഷ് പരിഭാഷയിൽനിന്ന് വളരെ വ്യത്യസ്തമാണെന്ന് കാണുന്നു. For we have not an high priest which cannot be touched with the feeling of our infirmities; but was in all points tempted like as we are, yet without sin നമുക്കു തുല്യനായി പരീക്ഷിക്കപ്പെട്ടിട്ടുപോലും പാപം ചെയ്തില്ല എന്ന ആശയമാണ് ഇംഗ്ലീഷ് പരിഭാഷയിലുള്ളത്. നമ്മെപ്പോലെ എല്ലാ അർത്ഥത്തിലും യേശു പരീക്ഷിക്കപ്പെട്ടുവെന്ന് ഇത് വ്യക്തമാകക്കുന്നു, എന്നിട്ടും പാപം ചെയ്യാത്തവനായിരുന്നു യേശു, എന്തായിരുന്നു ഇതിന്റെ രഹസ്യം? പരിശുദ്ധാത്മ നിറവിലുള്ള ജീവിതമായിരുന്നു അത്. ഇന്നും പരിശുദ്ധാത്മനിറവിൽ ജീവിക്കുന്നവർക്ക് ഇപ്രകാരമുള്ള ജീവിതം സാധ്യമാകും എന്നതുകൂടിയാണ് ബൈബിൾ പ്രഘോഷിക്കുന്ന സദ്വാർത്ത (goodnews).

ദൈവവചനത്തിൽ യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തെക്കുറിച്ച് ലേഖകനുള്ള അജ്ഞത മറനീക്കി പുറത്തുവരുന്ന വാചകങ്ങളാണ് മൂന്നാമത്തെ വാക്യങ്ങളിലുള്ളത്. ജന്മനാ പാപസ്വഭാവത്തിൽ ജനിക്കുന്ന ആദാമ്യസന്തതികളായ നാം പ്രലോഭനങ്ങളിൽ ആകർഷിക്കപ്പെട്ട് ജഡത്തിന്റെ പ്രവൃത്തികൾ ചെയ്യാൻ സാധ്യതയുണ്ട്. സാഹചര്യം അനുകലൂമായാൽ മതി. ക്രൈസ്തവ ആത്മീയജീവിതത്തിൽ ഇത്രമേൽ നിരുത്തരവാദപരമായ ഒരു പ്രസ്താവന ചെയ്യാൻ കഴിയുന്നത് ഭയത്തോടെ മാത്രമേ കാണാൻ കഴിയൂ. സാഹചര്യങ്ങൾ നൂറുശതമാനവും അനുകൂലമായ സന്ദർഭങ്ങളിൽപോലും ദൈവഭയത്തോടെയും ദൈവത്തെ പ്രസാദിപ്പിക്കുന്നതിനുവേണ്ടിയും ജീവിച്ച എത്രയോ ദൈവമനുഷ്യന്മാരുടെ ജീവിതം വിശുദ്ധ ബൈബിളിൽ നാം വായിക്കുന്നു! പൊത്തിഫറിന്റെ ഭാര്യയിൽനിന്ന് ഒരു ജോസഫ് എന്ന യുവാവിന് അതിജീവനം സാധ്യമായെങ്കിൽ പരിശുദ്ധാത്മാവിനെ പ്രാപിച്ചവർ എന്ന് അവകാശപ്പെടുന്നവർ എന്തുകൊണ്ട് പ്രലോഭനങ്ങളുടെ നേരേ ഇത്രമേൽ നിസ്സംഗതയോടെ പ്രതികരിക്കുന്നു? പാപപ്രലോഭനങ്ങൾക്കു നേരേ പ്രാണത്യാഗംപോലും ചെയ്യാൻ തയാറായ ഭക്തന്മാരുടെ ഒരു ലോകത്തിൽ പ്രലോഭനങ്ങളെയും വീഴ്ചയെയും ന്യായീകരിക്കുന്നത് പരിധിവിട്ടുപോകുന്നു എന്നു മാത്രമേ ഇവിടെ കുറിക്കുന്നുള്ളൂ. പാപത്തോടുള്ള വിശ്വാസികളുടെ കാഴ്ചപ്പാടിൽ ഇത്രമേൽ ലാഘവത്വം കാണിച്ചാൽ അത് രക്ഷിക്കപ്പെട്ട അനേകരുടെ നിത്യതയെ തകർത്തുകളയും എന്നത് അറിഞ്ഞിരിക്കുക. ലേഖനത്തിന്റെ എട്ടാം ഖണ്ഡികയിൽ യേശുവിന്റെ ഇഷ്ടം എന്ന മാർമിക വിഷയത്തെ ജോർജ് ഫിലിപ്പ് വളരെ വികലമായി മനസ്സിലാക്കിയിരിക്കുന്നതിന്റെ തെളിവുകൾ നിരവധി കാണാം. രണ്ടാം ആദാമിന്റെ ശരീരത്തെയും രക്തത്തെയും വെറും സാധാരണവൽക്കരിച്ചതുകൊണ്ട് ജോജി ടി സാമുവേലിന് പറ്റിയ അബദ്ധം എന്നു പറഞ്ഞ് ഇത്രമഹത്തായ വിഷയത്തെ ജോർജ് ഫിലിപ്പ് തൃണവൽക്കരിച്ചിരിക്കുന്നു. യേശുവിന് സ്വന്തം ഇഷ്ടങ്ങൾ ഉണ്ടായിരുന്നോ? തന്റെ ദൈവത്വം മുറുകെപ്പിടിക്കാതെ, സമ്പൂർണ്ണമനുഷ്യനായി ജീവിച്ച യേശുവിന് സ്വന്തം ഇഷ്ടങ്ങൾ ഇല്ലെന്ന് വിശ്വസിക്കുന്നത് എത്ര്യയോ യുക്തിരഹിതമാണ്? യേശുവിന്റെ മഹത്തായ രണ്ട് പ്രസ്താവനകൾ നോക്കുക. ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രെ ചെയ്യുവാൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി വന്നിരിക്കുന്നത് (യോഹന്നാൻ 6:38). യേശുവിന് സ്വന്തം ഇഷ്ടങ്ങളും അഭിപ്രായങ്ങളും ഇല്ലായിരുന്നുവെങ്കിൽ യേശുവിന്റെ ഈ പ്രസ്താവന വെറും വ്യാജമായിരുന്നു. യേശു വ്യാജനായിരുന്നില്ല, അവിടുന്ന് സത്യം മാത്രമായിരുന്നു (ഞാൻ സത്യം ആകുന്നു -യോഹ 14:6) സ്വന്ത ഇഷ്ടത്തിന്മേൽ പിതാവിന്റെ ഇഷ്ടം എന്നതായിരുന്നു യേശു ജീവിതകാലം മുഴുവൻ വഹിച്ച പ്രലോഭനങ്ങളും പീഡകളും. ഹെബ്രായ ലേഖനം 2:18 നോക്കുക താൻ തന്നെ പരീക്ഷിതനായി കഷ്ടം അനുഭവിച്ചിരിക്കുകയാൽ പരീക്ഷിക്കപ്പെടുന്നവർക്ക് സഹായിക്കുവാൻ കഴിവുള്ളവൻ ആകുന്നു (Because he himself suffered when he was tempted, he is able to help those who are being tempted -NIV Bible)എന്ന വാക്യത്തിൽ യേശു നേരിട്ട എല്ലാ പ്രലോഭനങ്ങളും പിതാവിന്റെ ഇഷ്ടത്തിനുമേൽ സ്വന്തഇഷ്ടം ചെയ്യാനുള്ള പ്രലോഭനങ്ങളായിരുന്നു. ഇതായിരുന്നു യേശു വഹിച്ച യഥാർത്ഥ കുരിശ്. ലൂക്ക് 22:42ൽ യേശു പറയുന്നു: പിതാവേ, നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നു നീക്കണമേ, എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെ ആകട്ടെ. പിതാവിന്റെ ഇഷ്ടവും പുത്രന്റെ ഇഷ്ടവും സമ്മേളിച്ച വേദിയായിരുന്നു കുരിശ്. മരക്കുരിശ് വഹിക്കുന്നതിനു മുമ്പ്, മൂപ്പത്തിമൂന്നര വർഷം യേശു ഈ കുരിശ് വഹിക്കുന്നുണ്ടായിരുന്നു. മരക്കുരിശ് കൈയിൽ എടുക്കുന്നതിന് എത്രയോ മുമ്പാണ് യേശു പുരുഷാരത്തോടു പറയുന്നത് ദിനംതോറും തന്റെ (ഓരോ ശിഷ്യനും അവനവന്റെ കുരിശ് വഹിക്കണം, യേശുവിന്റെ കുരിശല്ല) കുരിശ് വഹിച്ച് എന്നെ അനുഗമിക്കട്ടെ (ലൂക്കോസ് 9:23) എന്ന്! ദിവസേന തന്റെ ജീവിതത്തിൽ യേശു വഹിച്ച ഈ കുരുശുകളെ കാണാതെ തന്റെ ജീവിതത്തിലെ യഥാർത്ഥ കുരിശിനെ മനസ്സിലാക്കാൻ ക്രിസ്തുശിഷ്യന്മാർക്ക് കഴിയില്ല. പൗലോസ് ഇത് തിരിച്ചറിഞ്ഞ് ഗലാത്യസഭയ്ക്കുള്ള ദൂതിൽ എഴുതി: ക്രിസ്തുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിച്ചിരിക്കുന്നു (ഗലാത്യ 5:24). യേശുവിന്റെ കുരിശിനെ തെറ്റിദ്ധരിച്ചതാണ് പട്ടത്വസഭകൾ ഉയർത്തിപ്പിടിച്ചിരിക്കുന്ന മരക്കുരിശുകൾ (ഈ വിഷയങ്ങളൊന്നും കൂടുതൽ വിശദീകരിക്കാൻ ശ്രമിക്കുന്നില്ല).

## കവിത



**അനിൽ കൊടിത്തോട്ടം**

### എഴുത്ത്

നീലനദിയുടെ ഓരത്ത് തളിരിട്ട
ഞാങ്ങണച്ചെടിയുടെ
ഉടൽ പിളർന്നുരുവായ
പുസ്തകച്ചുരുളിൽ തുടിക്കുന്ന ബോധമേ
നിന്റെ പേരാകുന്നെഴുത്ത്!
ദാഹം തിളയ്ക്കുന്ന
നാവിൽ തുളുമ്പുന്നൊരുയിരിന്റെ
പേരാണെഴുത്ത്
താമിസ്രമന്ധതാമിസ്രങ്ങൾക്കുള്ളിലും
തെളിയുന്ന സൂര്യപ്രവാഹമാണ്
ഏഴു കടലുകൾക്കപ്പുറത്തപ്പുറ-
ത്തറിയാത്ത ദ്വീപിലെ മുത്തുമണിതേടും
പഥികന്റെ പാഥേയമാണെഴുത്ത്
ഇടിനാദമുയരുന്ന
സീനായ് ഗിരിമുകളി-
ലെരിയുന്ന തീക്കനൽ
ജ്വാലയാലിന്നെന്റെ
ഉടയവനരുളുന്ന സത്യം!
പാപശാപങ്ങളെ നെഞ്ചേറ്റിവാങ്ങിയാ
പാനപാത്രത്തെ വിതുമ്പികുടിക്കവെ
കൂട്ടായി നിന്നവൻ ഒറ്റിക്കൊടുക്കവേ
കൂടെപ്പിറപ്പുകൾ വിട്ടകന്നീടവേ
കൂരാണികൊണ്ടു കുരിശിൽ തറയ്ക്കവേ
നിൻ നാവിലൂടെപ്പിറന്നൊരാസത്യത്തെ
അക്ഷരം എന്നു തിരിച്ചറിയുന്നു ഞാൻ.
നരകാഗ്നികൊണ്ടും നരബോധസത്യത്തെ
നക്കിതുടയ്ക്കുന്ന നീചകൃത്യങ്ങളെ
വാക്കിന്റെ വജ്രായുധം കൊണ്ടെതിർക്കുന്ന
അക്ഷരയുദ്ധം എനിക്കെഴുത്ത്!
രാജാവ് നഗ്നനായി തെരുവിൽ നടക്കവേ
നന്നല്ലതെന്നുള്ള കുഞ്ഞിന്റെ വാക്കിലേ
വനരോദനം പോലെനിക്കെഴുത്ത്!
കർപ്പൊസിൻ പക്കൽ വച്ചിട്ടുപോന്നുള്ള
കീറപ്പുതപ്പാണെനിക്ക് സ്വന്തം
ചങ്ങലകൊണ്ടൊരു മാലതീർക്കൂ
കരിങ്കൽ തുറങ്കിലടച്ചുനോക്കൂ
കഴുമരം മീതെക്കുയർത്തിവയ്ക്കൂ
കല്ലറയ്ക്കുള്ളിൽ അടച്ചുനോക്കൂ
ക്രൂരപ്പരിഷയെ കാവലാക്കൂ
വാളിന്റെ വായ്ത്തല രാകി നൽകൂ
കോടാനുകോടി യുഗത്തിൻ
കരുത്തുമായി കല്ലറഭേദിച്ചുയർന്നുവരും!
മരണപിശാചിന്റെ തലതകർക്കും
അഹന്തകൊണ്ടാകാശമേറുന്ന
ഗിരികളെ വേരോട് അന്നു പിഴുതുമാറ്റും
അലകടൽ വറ്റിച്ചു ശൂന്യമാക്കും
ഉഗ്രപ്രതാപങ്ങൾ മുട്ടുകുത്തും
ഒരു പുതിയ രാജ്യം പടുത്തുയർത്തും!
ഒരു നീതിസൂര്യന്റെ ഉദയപ്രഭകൊണ്ട്
ഉലകത്തിനൊരുപുതിയ ഭാവമേകും.

## കൺവൻഷൻ

**കോട്ടയം:** ഇരുന്നൂറാമത് ജി.എം.ഐ. ക്രൂസേഡും സംഗീത വിരുന്നും മാങ്ങാനം ഫസ്റ്റ് ചർച്ച് കൺവൻഷൻ സ്റ്റേഡിയത്തിൽവെച്ച് 2015 ഡിസംബർ 22 മുതൽ 2016 ജനുവരി 10 വരെ നടക്കും. പി.സി.ഐ. നാഷണൽ പ്രസിഡന്റ് ബ്രദർ തോമസ് വടക്കേക്കുറ്റ് ഉദ്ഘാടനംചെയ്യും. പാസ്റ്റർമാരായ രാജു മേത്ര, അനിൽ കൊടിത്തോട്ടം, എബി പീറ്റർ, തോമസ് ഫിലിപ്പ്, തോമസ് മാമ്മൻ, ജെയ്സ് പാണ്ടനാട്, രാജു പൂവക്കാല, ഒ.എം.രാജുക്കുട്ടി, ജെയിംസ് എം. പോൾ, രാജു ആനിക്കാട്, പി.റ്റി. തോമസ്, എബി ഏബ്രഹാം എന്നിവർ പ്രസംഗിക്കും. പാസ്റ്റർ ഷേണായി നേതൃത്വം നൽകും.


**കുമ്പനാട്ട് വീട് വില്പനയ്ക്ക്**

കുമ്പനാട് ജംഗ്ഷനു സമീപം തിരുവല്ല കോഴഞ്ചേരി റോഡിൽ നിന്നും 300മീറ്റർ അകലത്തിൽ 8 സെന്റിൽ എല്ലാ സൗകര്യങ്ങളോടു കൂടിയ 1800Sqft വീട് വില്പനയ്ക്ക്.

ഫോൺ: 9947197324

# നിത്യതയിൽ



### പാസ്റ്റർ റ്റി. എൻ സൈമൺ (69)

**വെള്ളറ:** ചെമ്പൂർ വലിയവഴി റാണി ഭവനിൽ കുടുംബാംഗവും ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് മുൻ ശുശ്രൂഷകൻ ആയിരുന്ന പാസ്റ്റർ റ്റി. എൻ സൈമൺ (69) നവംബർ 21-ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി. വെള്ളറട ലേഖകൻ പാസ്റ്റർ എസ്.ഇ ജ്ഞാനദാസ് ഭവനം സന്ദർശിച്ച് അനുശോചനം അറിയിച്ചു.

ഭാര്യ: പരേതയായ സുലോചന, മക്കൾ: സ്റ്റാന്റിലി റാണി, ബാബു, സത്യദാസ്,സഹായദാസ്, മരുമക്കൾ: സ്റ്റാൻലി, ശോഭ, ജെസ്സി, അച്ചു

### റ്റി. എസ്. വർക്കി (തങ്കച്ചൻ-63)



**എടത്വാ:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ സുവിശേഷകൻ കുന്തിരിക്കൽ ബിൻസി വിലാസത്തിൽ റ്റി. എസ്. വർക്കി (തങ്കച്ചൻ - 63) നിത്യതയിൽ. സംസ്കാരം ഐ. പി. സി. കുന്തിരിക്കൽ ഹെബ്രോൻ സെമിത്തേരിയിൽ നടത്തി. ഭാര്യ: നിരണം കുന്നത്തുകുഴിയിൽ കുഞ്ഞുമോൾ, മക്കൾ: ബിൻസി (ഇറ്റലി), പ്രിൻസി, ജാൻസി, മരുമക്കൾ: നീരേറ്റുപുറം പുരയ്ക്കൽ തോമസ് സ്കറിയ, നിരണം പറപ്പറമ്പിൽ ബ്ലസൻ ഫിലിപ്പ് (ഖത്തർ), മേപ്രാൽ എബനേസറിൽ സുവിശേഷകൻ അജു അലക്സ് (പി. വൈ. പി. എ. കേരള സ്റ്റേറ്റ് (വൈസ് പ്രസിഡന്റ്).



### പാസ്റ്റർ ഏബ്രഹാം താന്നിക്കൽ (85)

**ന്യൂജേഴ്സി:** പരേതരായ താന്നിക്കൽ ഐപ്പ് - മറിയാമ്മ ദമ്പതികളുടെ മകൻ പാസ്റ്റർ ഏബ്രഹാം താന്നിക്കൽ (അവറാച്ചൻ-85) ന്യൂജേഴ്സിയിൽ വെച്ച് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.സംസ്കാരം റിഡ്ജ്ലോൺ സെമിത്തേരിയിൽ നടത്തി. 1989-ൽ കുടുംബമായി അമേരിക്കയിൽ കുടിയേറി പാർത്ത പാസ്റ്റർ ഏബ്രഹാം ജോലിയോടൊപ്പം റ്റീനെക്ക് ചർച്ച് ഓഫ് ഗോഡ് ന്യൂജേഴ്സി സഭയുടെ സീനിയർ ശുശ്രൂഷകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ഭാര്യ: പരേതയായ മറിയാമ്മ, മക്കൾ: ഡെയ്സി, ജോൺസൺ, വിൽസൺ(എല്ലാവരും യു.എസ്.എ), മരുമക്കൾ: ജോസ്, ഷൈനി, ഷേർളി.

# ഉപവാസ പ്രാർത്ഥന

**ചെറിയനാട്:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ ചെറിയനാട് സഭയിൽ നടക്കുന്ന ഉപവാസ പ്രാർത്ഥനയിൽ ഡിസംബർ 22-ാം തീയതി പകൽ രാത്രി യോഗങ്ങളിൽ പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ ദൈവവചനം പ്രസംഗിച്ചു. പാസ്റ്റർ ആശിഷ് ആന്റണി അലക്സാണ്ടർ നേതൃത്വം നൽകി.

**കട്ടപ്പന:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കട്ടപ്പന സഭയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 24 മുതൽ 26 വരെ ഉപവാസ പ്രാർത്ഥന നടന്നു. പ്രസ്തുത യോഗത്തിൽ പാസ്റ്റർമാരായ ബിജു മോൻ കെ. വി, അശോക് അലക്സ് മാത്യു, ഷൈജു തോമസ് ഞാറയ്ക്കൽ എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. കട്ടപ്പന ഡിസ്ട്രിക്ട് ശുശ്രൂഷകൻ പാസ്റ്റർ റെജി കുര്യൻ യോഗങ്ങൾക്ക് നേതൃത്വം നല്കി.

# സുവിശേഷമഹായോഗം

**അട്ടച്ചാക്കൽ:** ഡിസംബർ 27, 28 തീയതികളിൽ അട്ടച്ചാക്കൽ സെന്റ് ജോർജ് സ്കൂളിനു സമീപം ബ്രദർ മനു മാത്യുവിന്റെ ഭവനാങ്കണത്തിൽ സുവിശേഷ മഹാ യോഗവും സംഗീത വിരുന്നും നടക്കും. പാസ്റ്റർമാരായ ഷൈജു തോമസ് ഞാറയ്ക്കൽ, ശിംശോൻ മാർട്ടിൻ എന്നിവർ ദൈവവചനം ശുശ്രൂഷിക്കും. ഗിലായാദ് ഗോസ്പൽ വോയ്സ് ഗാനങ്ങളാലപിക്കും.

**കാട്ടക്കട:** കട്ടയ്ക്കോട് ന്യൂ ഇൻഡ്യാ ദൈവസഭയുടെ ആഭിമുഖ്യത്തിൽ സുവിശേഷ മഹായോഗവും സംഗീതവിരുന്നും നടന്നു. റീജിയൺ പ്രസിഡന്റ് പാസ്റ്റർ പോൾ രാജ് ഉദ്ഘാടനം ചെയ്ത യോഗത്തിൽ പാസ്റ്റർമരായ കെ. ഒ തോമസ്, ഷൈജു തോമസ് ഞാറയ്ക്കൽ എന്നിവർ ദൈവവചനം സുശ്രൂഷിച്ചു. സീയോൻ ഗോസ്പൽ വോയ്സ് ഗാനങ്ങളാലപിച്ചു. പാസ്റ്റർ ജെസ്റ്റിൻ പോൾ യോഗങ്ങൾക്ക് നേതൃത്വം നല്കി.


# കുമ്പനാട്ട് വസ്തു വില്പനക്ക്

കുമ്പനാട് ജംഗ്ഷനിൽ നിന്നും 1 കിലോമീറ്റർ ദൂരത്തിനുള്ളിൽ (നാഷണൽ ക്ലബിനു സമീപം) 91 സെന്റ് സ്ഥലം മൊത്തമായി വില്പനയ്ക്ക്. പ്ലോട്ടുകളായി തിരിക്കാവുന്ന ഭൂമി. NRI ക്ക് മുൻഗണന.

ബന്ധപ്പെടുക. 9447368795


# കരിസ്മാ പ്രയർ ഫെലോഷിപ്പ് 7-ാം വർഷത്തിലേക്ക്



ഇവാ. സി. പി. വർഗീസ്



പാസ്റ്റർ കെ. ഇ. മാത്യു



പാസ്റ്റർ ജോജു തോമസ്



ഇവാ. സി. ജെ. ജോസഫ്

**കുമ്പനാട്:** കുമ്പനാടും സമീപപ്രദേശങ്ങളിലുമുള്ള പെന്തെക്കോസ്തുസഭകളുടെ ഐക്യവേദിയായ കരിസ്മാ പ്രയർ ഫെലോഷിപ്പ് വിജയകരമായി 7-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ വിവിധനിലകളിലുള്ള സുവിശേഷപ്രവർത്തനങ്ങൾക്ക് ഈ പ്രസ്ഥാനം പങ്കാളിത്തം വഹിച്ചു. ജില്ലയുടെ വിവിധഭാഗങ്ങളിൽ പരസ്യയോഗങ്ങൾ, ആശുപത്രി സന്ദർശനം, ജയിൽ സുവിശേഷീകരണം, ജീവകാരുണ്യ പ്രവർത്തനങ്ങൾ മുതലായവ നടത്തി വരുന്നു. ഈ വർഷത്തെ പൊതുസമ്മേളനം പ്രസിഡന്റ്, ഇവാഞ്ചലിസ്റ്റ് പി. വി. ചാക്കോയുടെ അദ്ധ്യക്ഷതയിൽ നടന്നു. ചർച്ച് ഓഫ് ഗോഡ് ഗവേണിംഗ് ബോർഡ് അംഗം പാസ്റ്റർ തോമസ് എം. പുളിവേലി മുഖ്യ പ്രഭാഷണം നടത്തി. തദവസരത്തിൽ പുതിയ വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു. രക്ഷാധികാരി: ഇവാ. സി. പി. വറുഗീസ്, പ്രസിഡന്റ് പാസ്റ്റർ കെ. ഇ. മാത്യു, സെക്രട്ടറി പാസ്റ്റർ ജോജു തോമസ്, ട്രഷറർ ഇവാ. സി. ജെ. ജോസഫ്, പ്രയർ കോ-ഓഡിനേറ്റർ പാസ്റ്റർ എം. കെ. കരുണാകരൻ, പ്രോഗ്രാം കോ-ഓഡിനേറ്റർ ഇവാ. പി. വി. ചാക്കോ.

# ഡിസ്ട്രിക്ട് കൺവൻഷൻ

**കുമ്പനാട്:** ഇൻഡ്യാ പെന്തെക്കോസ്തു ദൈവസഭ, കുമ്പനാട് സെന്റർ കൺവൻഷൻ 2016 ജനുവരി 6 മുതൽ 10 വരെ മുട്ടുമൺ ഐക്കര പെനിയേൽ ഗ്രൗണ്ടിൽ നടക്കും. പാസ്റ്റർ റ്റി.എസ്. ഏബ്രഹാം ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർ വൽസൻ ഏബ്രഹാം, പാസ്റ്റർ സാം ജോർജ്, പാസ്റ്റർ ഡോ. പോൾ മാത്യു, പാസ്റ്റർ ബാബു ചെറിയാൻ തുടങ്ങിയവർ പ്രസംഗിക്കും. സയോൺ സിംഗേഴ്സ് ഗാനങ്ങൾ ആലപിക്കും. സോദരീ സമാജം സംയുക്ത ഉപവാസപ്രാർത്ഥന, പുത്രികാ സംഘടന വാർഷികം, സംയുക്ത ആരാധന എന്നിവ നടക്കും. വിപുലമായ ക്രമീകരണങ്ങൾക്കായി വിവിധ സബ്കമ്മിറ്റികളെ തെരഞ്ഞെടുത്തു എന്ന് പബ്ലിസിറ്റി കൺവീനർ ബ്രദർ. കെ.റ്റി. ജോഷ്വാ അറിയിച്ചു.

**കാസർഗോഡ്:** ചർച്ച് ഓഫ് ഗോഡ് കാസർഗോഡ് ഡിസ്ട്രിക്ട് കൺവൻഷൻ ഡിസംബർ 18,19,20 തീയതികളിൽ കാസർഗോഡ് മാലക്കൽ മലനാട് ഓഡിറ്റോറിയത്തിൽവെച്ച് നടന്നു. ഡിസ്ട്രിക്ട് പാസ്റ്റർ കെ.ജി. രാജു ഉദ്ഘാടനം നിർവഹിച്ചു. പാസ്റ്റർമാരായ പി.ജെ. ജെയിംസ് (സ്റ്റേറ്റ് ഓവർസീയർ), പി.സി. ചെറിയാൻ, ജെയ്സ് പാണ്ടനാട് എന്നിവർ പ്രസംഗിച്ചു. രാജീശാമുവേൽ & ടീം ഗാനങ്ങളാലപിച്ചു. പെന്തെക്കോസ്ത് കൗൺസിൽ ഓഫ് ഇന്ത്യയുടെ മേഖല രൂപീകരണം 20 ന് ഉച്ച കഴിഞ്ഞ് നടക്കും. പി.സി.ഐ. ജനറൽ സെക്രട്ടറി പാസ്റ്റർ ജെ. ജോസഫ് പങ്കെടുത്തു.

**ചെങ്ങന്നൂർ:** ഐ.പി.സി ചെങ്ങന്നൂർ സെന്റർ 26-ാമത് കൺവൻഷൻ ജനുവരി 6 - 10 വരെ കല്ലിശേരി ഏബനേസർ സ്കൂൾ ഗ്രൗണ്ടിൽ നടക്കും. പാസ്റ്റർ ജേക്കബ് ജോൺ ഉദ്ഘാടനം ചെയ്യുന്ന യോഗങ്ങളിൽ പാസ്റ്റർമാരായ കെ.സി. ജോൺ, കെ.സി.തോമസ്, കെ.എസ്. ഏബ്രഹാം, എം.പി.ജോർജ്ജുകുട്ടി, എം.ജെ. ഡൊമനിക്ക്, സുധി ഏബ്രഹാം തുടങ്ങിയവർ പ്രസംഗിക്കും. 9 രാവിലെ മുതൽ സോദരീസമാജം വാർഷികവും 2 മുതൽ പി.വൈ.പി.എ സണ്ടേസ്കൂൾ സംയുക്ത വാർഷികവും നടക്കും ഞായറാഴ്ച 10-ന് രാവിലെ 9 മുതൽ കർത്തൃമേശയോട് കൂടിയ സംയുക്ത ആരാധനയോടെ സമാപിക്കും. സെന്റർ ക്വയർ ഗാനങ്ങൾ ആലപിക്കും.

# ഏകദിന സെമിനാർ

**തിരുവല്ല:** ന്യൂ ഇൻഡ്യാ വിമൻസ് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ചിലെ എല്ലാ ശുശ്രൂഷകന്മാരുടെയും ഭാര്യമാരേയും സെന്റർ, ലോക്കൽ തലത്തിൽ പ്രവർത്തിക്കുന്ന സെക്രട്ടറി, ജോ.സെക്രട്ടറി, ഖജാൻജി എന്നിവരെ ഏകോപിപ്പിച്ചു കൊണ്ട് 2015 ഡിസംബർ 3 വ്യാഴം രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 2 വരെ തിരുവല്ല ഗോസ്പൽ സെന്റർ പ്രാർത്ഥനാലയത്തിൽ വച്ച് ഏകോപന വനിത സെമിനാർ നടത്തപ്പെടുന്നു. സഭാ പ്രസിഡന്റ് റവ. തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്യും.

## പ്രസ്താവന

ദൈവസഭയുടെ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് സംബന്ധമായി ഞാൻ ഓവർസിയർക്കു നൽകിയ കത്ത് മാധ്യമങ്ങളിൽ ബന്ധപ്പെട്ട് ഓവർസിയർക്കും സഭയ്ക്കും ഉണ്ടായ പ്രയാസത്തിൽ ഞാൻ ഖേദിക്കുന്നു. ഈ കത്ത് മാധ്യമങ്ങളിൽ വന്നതിൽ എനിയ്ക്കു യാതൊരു പങ്കുമില്ലായെങ്കിലും ഇതുമൂലം ഉണ്ടായ എല്ലാ വിവാദങ്ങളും ഇതോടെ അവസാനിപ്പിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

പാസ്റ്റർ തോമസ് പുളിവേലിൽ
(മുൻ CGI കേരള കൗൺസിൽ സെക്രട്ടറി)

# കയ്റോസ് - 2015



കെയ്റോസ് 2015 സമ്മേളനം. റവ. ഡോ. കെ. സി. ജോൺ ഉത്ഘാടനം ചെയ്യുന്നു. ബ്രദർ സുധി കല്ലുങ്കൽ, പാസ്റ്റർ ബാബു ചെറിയാൻ, പാസ്റ്റർ കെ. വി. ചാക്കോ, ബ്രദർ ജിൻസൻ ജോഷ്വാ, പാസ്റ്റർ ബിനു കൊന്നപ്പാറ എന്നിവർ സമീപം.

**തിരുവല്ല:** പത്തനംതിട്ട മേഖലാ പി. വൈ. പി. എ.യുടേയും തിരുവല്ലാ സെന്റർ പി. വൈ. പി. എയുടേയും നേതൃത്വത്തിൽ, തിരുവല്ല ഐ. പി. സി. പ്രയർ സെന്റർ ചർച്ചിൽ വച്ച് കയ്റോസ് - 2015. ബൈബിൾ സെമിനാറും സംഗീത ശുശ്രൂഷയും നടന്നു.

റവ. കെ. സി. ജോൺ സമ്മേളനം ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ബാബു ചെറിയാൻ (പിറവം) മുഖ്യസന്ദേശം നൽകി. ബ്രദർ സുധി കല്ലുങ്കൽ (സ്റ്റേറ്റ് പി. വൈ. പി. എ. പ്രസിഡന്റ്), പാസ്റ്റർ കെ. വി. ചാക്കോ എന്നിവർ പ്രസംഗിച്ചു. ഡോ. ബ്ലസ്സൻ മേമന സംഗീത ശുശ്രൂഷയ്ക്കു നേതൃത്വം നൽകി. പാസ്റ്റർ ബിനു കൊന്നപ്പാറ, ബ്രദർ ജിൻസൻ കെ. ജോഷ്വാ, പാസ്റ്റർ സാം ഫിലിപ്പ്, പാസ്റ്റർ ബിജു സ്റ്റീഫൻ, പാസ്റ്റർ അനീഷ് ഏബ്രഹാം, ഇവാ. ആശിഷ് ശാമുവേൽ, ബ്രദർ ജോസി ഏബ്രഹാം, ഇവാ. ആശിഷ് ശാമുവേൽ, ബ്രദർ ജോസി എബ്രഹാം എന്നിവർ നേതൃത്വം നൽകി.

# ഗുഡ്ന്യൂസ് കൺവൻഷനും 36-ാമത് ബിരുദദാന സമ്മേളനവും

**കീഴില്ലം:** പെനിയേൽ ബൈബിൾ സെമിനാരിയുടെ ആഭിമുഖ്യത്തിൽ ഗുഡ്ന്യൂസ് കൺവെൻഷൻ ഫെബ്രുവരി 2, 3, 4 എന്നീ തിയതികളിൽ സെമിനാരി അങ്കണത്തിൽ നടത്തപ്പെടും. തുടർന്ന് 36-ാമത് ബിരുദദാന ശുശ്രൂഷ 6-ാം തിയതി രാവിലെ 10 മണിക്ക് ആരംഭിക്കും.

ധ്യാനം

# ഏലിയുടെ നിരീക്ഷണ പിഴവുകൾ



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

വാസ്തവവിരുദ്ധ വിമർശനത്തിന്റെ വിഷലിബ്ധത വിവരണാതീതമാണ്. അതിന്റെ ഫലത്താൽ ഉള്ളവാക്കപ്പെടുന്ന ഉൽപ്പന്നങ്ങളാൽ പ്രത്യക്ഷമായോ പരോക്ഷമായോ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളും ചെറുതല്ല. അപ്പോൾ തന്നെ യാഥാർത്ഥ്യവിമർശന സ്വഭാവത്തിന്റെ മൂല്യമുള്ള സ്വാധീനപരതയെ ഇവിടെ വിസ്മരിക്കുന്നില്ല. കാലഗമനത്തിന്റെ വഴികളിൽ മാനവസമൂഹത്തിൽ അതുമൂലം എണ്ണമറ്റ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട് എന്നുള്ളതും വാസ്തവം തന്നെയാണ്. പ്രസക്തമായ വിമർശനങ്ങൾ അഴിമതിയുടെയും ഏകാധിപത്യത്തിന്റെയും ചരിത്രങ്ങളിൽ നിർമ്മിച്ചെടുത്ത ശുഭകരമായ മുന്നേറ്റങ്ങൾ ശ്രദ്ധേയമാണ്. എന്നാൽ ഇവിടെ വ്യവഹരിക്കപ്പെടുന്നത് നിരർത്ഥക വിമർശനത്തിന്റെ അനാവശ്യതയാണെല്ലോ!

മന്ദിരവാതിലിൽ ഒരുവേള പുരോഹിതനായ ഏലി ഇരിക്കവേ മനോവ്യസനമുള്ള ഒരു മഹതി എത്തി മഹാദൈവത്തോട് പ്രാർത്ഥിച്ച് വളരെ കരഞ്ഞു. അടഞ്ഞ ഗർഭാശയത്തെ തുറന്ന് ഒരു പുരുഷസന്താനത്തെ തരുവാൻ കർത്താവിനു കനിവ് തോന്നിയാൽ കാലമുള്ളിടത്തോളം അവൻ കൃപാകടാക്ഷം തോന്നിയ ദൈവത്തിനു വേണ്ടിയുള്ളവനായിരിക്കുമെന്ന് ഒരു നേർച്ചയും നേർന്നു. ഇങ്ങനെ അവൾ മാറുപിളർക്കുന്ന വേദനയോടെ തന്റെ അപമാനഭാരമൊന്ന് മാറിക്കിട്ടുവാൻ യഹോവയോടപേക്ഷിക്കുന്നേരം, അവളുടെ അധരചലനത്തെ മാത്രം വിലയിരുത്തി വിമർശനവുമായി ഉടനടി എത്തി പുരോഹിതനായ ഏലി. ഇന്നയോളം തന്റെ ആലയ വാസത്തിൽ ഒരുപാട് പ്രാർത്ഥനകൾ ഏലി കണ്ടിട്ടുണ്ട്. നീണ്ട ആണ്ടുകളായി തന്റെ ശുശ്രൂഷ പരിചയത്തിന്റെ വെളിച്ചത്തിൽ പ്രാർത്ഥനയുടെ രീതിയും സ്വഭാവവും എന്തായിരിക്കണമെന്നു ഏലിക്കു വ്യക്തിപരമായ ഒരു നിർവചനമുണ്ട്. ഈ പാരമ്പര്യ നിർവചനത്തിന്റെ നിരർത്ഥകതയെ ചോദ്യം ചെയ്യുന്ന ഒരാത്മധിഷ്ഠിത പ്രാർത്ഥന കാണേണ്ടിവന്ന ഏലി ആശയകുഴപ്പത്തിലായി. ആത്മനിയോഗിതമായ ഹന്നയുടെ പ്രാർത്ഥനയെ പരിചയം കൊണ്ട് അളക്കുന്ന പുരോഹിതൻ!. പ്രാർത്ഥനയിൽ ശബ്ദം പുറത്തുവന്നില്ല എന്നതായിരുന്നു അവളിൽ ആരോപിക്കപ്പെട്ട അപരാധം. വീഞ്ഞിന്റെ ലഹരി ഹേതുവായാണ് ഇവളിത് ചെയ്യുന്നതെന്നാണ് ഏലീഭാഷ്യം!. പക്ഷെ ഇത് തന്റെ അർത്ഥരഹിത പാരമ്പര്യത്തിന്റെ ഒരു വിലകുറഞ്ഞ പ്രയോഗം മാത്രമാണ്. പ്രാർത്ഥിക്കുമ്പോൾ എപ്പോഴും ശബ്ദം പുറത്തുവരണമെന്നില്ല. അതിന്റെ അർത്ഥം ശബ്ദം പുറപ്പെടുവിച്ചു പ്രാർത്ഥിക്കരുതെന്നുമല്ല. പ്രാർത്ഥനക്കുള്ള ആത്മാവിന്റെ നിയോഗം സാഹചര്യത്തിനനുസരിച്ച് വ്യത്യാസപ്പെടാം. പിന്തുടരുവാൻ വേണ്ടി നിർവ്വചിക്കപ്പെട്ട ഒരു പ്രാർത്ഥനാരീതി ആത്മാവിന്റെ നിയോഗ വഴികളിൽ കാണുന്നതെയില്ല!.

ആത്മാവിന്റെ നിയോഗങ്ങളെയും നടത്തിപ്പുകളെയും പാരമ്പര്യത്തിന്റെ ശീലാചാരങ്ങൾ കൊണ്ട് വിമർശിക്കുന്നഅനാത്മിക തിവ്രവാദം അപരിഷ്കൃതമാണ്. രക്ഷിക്കപ്പെട്ടനാൾ തുടങ്ങി കൂടിവരവുകളിൽ കൂടി കൂടി കാലപ്പഴക്കം കൊണ്ട് യോഗങ്ങളിൽ നടക്കേണ്ട ശുശ്രൂഷകൾക്ക് ഒരു ക്രമം നാമങ്ങു രൂപപ്പെടുത്തി. ആത്മാവിന്റെ ശുശ്രൂഷകളും ഇടപെടലുകളും ഈ ക്രമത്തിന് പുറത്തായി. വർഷങ്ങളായുള്ള പരിചയത്തിന്റെ തുടർച്ചകളെ ചോദ്യം ചെയ്തുകൊണ്ട് ആത്മാവിന്റെ ശുശ്രൂഷകൾ നമുക്കിടയിൽ നടക്കാതെ വന്നു. കാലക്രമേണ ആത്മാവിന്റെ അനുഭവങ്ങൾ നമുക്കു പരിചിതമായി. നിർവ്വചിക്കപ്പെട്ടു. ഈ ക്രമത്തെ തെറ്റിച്ചുകൊണ്ട് വല്ലപ്പോഴുമെങ്കിലും ആലയത്തിനുള്ളിൽ ആത്മാവിന്റെ നിയോഗ പ്രവർത്തനങ്ങൾ സംഭവിച്ചു. എന്നാൽ നമുക്കത് അനുഭവമില്ലാത്തതിനാൽ അതിനെതിരായി പാരമ്പര്യത്തിന്റെ കുപ്പായമിട്ട നമ്മുടെ ജഡം നിരർത്ഥക വിമർശനവുമായി രംഗത്ത് വരും. ദൈവാത്മാവ് മറ്റൊരു രീതിയിൽ ആത്മാവിന്റെ പ്രവർത്തികൾക്കായി ആർക്കെങ്കിലും നിയോഗം നൽകിയാൽ ഇങ്ങനെ ഒരു പരിചയം ഞങ്ങൾക്കില്ലാത്തതിനാൽ അതിനെ അംഗീകരിക്കാതെ വിമർശിക്കുന്ന പ്രവണത നമുക്കു നന്നല്ല. അപ്പോൾ തന്നെ അത് വചനാധിഷ്ഠിതവും ദൈവീക പരിജ്ഞാനത്തിന്റെ അതിരുകൾക്കുള്ളിലുമായിരിക്കണം എന്നത് നിർബന്ധമാണുതാനും.

എല്ലാ ആലയ വാതിൽക്കലും ഏലീഭാവം പേറുന്ന പാരമ്പര്യവാദികൾ ഇടം പിടിച്ചിട്ടുണ്ട്. യോഗങ്ങളിൽ നടക്കേണ്ട ശുശ്രൂഷകളുടെ ഒരു ക്രമം അവർക്കു മനഃപാഠമാണ്. ഒന്ന് കഴിഞ്ഞാൽ പിന്നെ അടുത്തതെന്താണ് നടക്കേണ്ടത് എന്ന് അതിൽ എഴുതിവച്ചിട്ടുണ്ട്. മുപ്പതോ നാൽപ്പതോ കൊല്ലമായി പെന്തെക്കോസ്താലയത്തിന്റെ മൂലമായിരിക്കുന്നു എന്ന ഒറ്റകാരണത്താൽ ദൈവാത്മാവിന്റെ പ്രവർത്തനങ്ങളെ ചോദ്യം ചെയ്യാൻ നമുക്കധികാരമില്ല. നമുക്കുപരിചിതമായതെല്ലാം അനാത്മികമാണെന്ന് ചിന്തിക്കുന്നത് നന്നല്ല. ആത്മാവ് ശുശ്രൂഷകളെ നിയന്ത്രിച്ചിരുന്ന ഒരു നല്ല കാലം നമുക്കുണ്ടായിരുന്നു. പേരിനൊപ്പം നീണ്ടു കിടക്കുന്ന വേദശാസ്ത്ര ബിരുദങ്ങൾ കുറവായിരുന്നെങ്കിലും ആത്മാവിന്റെ നിയോഗത്താൽ ശുശ്രൂഷകളെ നിയന്ത്രിക്കുന്നവരായിരുന്നു പഴയ കാല ദൈവദാസന്മാർ. ഇന്നും അത് അന്യം നിന്നുപോയിട്ടില്ല എന്നത് ആശക്ക് വക നൽകുന്നുണ്ട് ആത്മാവിന്റെ നിയോഗത്താൽ പ്രാർത്ഥനയുടെ മറ്റൊരു രീതി അവലംബിച്ച ഹന്ന, പുരോഹിതനായ ഏലിയുടെ മുൻപിൽ പാരമ്പര്യ പ്രാർത്ഥനാക്രമത്തെ തെറ്റിച്ചവളായി തെറ്റിദ്ധരിക്കപ്പെട്ടു. അധരചലനം മാത്രം ആധാരമാക്കി തോന്നലുകളുടെ അടിസ്ഥാനത്തിൽ ആണ് ഏലി പ്രാർത്ഥനയെ വിമർശിക്കുന്നത്. നാമൊരിക്കലും ആത്മാവിന്റെ പ്രവർത്തനങ്ങളെ ചോദ്യം ചെയ്യുന്നവരാകരുത്. എന്നും ഒന്നുപോലെ ദിക്ക് നോക്കി എഴുന്നേറ്റു നിന്നോതുവാൻ എഴുതി തയാറാക്കിയ ജൽപ്പനാപുസ്തകങ്ങളെ പിൻപറ്റുന്നവരല്ലല്ലോ നാം. അതിനാൽ തന്നെ ആത്മാവിന്റെ പ്രവർത്തനങ്ങളെ മനസ്സാ അംഗീകരിച്ചുകൊണ്ട് പാരമ്പര്യം മറയാക്കി നടത്തുന്ന നിരർത്ഥക വിമർശനങ്ങളെ ഏലീഭാവങ്ങളെ അകറ്റികളഞ്ഞ് ആത്മാധിഷ്ഠിതമായ (എല്ലാ ആത്മാവും ദൈവത്തിൽ നിന്നുള്ളതോ എന്ന് ശോധന ചെയ്യുകയും വേണം) ദൈവിക പ്രവർത്തികൾക്കായി നമ്മെ സമർപ്പിക്കാം.

---

പ്രതികരണം

# ചോദ്യോത്തരവേദിക്ക് ഒരു വിയോജനകുറിപ്പ്

മാത്യൂ ചെമ്പുകണ്ടത്തിൽ

ബിലീവേഴ്സ് ജേണൽ 2015 നവംബർ 10ന് ഇറങ്ങിയ ലക്കത്തിൽ ജോർജ് ഫിലിപ്പ് തെക്കേക്കര ജോജി ടി സാമുവേലിന്റെ തെറ്റായ വചനവ്യാഖ്യാനം എന്ന തലക്കെട്ടിൽ എഴുതിയ ലേഖനം വായിച്ചു. ഈ ലേഖനത്തിൽ ജോജി ടി സാമുവേൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഗ്രന്ഥത്തിനെതിരായി ജോർജ് ഫിലിപ്പ് നടത്തുന്ന നിരൂപണവും അത് ഉളവാക്കുന്ന വചനവിരുദ്ധ ചിന്തകളെയുംകുറിച്ചാണ് ഈ പ്രതികരണങ്ങളും. ഒരു ഗ്രന്ഥനിരൂപണം നടത്തുമ്പോൾ ഗ്രന്ഥത്തിൽ ഏതു പേജിൽ, ഏതു ഖണ്ഡികയിൽ എന്ന് വിശദമാക്കുകയാണെങ്കിൽ അത് കൂടുതൽ കൃത്യതയുള്ളതായി മനസ്സിലാക്കാം. പ്രസ്തുത ലേഖനം വായിച്ചാൽ അതിൽ പറയുന്ന പല പ്രസ്താവനകളും ജോർജ് ഫിലിപ്പിന്റെ അഭിപ്രായമാണോ ജോജി ടി സാമുവേലിന്റെ ഗ്രന്ഥത്തിലുള്ളതാണോ എന്ന് വ്യക്തമാകുന്നില്ല. ആയതിനാൽ ആകെ അവ്യക്തതയാണ് ഈ ലേഖനത്തിൽ ആദിമുതൽ കാണുന്നത്. അതിൽ ജോർജ് ഫിലിപ്പിന്റേതെന്ന് വ്യക്തമാകുന്ന ചില അഭിപ്രായങ്ങൾ വചനവിരുദ്ധമാണെന്ന് ഈ ലേഖനത്തിൽ ചൂണ്ടിക്കാണിക്കട്ടെ.

ജോർജ് ഫിലിപ്പിന്റെ ഒരു അഭിപ്രായം ഇപ്രകാരമാണ് (യേശു) പൂർണ്ണ മനുഷ്യൻ എന്നുദ്ദേശിക്കേണ്ടത് ആദാം പാപം ചെയ്യുന്നതിനു മുമ്പുള്ള ആദാമിന്റെ ശരീരഘടനയാണ്. വിശ്വാസികളായ നാമെല്ലാം ഇടയ്ക്കിടെ പാപസ്വഭാവം പ്രകടിപ്പിക്കുന്നത് പാപം ചെയ്ത ശേഷമുള്ള ആദാമിന്റെ സന്തതികളായി ജനിക്കുന്നതുകൊണ്ടാണ്. അതായത്, യേശുവിന്റെ ശരീരത്തിന് പാപം ചെയ്ത ആദാമ്യ ശരീരരക്തവുമായി ഒരു ബന്ധവുമുണ്ടായിരുന്നില്ല. ജോർജ് ഫിലിപ്പിന്റെ ഈ അഭിപ്രായത്തിലുള്ള വചനവൈരുദ്ധ്യം എന്തെന്ന് നോക്കാം. ആദാമിന്റെ കുലത്തിൽ, ആദാമ്യസന്തതിയായി യേശുക്രിസ്തു ജനിച്ചു എന്നത് മത്തായിയുടെ സുവിശേഷത്തിലും ലൂക്കോസിന്റെ സുവിശേഷത്തിലും വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. ജഡം സംബന്ധിച്ച് ദാവീദിന്റെ സന്തതിയിൽനിന്ന് ജനിച്ചവനാണ് യേശുക്രിസ്തു എന്ന് റോമ ലേഖനം (റോമ 1:5) എഴുതുന്ന വേളയിൽ പൗലോസിന് സംശയം ഉണ്ടായിരുന്നില്ല. ആദമിന്റെ കുലത്തിൽ പിറന്ന ദാവീദിൽനിന്നും ഉളവായ തലമുറകളിലൂടെ മറിയം എന്ന കന്യകയിൽ ജനിച്ച യേശുക്രിസ്തുവിന് ആദാം പാപം ചെയ്യുന്നതിനു മുമ്പുള്ള ശരീരഘടനയായിരുന്നുവെന്നത് ജോർജ് ഫിലിപ്പിന് എവിടെനിന്നു കിട്ടിയ അറിവാണെന്നതു വിശദീകരിക്കേണ്ടയിരിക്കുന്നു. ഇതുകൂടാതെ, യേശുക്രിസ്തുവിന്റെ ശരീരത്തിന് പാപം ചെയ്ത ആദാമ്യ ശരീരരക്തവുമായി ഒരു ബന്ധവുമുണ്ടായിരുന്നില്ല എന്നൊരു കണ്ടെത്തൽകൂടി അദ്ദേഹം നടത്തിയിരിക്കുന്നു. അങ്ങനെയെങ്കിൽ കത്തോലിക്കർ വിശ്വസിക്കുന്ന ഇടത്തേക്കാണ് അദ്ദേഹത്തിന്റെയും ചിന്തകൾ പോകുന്നത്. അതായത്, മറിയം ജന്മപാപം ഇല്ലാത്തവളായി ജനിച്ചുവെന്നും, മറിയം ജന്മപാപം ഇല്ലാത്തവളായതിനാലാണ് അവളിൽനിന്ന് ജനിച്ച യേശുക്രിസ്തുവും ജന്മപാപമില്ലാത്തവനായി (പാപം ചെയ്യുന്നതിനു മുമ്പുള്ള ആദമിന്റെ അവസ്ഥ) ദൈവപുത്രനായതെന്നുമുള്ള വികലമായ കത്തോലിക്കാ പഠിപ്പിക്കലുകളിലേക്കാണ് ജോർജ് ഫിലിപ്പിന്റെ കണ്ടെത്തലുകളും എത്തിച്ചേരുന്നത്. ആദാമ്യകുലത്തിൽ ജനിച്ച വിവിധ പൂർവ്വികന്മാരിൽനിന്നും ഒടുവിൽ ജനിച്ച മറിയത്തിന് ഈ ജന്മപാപം ഇല്ല എന്ന കണ്ടെത്തൽ അംഗീകരിക്കുമ്പോൾ എല്ലാവരും പാപം ചെയ്ത് ദൈവതേജസ് ഇല്ലാത്തവരായി എന്ന് റോമ 3:23ൽ രേഖപ്പെടുത്തിയിരിക്കുന്ന വാക്യവും 1യോഹന്നാൻ 1:8ൽ രേഖപ്പെടുത്തിയിരിക്കുന്ന ആരെങ്കിലും തന്നിൽ പാപമില്ലെന്ന് പറഞ്ഞാൽ അവൻ നുണയനാണ് എന്ന വാക്യവും ജോർജ് ഫിലിപ്പിന്റെ കണ്ടെത്തലുകളോട് യോജിക്കുമോ?

മറ്റൊരു പ്രമാദമായ കണ്ടെത്തൽ ജോർജ് ഫിലിപ്പ് നടത്തിയിരിക്കുന്നത് ഇതാണ് യേശുവിന്റെ ശരീരരക്തം നമ്മുടേതിൽനിന്ന് വ്യത്യസ്തമായതുകൊണ്ടാണ്, യേശു മനുഷ്യസാദൃശ്യത്തിലായതെന്നും മനുഷ്യരൂപത്തിൽ തന്നെ ത്താൻ താഴ്ത്തി കുരിശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിത്തീർന്നു എന്നെഴുതിയിരിക്കുന്നതും (ഫിലി 2:8). ഈ പ്രസ്താവന അംഗീകരിച്ചാൽ വളരെ ഗുരുതരമായ ഒരു ആത്മീയ പ്രതിസന്ധിയായിരിക്കും നമുക്ക് നേരിടേണ്ടി വരിക. അത് എബ്രായലേഖനം 2:14ൽ മക്കൾ ജഡരക്തങ്ങളോടുകൂടിയവർ ആകകൊണ്ട് അവനും അവരെപ്പോലെ ജഡരക്തങ്ങളോടുകൂടിയവനായി...എന്ന വചനം ആത്മാർത്ഥതയില്ലാത്തതും വ്യാജവുമാണെന്നു വരും. യേശുക്രിസ്തുവിന്റെ രക്തം നമ്മുടേതിൽനിന്ന് വ്യത്യസ്തമാണെങ്കിൽ എബ്രായർ 2:14നെ എങ്ങനെ വ്യാഖ്യാനിക്കാൻ കഴിയും? എനിക്കുവേണ്ടി എന്റെ പാപം ഏറ്റെടുത്ത് യേശു കുരിശിൽ എനിക്കുവേണ്ടി മരിച്ചുവെങ്കിൽ യേശു കുരിശിൽ എന്നെത്തന്നെയാണ് പ്രതിനിധീകരിച്ചത്. ഈ ആത്മീയയാഥാർത്ഥ്യമാണ് യേശുക്രിസ്തുവിൽകൂടിയുള്ള രക്ഷയെ സ്വീകരിക്കാൻ ജനകോടികളെ ക്രിസ്തുവിലേക്ക് നയിച്ചത്.

യേശുവിന്റെ ശരീരത്തെ വിശേഷിപ്പിക്കാൻ 1കൊരിന്ത്യ ലേഖനം 15:49ൽ രേഖപ്പെടുത്തിയിരിക്കുന്ന വാക്യത്തെ ജോർജ് ഫിലിപ്പ് കൊണ്ടുവരുന്നു. ഒന്നാമത്തെ മനുഷ്യൻ (ആദം), ഭൂമിയിൽനിന്ന് മണ്ണുകൊണ്ടുള്ളവൻ ആകുന്നു, രണ്ടാമത്തെ മനുഷ്യൻ (യേശു) സ്വർഗ്ഗത്തിൽനിന്നുള്ളവൻ ആകുന്നു എന്ന വാക്യം ഉദ്ധരിച്ചുകൊണ്ട് നാം മണ്ണുകൊണ്ടുള്ള ശരീരമാണെന്നും പിന്നീട് എപ്പോഴോ രണ്ടാമത്തെ മനുഷ്യനായ യേശുവിന്റെ പ്രതിമയും ധരിക്കും എന്നും ജോർജ് ഫിലിപ്പ് എഴുതുന്നു. എന്നാൽ, 1കൊരിന്ത്യ 15-ാം അധ്യായത്തിന്റെ പശ്ചാത്തലം ശ്രദ്ധിക്കുക. മരണത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ഭാഗമാണിത്. ഇവിടെ പറയുന്നത് പുനരുത്ഥാനശരീരത്തെക്കുറിച്ചാണ്. അല്ലാതെ, ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ ആദാമ്യശരീരത്തിൽനിന്ന് വ്യത്യസ്തമായി യേശുവിന്റെ ഭൗതികശരീരത്തെക്കുറിച്ചല്ല. പുനരുത്ഥാനശരീരം ധരിച്ചുകൊണ്ട് യേശുവിന്റെ രണ്ടാം വരവിന് മുമ്പേ മനുഷ്യനു ജീവിക്കാൻ കഴിയുന്നതെങ്ങനെ? ഇത്തരം പ്രസ്താവനകളിലൂടെ ജോർജ് ഫിലിപ്പ് വായനക്കാരെ വളരെ തെറ്റിദ്ധരിപ്പിക്കുകയാണ്.

സ്വതന്ത്രപരിഭാഷ എന്ന പേരിൽ ജോർജ് ഫിലിപ്പ് എഴുതിയിരിക്കുന്ന റോമാലേഖനം 8:3 ന്റെ വ്യാഖ്യാനം (രണ്ടാമത്തെ ഖണ്ഡികയുടെ ഒടുവിൽ) വളരെ വികലമായിപ്പോയി. അദ്ദേഹത്തിന്റെ സ്വതന്ത്രപരിഭാഷ ഇങ്ങനെയാണ്: ദൈവം തന്റെ പുത്രനെ പാപകരമായ നമ്മുടെ ശരീരത്തിന്റെ സാദൃശ്യത്തിലും നമ്മുടെ പാപവും നിമിത്തവും അയച്ച്, നമ്മുടെ പാപത്തിന് യേശുവിന്റെ പാപരഹതിമായ ശരീരത്തിൽ ശിക്ഷ വിധിച്ചു. ദൈവവചനത്തെ ഒട്ടും കുറ്റബോധമില്ലാതെ വളച്ചൊടിക്കുന്ന ഇത്തരം പ്രവണതകൾ ആരുടെ ഭാഗത്തുനിന്ന് ഉണ്ടായാലും അതിനെ എതിർക്കേണ്ടതുണ്ട്. ഇപ്രകാരമൊരു സ്വതന്ത്രവ്യാഖ്യാനം എത്രയോ വലിയ തെറ്റാണെന്നത് റോമലേഖനം 8:3 വിശുദ്ധ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് വായിക്കുമ്പോൾ കാണാം: ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിന് കഴിയാതിരുന്നതിനെ സാധിക്കുവാൻ ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു, പാപത്തിന് ജഡത്തിൽ ശിക്ഷ വിധിച്ചു. ജഡം എന്ന വാക്കിന് മനുഷ്യശരീരത്തിലെ മാംസവും രക്തവും ആണ് എന്നൊരു തെറ്റിദ്ധാരണയാൽ ഉളവായ തെറ്റാണ് ജോരർജ് ഫിലിപ്പിന്റെ സ്വതന്ത്ര പരിഭാഷയിൽ സംഭവിച്ചിരിക്കുന്നത്. ജഡം അഥവാ flesh എന്നത് മനുഷ്യന്റെ സ്വഭാവത്തെയാണ് (human nature) കാണിക്കുന്നത് എന്ന് ഗലാത്യ ലേഖനം 5:18നെ അടിസ്ഥാനമാക്കി മനസ്സിലാക്കാം. ആദം പാപം ചെയ്തപ്പോൾ ദേഹിയിൽ സംഭവിച്ച എല്ലാ തകരാറുകളുമാണ് ഗലാത്യ 5:18ൽ രേഖപ്പെടുത്തിയിരിക്കുന്നത്. അത് ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് എന്നിങ്ങനെ ആദാമ്യപിന്തുടർച്ചയായ മനുഷ്യനെ ദൈവത്തിൽനിന്ന് അകറ്റിനിർത്തിയ എല്ലാ ആദാമ്യസ്വഭാവത്തെയുമാണ് യേശുവിൽ ശിക്ഷിച്ചത്. അല്ലാതെ, യേശുവിന്റെ ഭൗതിക ശരീരത്തിന്മേൽ കുറെ വേദന കയറ്റിവിട്ട് അതിലൂടെയുള്ളൊരു വീണ്ടെടുപ്പ് ആയിരുന്നില്ല. യേശുവിനെക്കാൾ ക്രൂരമായി ശരീരത്തിൽ ദണ്ഡനം അനുഭവിച്ച് മരിച്ച എത്രയോ ക്രൈസ്തവർ കഴിഞ്ഞ 20 നൂറ്റാണ്ടുകളിലെ ക്രൈ

08

ലേഖനം

# ദൗത്യം മറക്കുന്ന സഭകൾ

മാത്യു പോൾ, നവിമുംബൈ

സഭ എന്നത് ക്രിസ്തുവിൽ മറഞ്ഞു കിടന്ന ദൈവീക മർമ്മത്തിന്റെ വെളിപ്പാടാണ്. അത് ക്രിസ്തുവിന്റെ ശരീരമാണ്. അദൃശ്യ സഭ ക്രിസ്തുവിന്റെ മണവാട്ടിയായി അവരോധിക്കപ്പെടുമ്പോൾ, ദൃശ്യസഭ അവന്റെ ദൗത്യനിർവഹണത്തിൽ ശ്രദ്ധാലുവാകുന്നു. പാതാള ഗോപുരങ്ങൾക്ക് ജയിക്കുവാൻ കഴയാത്ത വിധം കരുത്തറ്റ ഒരു സഭയെയാണ് പരിശുദ്ധാത്മാവ് ഈ ഭൂമിയിൽ പണിതു കൊണ്ടിരിക്കുന്നത്. കർത്താവ് ഈ ഭൂമിയിൽ ആയിരുന്നപ്പോൾ തുടങ്ങിവച്ച ശുശ്രൂഷയുടെ പൂർത്തീകരണമാണ് സഭയുടെ ദൗത്യം. സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിച്ച് അവരെ കർത്തൃശിഷ്യരാക്കുക, ദൈവീക സ്വഭാവങ്ങൾ മറ്റുള്ളവർക്ക് വെളിപ്പെടുത്തി കൊടുക്കുക, ക്രിസ്തുവിൻ സ്ഥാനാപതികളായി ഈ ഭൂമിയിൽ ജീവിക്കുക, മറ്റുള്ളവരെ ക്രിസ്തുവിൽ തികഞ്ഞവരാക്കുക എന്നിത്യാദി ദൗത്യങ്ങളാണ് കർത്താവ് സഭയെ ഭരമേല്പിച്ചിരിക്കുന്നത്.

എന്നാൽ ഇന്നത്തെ സഭകൾ, തങ്ങളുടെ ദൗത്യം മറന്ന്, തങ്ങൾക്ക് ബോധിച്ച വിധത്തിൽ മുന്നോട്ടു പോകുന്നതായി കണ്ടുവരുന്നു. പ്രവാചക ഭാഷയിൽ പറഞ്ഞാൽ, പുരോഹിതന്മാരും പ്രവാചകന്മാരും, സാധാരണ ജനങ്ങളും ദൗത്യ ലംഘനത്തിൽ തുല്യ ഉത്തരവാദികളാണ്.

ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ആത്മീകവർദ്ധനവിന് വേണ്ടിയാണ് ദൈവസഭയിൽ അപ്പോസ്തലന്മാരേയും പ്രവാചകന്മാരെയും. സുവിശേഷകന്മാരെയും, ഇടയന്മാരെയും, ഉപദേഷ്ടാക്കന്മാരെയും നിയമിച്ചിരിക്കുന്നത് (എഫെ:4:11-13). എന്നാൽ ഇന്നത്തെ സഭകളിൽ കേവലം ഇടയന്മാർ മാത്രമായി. മറ്റുള്ളവരുടെ ശുശ്രൂഷകളെ വിവിധ കാരണങ്ങൾ പറഞ്ഞ് ആഗ്രഹിക്കുകയോ, പ്രോത്സാഹിപ്പിക്കുകയോ അനുവദിക്കുകയോ ചെയ്യുന്നില്ല.

പത്രോസ് അപ്പോസ്തലൻ തന്റെ കൂട്ടുശുശ്രൂഷകരെ പ്രബോധിപ്പിക്കുന്നത് ഏറെ ശ്രദ്ധേയമാണ്. "നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയിച്ചുകൊൾവിൻ. നിർബന്ധത്താലല്ല, ദൈവത്തിന് ഹിതമാം വണ്ണം മനഃപൂർവ്വമായും ദുരാഗ്രഹത്തോടെയല്ല, ഉന്മേഷത്തോടെയും, ഇടവകളുടെമേൽ കർത്തൃത്വം നടത്തുന്നവരായിട്ടല്ല, ആട്ടിൻ കൂട്ടത്തിന് മാതൃകകളായിത്തീർന്നു കൊണ്ട് അദ്ധ്യക്ഷത ചെയ്‌വിൻ (1പത്രൊ:5:2-3)".

ഏതുമനുഷ്യനേയും ക്രിസ്തുവിൻ തികഞ്ഞവനാക്കുക (കൊലൊ:1:28) എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. ക്രിസ്തുവെന്ന തലയോളം വളുകയും മറ്റുള്ളവരെ വളർത്തുകയും ചെയ്യുക എന്നതാണ് ഒരു ക്രിസ്തു ശുശ്രൂഷകന്റെ ദൗത്യം. സ്വന്തം മക്കൾ തങ്ങളെക്കാൾ സകലത്തിലും വളർന്നു കാണുവാൻ നല്ലവരായ ഏതു മാതാപിതാക്കളും ആഗ്രഹിക്കും. മക്കളുടെ വളർച്ചയിൽ അവർ അഭിമാനിക്കുകയും ചെയ്യും. അതുപോലെ തന്നെ ഒരു സഭയിലെ വിശ്വാസികൾ വിശ്വാസത്തിലും കർത്താവിനോടുള്ള ഭക്തിയിലും സുവിശേഷീകരണത്തിലും ആത്മീക പക്വതയിലും വളർച്ച പ്രാപിക്കുക എന്നത് മാത്രമായിരിക്കണം പരിപാലക വൃന്ദത്തിന്റെ ലക്ഷ്യം. എന്നാൽ വളർത്തേണ്ടതിന് പകരം തളർത്തിയും, വളരുന്ന നാമ്പുകളെ നുള്ളിക്കളഞ്ഞും വിശ്വാസികളെ ആത്മിക പാപ്പരത്വത്തിലേക്ക് തള്ളിവിടുന്ന പ്രവണത പലയിടങ്ങളിലും കണ്ടുവരുന്നത് നിരാശാജനകമാണ്.

സഭകളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതി ഇക്കാലങ്ങളിൽ എവിടെയും സംസാര വിഷയമാണ്. ആനുകാലിക ക്രിസ്തീയ വാർത്ത മാധ്യമങ്ങളിൽ ഇത് ഏറെ ചർച്ച ചെയ്യപ്പെടുന്നുണ്ടെങ്കിലും, വേണ്ടതായ ഒരു ഫലം കാണുന്നതായി തോന്നുന്നില്ല.

എന്താണ് സഭാവളർച്ച? കേവലം സഭകളുടെ എണ്ണം കൂടുന്നതോ മാത്രമല്ല, ലോക്കൽ സഭയിലെ വിശ്വാസികളുടെ എണ്ണം കൂടുന്നതോ മാത്രമല്ല സഭാ വളർച്ച. അംഗങ്ങളുടെ വർദ്ധനവിനെക്കാൾ അവർ ആത്മീകമായി വളരുക എന്നതാണ് പ്രധാനം. ഭൂരിപക്ഷം ജഡികരായ ഒരു വലിയ സഭയേക്കാൾ, ആത്മീകരായ ചുരുക്കം പേരുള്ള ഒരു സഭയാണ് അഭികാമ്യം. ക്രിസ്തു സ്വഭാവമുള്ള, ആത്മീക പക്വതയുള്ള മാതൃക ജീവിതമുള്ള സുവിശേഷീകരണത്തിന്, പ്രാർത്ഥനയ്ക്കും താത്പര്യമുള്ള, ഗുണമേന്മയുള്ള എത്രവിശ്വാസികൾ ഒരു സഭയിലുണ്ട് എന്നതാണ് ആ സഭയുടെ വലിപ്പത്തിന്റെ മാനദണ്ഡം അല്ലാതെ അവരുടെ ബാങ്ക് ബാലൻസോ, ആൾബലമോ അല്ല.

ലോകത്തോട് ഇടകലരാതെ, വിശുദ്ധവും മാതൃകാപരവുമായ ഒരു ജീവിതശൈലിയാണ് വിശ്വാസികൾക്ക് ഉണ്ടായിരിക്കേണ്ടത്. വ്യക്തിപരമായ നേട്ടങ്ങൾക്കും വേണ്ടി സത്യവും നീതിയും കാറ്റിൽ പറത്തി, ന്യായത്തിന്റെ പക്ഷം ആരായാതെ, ന്യായം പറയുന്നവരെ പ്രതികാര ബുദ്ധിയോടെ "പാതാളത്തിലേക്ക് ചവിട്ടി താഴ്ത്തുന്ന" രീതി പെന്തെക്കോസ്തു ഗോളത്തിൽ പോലും കണ്ടുവരുന്നു. വിശുദ്ധി പ്രസംഗിച്ച യോഹന്നാന് നഷ്ടമായത് അവന്റെ ജീവനാണ്. സത്യത്തിനു നീതിക്കും വിശുദ്ധിക്കും വേണ്ടി നിലകൊള്ളുന്ന ഒരു സമൂഹമായി നമ്മുടെ സഭകൾ മാറട്ടെ.

ഒരു ആത്മീക തലമുറയെ വാർത്തെടുക്കാൻ നാം ശ്രമിക്കണം. രാഷ്ട്രീയ പാർട്ടികളെപ്പോലെ, നമുക്ക് വേണ്ടി 'ഇൻക്വിലാബ്' വിളിക്കുന്നവരെയല്ല, പ്രത്യുത, കർത്താവിനുവേണ്ടി ജീവൻ വരെ നൽകുവാൻ തയ്യാറുള്ള ഒരു തലമുറയാണ് നമുക്ക് വേണ്ടത്. ക്രിസ്തീയ മൂല്യങ്ങൾക്കുവേണ്ടി നിലക്കൊള്ളുന്ന ഒരു തലമുറയെ വാർത്തെടുക്കുവാൻ സഭകൾ പ്രതിജ്ഞ ബദ്ധരായിരിക്കണം.

ദുരുപദേശങ്ങളെ പൊറുക്കുന്നുവെന്നതാണ് സഭയ്ക്ക് സംഭവിച്ച മറ്റൊരു അപജയം. ദുരുപദേശങ്ങളെ തിരിച്ചറിഞ്ഞ്, അതിനെ തള്ളിക്കളയാനുള്ള ആത്മീക പക്വത ദൈവസഭയ്ക്ക് ഉണ്ടാകേണം.

ശരിയായ പിശാച് സഭയെ നശിപ്പിക്കുവാൻ തൊടുത്തു വിടുന്ന ആസൂത്രണങ്ങളെ മനസ്സിലാക്കി, വിശ്വാസമാകുന്ന പരിചയും, പ്രത്യവചനമാകുന്ന വാള്, സുവിശേഷീകരണത്തിനായുള്ള ഒരുക്കം കാലിന് ചെരിപ്പാക്കിയും, സത്യവും നീതിയും കൈമുതലാക്കി ഒരു ക്രിസ്തീയ പോരാട്ടത്തിനൊരുങ്ങാം. അതാണ് ക്രൈസ്തവ സഭയുടെ ദൗത്യം.

കണ്ടതും കേട്ടതും

# "അദ്ഭുതവാനരന്മാർ"

ജയ്മോഹൻ അതിരുങ്കൽ
9567759748

ഞാൻ കുട്ടിക്കാലത്തു വായിച്ച ഒരു നോവലാണ് "അദ്ഭുത വാനരന്മാർ". കെ.വി. രാമനാഥനെഴുതിയ ഒരു ശാസ്ത്രനോവലാ (science fiction)ണ്. പിന്നണി ഗായകനായ ജയച്ചന്ദ്രന്റെ അദ്ധ്യാപകൻ കൂടിയായ രാമനാഥനു പല പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഈ നോവലിന്റെ സാരാംശം ഇതാണ്: അപ്പുക്കുട്ടനും ഗോപിയും ഉറ്റചങ്ങാതിമാരാണ്, ബുദ്ധിമാന്മാരുമാണ്. സ്കൂളിൽ നിന്നു വിനോദയാത്ര പോയി മടങ്ങിവരുംവഴി അവരെ കാണാതാകുന്നു(ശാസ്ത്രജ്ഞനായ ഡോ. റാണ അവരെ പിടികൂടിയതാണ്). ഡോ.റാണ, അവരുടെ മനസ്സുകൾ (തലച്ചോറ്) കുരങ്ങന്മാരിലേക്കു പറിച്ചുനട്ടു. കുരങ്ങന്മാർക്ക് അപ്പുക്കുട്ടന്റെയും ഗോപിയുടെയും ബുദ്ധി ലഭിച്ചു. അവരെ ഉപയോഗിച്ചു പലകാര്യങ്ങളും ചെയ്യാനിരുന്നപ്പോഴാണ് അവർ രക്ഷപ്പെടുന്നത്. അവർ സ്കൂളിലെത്തി. പിന്നീടു പോലീസായി, കേസായി, എന്തിനധികം? ഡോ. റാണ കൊല്ലപ്പെടുകയും അതിനു മുമ്പ് അപ്പുക്കുട്ടന്റെയും ഗോപിയുടെയും ശരീരത്തിലേക്ക് പഴയ മാനുഷബുദ്ധി പ്രവേശിപ്പിക്കുകയും ചെയ്യുന്ന ശുഭാന്ത്യം. എല്ലാവർക്കും സന്തോഷമായി. ഒരിക്കലും നടക്കാൻ സാദ്ധ്യതയില്ലാത്ത കാര്യമാണു 'ശാസ്ത്രസങ്കല്പങ്ങളാ'യി അവതരിപ്പിക്കുന്നത്. അന്യഗ്രഹജീവികളും കടലിന്നടിയിൽ ജീവിക്കുന്ന മനുഷ്യരുമൊക്കെ കഥകളും നോവലുകളും സിനിമകളുമായി പുറത്തു വന്നിട്ടുണ്ട്. ഇപ്പോഴും ഇങ്ങനെയുള്ള വിഷയങ്ങൾക്ക് ആസ്വാദകർ കുറഞ്ഞിട്ടില്ല. 'മമ്മി'യാക്കപ്പെട്ട 'ഫറവോ'യെ, ജീവൻ നൽകി ഇരുപതാം നൂറ്റാണ്ടിലേക്കു മടക്കിക്കൊണ്ടു വരുന്ന ഒരു നോവൽ പണ്ടു വായിച്ചതോർക്കുന്നു. 'പൗരദ്ധ്വനി' വാരികയിലാണ് അതു തുടർച്ചയായി വന്നുകൊണ്ടിരുന്നത്. അഞ്ചു വർഷത്തെ വരിസംഖ്യ ഒരുമിച്ചു മുൻകൂറായി വാങ്ങിയ 'പൗരദ്ധ്വനി പ്രസിദ്ധീകരണങ്ങൾ' പെട്ടെന്നു പ്രസിദ്ധീകരണം അവസാനിപ്പിച്ചു മുങ്ങിക്കളഞ്ഞു - അനുജൻ അത്തിക്കയമായിരുന്നു പത്രാധിപർ. പണം മുടക്കിയവർക്ക് അതു തിരിച്ചുകിട്ടിയോയെന്ന് അറിഞ്ഞുകൂടാ!

അതിരിക്കട്ടെ, ഇവിടെ അദ്ഭുതവാനരന്മാരാണല്ലോ വിഷയം. വനത്തിൽക്കൂടി ചാടിച്ചാടിപ്പോയ അവർ നാട്ടിലെത്തിച്ചേർന്നു. സ്കൂളിലെത്തിയ അവർ അവരുടെ ക്ലാസിൽ കയറിയിരുന്നു. അദ്ധ്യാപകൻ വന്നു ഹാജർ വിളിച്ചപ്പോൾ, സ്വസ്ഥാനങ്ങളിൽ എഴുന്നേറ്റു നിന്നു. 'നിങ്ങൾക്കെന്തു പറ്റി മക്കളേ' യെന്ന് ഇടറിയ ശബ്ദത്തിൽ അദ്ധ്യാപകൻ ചോദിച്ചു. സംസാരശേഷിയില്ലാത്ത അപ്പുക്കുട്ടനും ഗോപിയും കാര്യങ്ങളൊക്കെ എഴുതിക്കാണിച്ചു. അങ്ങനെയാണ് എല്ലാം നന്നായി അവസാനിച്ചത്.

കുറെ വർഷങ്ങൾക്ക് മുമ്പ് 'അദ്ഭുതബാലന്മാർ' എന്ന പേരിൽ രണ്ടു കുട്ടികൾ പ്രസംഗിക്കാനുണ്ടായിരുന്നു. പാസ്റ്റർമാരെപ്പോലെ തോന്നിക്കുന്ന വസ്ത്രമൊക്കെ ധരിച്ച അവർ, 'സീയോനിലെ പാപികൾ പേടിക്കുന്നു' എന്നു പ്രസംഗിച്ചു പോന്നു. "തത്തമ്മേ പൂച്ച പൂച്ച" ശൈലിയിലെ പ്രസംഗം. ഇതിലെന്താണ് അദ്ഭുതം? ആ കുട്ടികൾക്കു പ്രായം കൂടുന്തോറും "അദ്ഭുതം" കുറഞ്ഞു കുറഞ്ഞു വന്നു. ഇപ്പോൾ അവരെക്കുറിച്ചു കേൾക്കാറുമില്ല! ഇരുപത്തഞ്ചുവയസ്സെങ്കിലുമായിക്കാണുമായിരിക്കും അവർക്കിപ്പോൾ. വിശ്വാസത്തിലുണ്ടോയെന്നു തിരക്കി നോക്കണം.




ഏതാനും വർഷം മുമ്പ് കൊട്ടാരക്കര ഭാഗത്തു നിന്ന് വേറൊരു അദ്ഭുതബാലൻ വന്നു. ഇതുപോലെ കുറെ പ്രസംഗിച്ചു. പ്രായം കൂടിവന്നപ്പോൾ അദ്ഭുതത്തിന്റെ കാറ്റു പോയി. മനഃപാഠം പഠിച്ച പ്രസംഗം അടിച്ചു വിടുന്നതാണോ അദ്ഭുതം? ഇതൊക്കെ കർത്താവിനു മാനമാണോ അപമാനമാണോ ഉണ്ടാകുന്നതെന്നു ചിന്തിക്കാനുള്ള ശേഷി നമുക്കില്ല. എഴുന്നള്ളിച്ചുകൊണ്ടു നടക്കുകയാണ്. ഈ കുട്ടികൾ രക്ഷിക്കപ്പെട്ടതാണോ, കർത്താവിനെക്കുറിച്ചും രക്ഷയെക്കുറിച്ചും നിത്യതയെക്കുറിച്ചും അവർക്കു വല്ലതുമറിയാമോ? ഇതൊന്നും ആരും തിരക്കുന്നില്ല! ആരു വന്നാലും അവരെ സ്വീകരിക്കും, എഴുന്നള്ളിക്കും, പണം കൊടുക്കും - ദീപസ്തംഭം മഹാശ്ചര്യമായിരിക്കുന്നു! അത്രതന്നെ.

അച്ചനും ബീവിയും പെന്തെക്കോസ്തിൽ വന്നു. അച്ചനെ പള്ളിയിൽ നിന്നു നടപടി ദൂഷ്യത്തിനു മുടക്കിയതാണോയെന്നു നമ്മൾ തിരക്കുന്നില്ല. അച്ചനല്ലേ, ഇരിക്കട്ടെ. ചർച്ച് ഓഫ് ഗോഡ് തിരുവല്ലാ ജനറൽ കൺവൻഷനിൽ വേറൊരച്ചൻ വന്നു - ഉടനെ അച്ചനു സാക്ഷ്യം പറയാൻ അവസരം കൊടുത്തു. അച്ചൻ തട്ടിപ്പുകാരനാണെന്നറിയുന്ന ഒരു പാസ്റ്റർ സ്ഥലത്തുണ്ടായിരുന്നു. അദ്ദേഹം മിണ്ടിയില്ല. മിണ്ടിയാൽ അദ്ദേഹത്തെ നമ്മുടെ യാളുകൾ ശരിയാക്കിക്കളഞ്ഞേനെ. കാരണം, നമുക്കൊരച്ചനെ കിട്ടിയിരിക്കുകയാണ്. ഇപ്പോൾ, അച്ചൻ കട്ടയും പടവുമെടുത്തു കൊണ്ട് സ്ഥലം വിട്ടു! 'നായരാണ്, നമ്പൂതിരിയാണ്' എന്നൊക്കെപ്പറഞ്ഞുകൊണ്ട് ശ്രീമതി ലേഖയൊക്കെ വാക്ചാതുര്യത്തോടെ സാക്ഷ്യം പറയുന്നുണ്ട് - കേട്ടിരിക്കാൻ നല്ലതാണ്; സത്യമാണെങ്കിലൊന്ന് ആഗ്രഹിക്കുകയാണ്. സത്യമാണെങ്കിൽ കുഴപ്പമില്ല; കള്ളം പറയരുത്. അച്ഛനെ ആർ. എസ്. എസുകാർ കൊന്നതാണെന്നൊക്കെപ്പറയുമ്പോൾ എന്തോ ഒരു വൈമനസ്യമുണ്ട് - വിശ്വസിക്കാൻ. മരിച്ചുപോയ ഒരുപദേശി കള്ളം പറഞ്ഞപ്പോൾ, ചോദ്യം ചെയ്തവരോടു പറഞ്ഞു "നീ പോടാ, ഞാനെന്റെ കർത്താവിനു വേണ്ടിയാ കള്ളം പറയുന്നത്". കർത്താവിനുവേണ്ടി കള്ളം പറഞ്ഞാൽ കർത്താവു പിടിക്കും - കാട്ടാക്കടക്കാരനെയും ബീവിയെയുമെല്ലാം കർത്താവു പിടിച്ചു. 'സത്യത്തിന്റെ റ്റോർച്ച്'ടിച്ചു കൊണ്ടാണു കള്ളം പറയുന്നത്.

ഇതു സാന്ദർഭികമായി എഴുതിയതാണ്. 'അദ്ഭുതബാലന്റെ' പരിപാടിയൊന്നും ദൈവികമല്ല. നമ്മളല്ല ഇത് അദ്ഭുതമാണെന്നു പറയേണ്ടത്; മറ്റുള്ളവരാണ്. കാണാപ്പാഠം പഠിക്കാൻ കഴിവുണ്ടെങ്കിൽ "അദ്ഭുതബാലന്മാർ" ഇനിയുമുണ്ടാകും. നമ്മൾ അദ്ഭുതബാലന്മാരെ ഇറക്കിയപ്പോൾ മുസ്ലീങ്ങളും അദ്ഭുതബാലനെ അവതരിപ്പിച്ചു. പുനലൂർ ചന്തയിൽ ഒരു ബാനർ കെട്ടിയിരിക്കുന്നതു കണ്ടു - "അദ്ഭുതബാലൻ പ്രസംഗിക്കുന്നു". ബ്രായ്ക്കറ്റിൽ 17 വയസ്സ് എന്നു കൂടിയുണ്ട്! പതിനേഴുകാരൻ പ്രസംഗിക്കുന്നത് അദ്ഭുതമാണോ?

ഇതാ, നല്ല ഉഗ്രൻ അദ്ഭുതങ്ങളിൽ ചിലത്: ഏഴു വയസ്സിൽ മരിച്ചുപോയ എഡ്മണ്ട് ജോസഫ് ക്ലിന്റെ - പതിനായിരത്തിലധികം (?) ചിത്രങ്ങളാണു വരച്ചത്. അതും ഒരു പരിശീലനവുമില്ലാതെ! മുട്ടിലിഴയുന്ന പരുവത്തിൽത്തന്നെ ചിത്രങ്ങൾ വരയ്ക്കുമായിരുന്നു.

ക്ലിന്റ് പഠിക്കുമ്പോൾ, സ്കൂളധ്യാപികയായ കന്യാസ്ത്രീ ക്ലിന്റിനോടു ചോദിച്ചു: "മോൻ വളരുമ്പോൾ ആരെയാ കല്യാണം

04

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 08, ISSUE 24

BELIEVERS JOURNAL

PUBLISHED ON 25/12/2015

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Posted at RMS Thiruvalla

Annual Sub.
₹ 150

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17

# അന്ത്യകാലത്ത് ലോകത്തിന് എന്ത് സംഭവിക്കും



ഷൈജു തോമസ് ഞാറയ്ക്കൽ
9447313709

**2) ആത്മീയ ലക്ഷണം:-** കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും ദുരുപദേശകരും ജനത്തെ വഞ്ചിക്കുവാൻ ലോകത്തിലേക്ക് പുറപ്പെട്ടിരിക്കുന്നു ഇന്ന് ലോകത്തിൽ സംഭവിക്കുന്ന ഭീകര സംഭവങ്ങൾ നിമിത്തം ജനങ്ങളുടെ മനസ്സിൽ ഭീതി ഉളവായിരിക്കുന്നു. അതിനാൽ ആത്മീയതയുടെ പാതയിലേക്ക് ജനങ്ങൾ തിരിഞ്ഞ് തുടങ്ങിയതിനാൽ ലോകത്തിൽ ഏതാനും വർഷം കൊണ്ട് വൻതോതിൽ വളർന്നുവരുന്ന ഒരു വ്യവസായമാണ് ഭക്തി വ്യവസായം. 'ഇൻസ്റ്റന്റ്' അൽഭുത രോഗശാന്തി എന്ന തട്ടിപ്പിലൂടെ ദീർഘകാലമായി മാറാത്ത രോഗങ്ങൾ നിമിഷനേരം കൊണ്ട് മാറ്റുന്ന അൽഭുത വിദ്യ പലപ്പോഴും നമ്മുടെ സാമാന്യ ബുദ്ധിയെ ചോദ്യം ചെയ്യുകയും ശാസ്ത്രത്തെ വെല്ലുവിളിക്കുകയും ചെയ്യുന്നു. ദൈവീകപരിവേഷത്തിന്റെ അകമ്പടിയുള്ളതുകൊണ്ട് ഇത് ചോദ്യം ചെയ്യപ്പെടാതെയും ഇരിക്കുന്നു.

**3) സാമൂഹിക ലക്ഷണം:-** ലോകം വിരിച്ചു വെച്ച നിരീക്ഷണ വലയത്തിന് പുറത്ത് കടക്കാനാവാത്ത വിധം സ്വകാര്യതകൾ കണ്ടെത്തി വ്യക്തിഹത്യ ചെയ്യുന്ന കാലത്ത് ആരാണ് നമ്മൾ എന്ന ചോദ്യം പ്രസക്തമാണ്. കമനുഷ്യരിൽ കുടികൊള്ളുന്ന അസാന്മാർഗിക വാസനകളെ സ്വയം ഉത്തേജിപ്പിക്കാൻ ഈ സമൂഹവും ഭാഗഭാക്കാവുന്നുണ്ട്. ഏവർക്കും തിന്മകൾക്ക് പ്രേരണ നൽകുന്നത് അവൻ ജീവിക്കുന്ന സാമൂഹികാന്തരീക്ഷമാണ്.പരസ്പരം കലാപങ്ങളുണ്ടാക്കി രക്തപങ്കിലമായ തെരുവുകൾ സൃഷ്ടിച്ച് സമൂഹത്തെയും കുടുംബത്തെയും സമ്പൂർണ്ണമായി മറന്ന് അരാഷ്ട്രീയതയുടെ നിഴലിൽ ജീവിക്കുകയാണ് ഇന്നത്തെ ലോകം. കുടുംബം മുതൽ രാഷ്ട്രം വരെ നീണ്ടുനിൽക്കുന്ന സാമൂഹിക ചങ്ങലകളിൽ ഒന്നും അത്രമാത്രം സുഖകരമല്ലാത്ത വരവാണറിയിക്കുന്നത്. സുഖലോലുപത മനുഷ്യനെ പാടെ വിഴുങ്ങിയിരിക്കുന്നു. കഷ്ടപ്പാടുകളെ ക്ഷമയോടെ നിയന്ത്രിക്കാനോ യുക്തിയോടെ സമീപിക്കാനോ സുഖലോലുപത മനുഷ്യനെ അനുവദിക്കുന്നില്ല. അങ്ങനെയാണ് കൊലയാളികളുടെയും മോഷ്ടാക്കളുടെയും ലോകം അനാവൃതമാകുന്നത്. തന്റെ ഇംഗിതങ്ങൾക്ക് കീഴ്പ്പെടാത്തവരെ അരും കൊല നടത്തുകയോ ചുരുങ്ങിയത് മാനസിക പീഢനങ്ങളേൽപിച്ച തടവറ നൽകുകയെങ്കിലും ചെയ്യാതിരിക്കാൻ ആധുനിക മനുഷ്യനാവില്ല. മദ്യവും ലഹരിയും നൽകുന്ന അതിരുവിട്ട ആസക്തി അവനെ മൃഗതുല്യനാക്കുന്നു. സാമൂഹിക ബോധം പൂർണ്ണമായും നിരാകരിച്ച ആർഭാടങ്ങളുടെയും ധൂർത്തിന്റെയും വഴി തേടി ഉലകം ചുറ്റുന്നവർക്ക് സമൂഹത്തോട് അൽപം പോലും നീതി പുലർത്താനാവില്ല. രക്തരൂക്ഷിതമായ രാഷ്ട്രീയ പരിസരവും അധികാര മോഹത്തിന്റെ നേതൃവലയവും സ്വാർത്ഥതയുടെ സവർണ്ണ ഭൂമികയിലേക്ക് ആനയിക്കുകയാണ്. ഇത് ഒരു കാലത്ത് മനുഷ്യ സമൂഹത്തിന് ചിന്തിക്കുവാൻ കഴിഞ്ഞിരുന്നതല്ല.



**4) പ്രകൃതിയിലെ ലക്ഷണം:-** ഈ ഈ പ്രകൃതിയുമായി ബന്ധപ്പെട്ട് അനേക ലക്ഷണങ്ങൾ വേദപുസ്തകത്തിലുണ്ട് അതിന്റെ പൂർത്തികരണം നമുക്ക് കാണാൻ കഴിയുന്നു. മനുഷ്യന്റെ വിവേചനരഹിതമായ പ്രവൃത്തികൾ പരിസ്ഥിതിയുടെ സന്തുലനത്തിന് ദോഷമുണ്ടാക്കുന്നു. ഇത് മനുഷ്യന്റെ നിലനിൽപ്പിനു തന്നെ ഭീഷണിയാകുന്നു. അനേകം ജീവികൾ ഒരുമിച്ചു വസിക്കുന്ന മനോഹരസ്ഥലമാണ് നമ്മുടെ ഭൂമി. ജീവനുള്ളവയെയും ജീവനില്ലാത്തവയെയും ഒരുപോലെ സംരക്ഷിക്കേണ്ടത് നിലനിൽപ്പിന് അത്യാവശ്യമാണ്. സൂര്യനില്ലാതെ ഒരു ദിവസം പോലും നമുക്ക് ജീവിക്കാൻ കഴിയില്ല. ഭൂമിയിലെ സർവചരാചരങ്ങൾക്കും സൂര്യപ്രകാശമില്ലാതെ ജീവിക്കാൻ പറ്റാത്ത അവസ്ഥയാണ്. എന്നാൽ സൂര്യൻ ഇപ്പോൾ ഭൂമിക്ക് ഭീഷണി ഉയർത്തുന്നുവെന്നാണ് പഠനങ്ങൾ. സൂര്യന്റെ ക്രമാതീതമായ ചൂടാണ് പുതിയ അപകടാവസ്ഥ സൃഷ്ടിക്കുന്നത്. ഒരു വൻ ദുരന്തത്തിനു തന്നെ ഇതു വഴിവെക്കുന്നു. സൂര്യന്റെ ഉഗ്രമായ ചൂട് മൂലമുണ്ടാകുന്ന തീക്കാറ്റ് ഭൂമിയിൽ വൈദ്യുതി പ്രവാഹത്തിനു കാരണമാകുന്നു എന്നാണ് ഗവേഷകർ വ്യക്തമാക്കുന്നത്.വൈദ്യുതി ലൈനുകൾക്ക് തകരാറുകൾ സംഭവിക്കാൻ ഇതു കാരണമാകുമെന്നും പഠനം. സോളാർ മാക്സ് എന്ന അന്താരാഷ്ട്ര സംഘടനയുടെ പ്രവർത്തകനായ ആഷ്‌ലി ഡേലാണ് സൂര്യനിലെ ചൂട് ഭൂമിക്ക് വലിയ ഭീഷണിയായി മാറുന്നുവെന്ന കണ്ടെത്തൽ നടത്തിയത്. സൂര്യാഘാതത്തിന്റെ ഭവിഷത്തുകൾ നിയന്ത്രിക്കാനുള്ള പരിശ്രമങ്ങൾ ഉടൻ തന്നെ സംഘടന തുടങ്ങുകയും ചെയ്തു. ചൂട് കൂടിയാൽ ഗതാഗത സംവിധാനങ്ങളും വൈദ്യുതി ബന്ധവുമടക്കം മുഴുവൻ സംവിധാനങ്ങളും നശിക്കുമെന്നും പഠനം പറയുന്നു.

യേശുക്രിസ്തുവിന്റെ വരവടുത്തോ അന്ത്യനാളുകൾ സമാഗതമായോ എന്നറിയുന്നതിനുള്ള ആകാംക്ഷയിലാണ് ഭൂമുഖത്തെ ജനങ്ങൾ. എന്നും മനുഷ്യന്റെ ചിന്തകൾക്കും ചർച്ചകൾക്കും തീപിടിപ്പിച്ചിട്ടുള്ള വിഷയമാണ് ലോകാവസാനം. മതഗ്രന്ഥങ്ങളിലുൾപ്പെടെ ലോകാവസാനത്തെ പറ്റിയുള്ള വിവരണങ്ങളും നൽ

04

ഇന്ത്യാ ബൈബിൾ കോളജ് & സെമിനാരി / ഹെബ്രോൻ ബൈബിൾ കോളജ്

പൂർവ്വ വിദ്യാർത്ഥി സമ്മേളനം

സ്ഥലം:
ഐ. ബി. സി. ലൈബ്രറി ഹാൾ ഹെബ്രോൻപുരം, കുമ്പനാട്
സമയം:
2016 ജനുവരി 20 ബുധൻ 2 പി. എം. – 4 പി. എം.

ഇന്ത്യാ ബൈബിൾ കോളജ് & സെമിനാരി/ ഹെബ്രോൻ ബൈബിൾ കോളജ് പൂർവ്വ വിദ്യാർത്ഥികളുടെ വാർഷിക സമ്മേളനം 2016 ജനുവരി 20 ബുധൻ 2 പി. എം. - 4 പി. എം. വരെ കുമ്പനാട് ഇന്ത്യാ ബൈബിൾ കോളജ് ലൈബ്രറി ഹാളിൽ നടക്കും. വിവിധ ശുശ്രൂഷാമേഖലകളിൽ ശോഭിക്കുന്ന പൂർവ്വവിദ്യാർത്ഥികളെയും മുതിർന്ന ദൈവദാസന്മാരെയും ഈ സമ്മേളനത്തിൽ ആദരിക്കും. എല്ലാ പൂർവ്വ വിദ്യാർത്ഥികളും ഇത് ഒരു ക്ഷണക്കത്തായി കരുതി സമ്മേളനത്തിൽ പങ്കെടുക്കുവാൻ അഭ്യാർത്ഥിക്കുന്നു. കോളജ് ഡയറക്ടർ റവ. റ്റി. വത്സൻ ഏബ്രഹാം മുഖ്യപ്രഭാഷണം നടത്തും.

പാസ്റ്റർ ജേക്കബ് വർക്കി പ്രസിഡന്റ്, പാസ്റ്റർ സാംകുട്ടി മാത്യു ജനറൽ സെക്രട്ടറി
0469 2664355, 0469 2664075, 9447368795

# യുണൈറ്റഡ് പെന്തെക്കോസ്തൽ ഫെലോഷിപ്പ് കൺവൻഷൻ

**സൂററ്റ്:** യുണൈറ്റഡ് പെന്തെക്കോസ്തൽ ഫെലോഷിപ്പ് സൂററ്റിന്റെ 16-മത് വാർഷിക കൺവൻഷനും സംയുക്ത ആരാധനയും 2016 ജനവരി 14 മുതൽ 17 വരെ രാജശ്രീ ഹാൾ, നവസാരി ബജാർ, സൂററ്റിൽ വെച്ച് നടത്തപ്പെടുന്നതായിരിക്കും. പ്രസ്തുത ആത്മീയ സംഗമത്തിൽ പാസ്റ്റർ തോമസ് ഫിലിപ്പ്(കേരളം) മുഖ്യ പ്രഭാഷകനായിരിക്കും. സിസ്റ്റർ പെർസിസ് ജോൺ(ന്യൂ ഡൽഹി) യുപിസിഎഫ് ക്വയർ ഗാന ശുശ്രൂഷയ്ക്ക് നേതൃത്വം നല്കും. പാസ്റ്റർമാരായ രാജു കെ. തോമസ്, ജോൺ മാത്യു, ജേക്കബ് ഫിലിപ്പ്, പോൾ ചാണ്ടി, ബ്രദർ മാത്യൂ സി. ഏബ്രഹാം, ബ്രദർ വർഗ്ഗീസ് കെ.ഫിലിപ്പ് എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ കൺവൻഷൻ കമ്മിറ്റി പ്രവർത്തിക്കുന്നു.

# കോർണർ സ്റ്റോൺ ഡാളസ് – 2016

● ഫിന്നി സാം ഡാളസ്

**ഡാളസ്:** പെന്തെക്കോസ്ത് അമേരിക്കൻ മലയാളികളുടെ ആത്മീക സംഗമമായ പി.സി.എൻ.കെ-യുടെ ആഭിമുഖ്യത്തിൽ 2016 ജനുവരി 10-ന് വൈകിട്ട് ആറു മുതൽ എട്ടുവരെ ഐ.പി.സി ഹെബ്രോൺ ഡാളസിൽ വച്ച് കോർണർ സ്റ്റോൺ ഡാളസ് 2016 എന്ന പേരിൽ സംഗീത നിശ നടക്കും. ഡാളസിൽ ഉള്ള വിവിധ സംഗീത ഗ്രൂപ്പുകൾ ഈ സംഗീത നിശയിൽ പങ്കെടുക്കും. റവ. കെ.സി.ജോൺ, ഷാജി മണിയാറ്റ്, വെസ്ലി മാത്യു എന്നിവർ നയിക്കുന്ന പി.സി.എൻ.കെയുടെ ലോക്കൽ കമ്മിറ്റി ഈ പ്രത്യേക സംഗീതനിശയ്ക്ക് നേതൃത്വം നല്കും. 2016 ജൂൺ 30 മുതൽ ജൂലൈ 3 വരെ ആഡിസൺ റ്റെക്സാസിലെ ഡാളസ് പാർക്ക്‌വേയിൽ ഉള്ള ഇന്റർ കോണ്ടിനെന്റൽ ഹോട്ടലിൽ വെച്ച് നടത്തപ്പെടുന്ന പി.സി.എൻ.കെയുടെ പ്രമോഷണൽ മീറ്റിംഗിന്റെ ഭാഗമായിട്ടാണ് ഈ പ്രത്യേക സംഗീതനിശ സംഘടിപ്പിച്ചിരിക്കുന്നത്. റവ. ഷാജി.കെ.ദാനിയേൽ(നാഷണൽ കൺവീനർ), റ്റിജു തോമസ്(നാഷണൽ സെക്രട്ടറി), തോമസ് വർഗീസ്(നാഷണൽ ട്രഷറർ) എന്നിവർ നാഷണൽ കമ്മിറ്റിക്ക് നേതൃത്വം നല്കുന്നു. 2016-ൽ നടക്കുന്ന പി.സി.എൻ.കെയുടെ ചരിത്രത്തിലെ ഒരു നാഴിക കല്ലായിരിക്കും ഈ പ്രത്യേകഗാനനിശ എന്ന് ലോക്കൽ പബ്ലിസിറ്റി കൺവീനർ ഫിന്നി സാം അറിയിച്ചു.

BELIEVERS JOURNAL
Kandamkeril Bldg,
Kumbanad P. O., Thiruvalla - 689 457

Please Visit Us
Website:
www.beljourn.com

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.